# ട്രേഡ് യൂണിയൻ

ഏപ്രിൽ 2024









# ആദരാഞ്ജലികൾ



**സ. അതുൽ കുമാർ അഞ്ജാൻ**

**(1955 –2024)**

ട്രേഡ് യൂണിയൻ
2024 ഏപ്രിൽ
വാല്യം: 47 ലക്കം: 04





5 സഖാവ് അതുൽ കുമാർ അഞ്ജാൻ
കെ പി രാജേന്ദ്രൻ

7 ബി.ജെ.പിയെ പരാജയപ്പെടുത്തുക – രാജ്യത്തേയും ജനതയേയും രക്ഷിക്കുക
അമർജിത് കൗർ

11 പൗരത്വ ഭേദഗതി നിയമം മതനിരപേക്ഷതക്ക് എതിരാകുന്നതെങ്ങനെ?
പ്രൊഫ. ജി. മോഹൻ ഗോപാൽ

15 ദാരിദ്ര്യം കുറഞ്ഞുവെന്ന വാദം അടിസ്ഥാന രഹിതം
പ്രഭാത് പട്നായിക്ക്

17 ഭൂരഹിതരില്ലാത്ത കേരളം സാധ്യമോ...?
ആർ അനിൽകുമാർ

19 ഇന്ത്യൻദേശീയതയുടെ വളർച്ച
വി.എസ്. ജയനാരായണൻ

21 മേയ് ദിനം – പോരാട്ട പാതയിൽ വെളിച്ചം വിതറുന്ന ദീപസ്തംഭം

25 ഈ മേയ്ദിന റാലി പോരാട്ടത്തിന്റെ തുടക്കം മാത്രം
ജെന്നി ജൂലിയ എലേനോർ മാർക്സ്

26 മേയ്ദിനത്തിന്റെ ഉത്ഭവം
റോസ ലക്സംബർഗ്

28 തൊഴിലിടങ്ങളിലെ അപകടങ്ങൾ ലാഭേച്ഛയുടെ തെളിവുകൾ

29 തളരുന്ന തൊഴിൽ മേഖല; വളരുന്ന തൊഴിലില്ലായ്മ

32 വ്യാജം വിളമ്പുന്ന പ്രധാനമന്ത്രിയും യാഥാർത്ഥ്യവും


വിലാസം :
എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ ഓഫീസ്,
പി.എസ് സ്മാരകം, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം 4. ഫോൺ : 0471 2443634, 2441579
ഇമെയിൽ: aituckerala@gmail.com

ചീഫ് എഡിറ്റർ: കെ.പി. രാജേന്ദ്രൻ.
എഡിറ്റർ : ആർ. പ്രസാദ്. മാനേജർ : ആർ. സജിലാൽ
പത്രാധിപസമിതി: റ്റി.ജെ. ആഞ്ചലോസ്, സി.പി. മുരളി, കെ.പി. ശങ്കരദാസ്, എം.പി. ഗോപകുമാർ, കവിതാ രാജൻ, സംഗീതാ ഷംനാദ്, മുകേഷ് എം.
കവർ ഡിസൈൻ, ലെഔട്ട്: അനീഷ് കെ.പി.

## DEPARTMENT OF ECONOMICS & STATISTICS

No.DES/1251/2024-P3(1) Thiruvananthapuram, 08/04/2024

### Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of February 2024

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | January 2024 | February 2024 | January 2024 | February 2024 |
| 1 | Thiruvananthapuram | 2.11 | 202 | 203 | 426 | 428 |
| 2 | Kollam | 2.09 | 195 | 197 | 408 | 412 |
| 3 | Punalur | 2.10 | 196 | 196 | 412 | 412 |
| 4 | Pathanamthitta | 2.03 | 208 | 210 | 422 | 426 |
| 5 | Alappuzha | 2.05 | 198 | 199 | 406 | 408 |
| 6 | Kottayam | 2.08 | 206 | 207 | 428 | 431 |
| 7 | Mundakayam | 2.17 | 201 | 202 | 436 | 438 |
| 8 | Idukki | 1.97 | 202 | 201 | 398 | 396 |
| 9 | Ernakulam | 2.03 | 197 | 198 | 400 | 402 |
| 10 | Chalakkuddy | 2.00 | 216 | 218 | 432 | 436 |
| 11 | Thrissur | 1.87 | 209 | 210 | 391 | 393 |
| 12 | Palakkad | 2.09 | 193 | 193 | 403 | 403 |
| 13 | Malappuram | 2.00 | 198 | 200 | 396 | 400 |
| 14 | Kozhikode | 2.02 | 207 | 209 | 418 | 422 |
| 15 | Wayanad | 1.93 | 199 | 200 | 384 | 386 |
| 16 | Kannur | 2.02 | 208 | 209 | 420 | 422 |
| 17 | Kasargod | 2.05 | 211 | 213 | 433 | 437 |

* Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of February 2024 as ascertained by the Director General of Economics & Statistics under clause (C) of Section 2 of the Act.


Department of Economics & Statistics
Thiruvananthapuram, Dated 08/04/2024

**Sd/-**
**Sreekumar. B**
**Director (Full Additional Charge)**

**Website: www.ecostat.kerala.gov.in**
**Email: ecostatprice@gmail.com**

Copyright 2017 Department of Economics & Statistics

കെ പി രാജേന്ദ്രൻ
സംസ്ഥാന ജനറൽ സെക്രട്ടറി
എ.ഐ.ടി.യു.സി.



# സഖാവ് അതുൽ കുമാർ അഞ്ജാൻ



ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്ര സെക്രട്ടറിയേറ്റ് അംഗവും ഓൾ ഇന്ത്യ കിസാൻ സഭ ജനറൽ സെക്രട്ടറിയുമായ സഖാവ് അതുൽ കുമാർ അഞ്ജാൻ മേയ് 3-ന് പുലർച്ചെ നിര്യാതനായി. കഴിഞ്ഞ കുറച്ചു മാസങ്ങളായി രോഗബാധിതനായി ലക്നോവിലെ ആശുപത്രിയിലും വീട്ടിലുമായി സഖാവ് വളരെ ബുദ്ധിമുട്ട് അനുഭവിച്ച് വരികയായിരുന്നു. തന്റെ രോഗം മാരകമാണെന്ന് അറിയാമായിരുന്നിട്ടും സഖാവിന്റെ മനസ്സിലും ചിന്തയിലും എല്ലാം നിറഞ്ഞു നിന്നിരുന്നത് പ്രസ്ഥാനമായിരുന്നു. അസുഖം അൽപം ഭേദപ്പെടുമ്പോൾ കൂടുതൽ ഊർജ്ജസ്വലനായി സമരമുഖങ്ങളിൽ അദ്ദേഹം ഓടിയെത്തുന്ന കാഴ്ചയാണ് കണ്ടിരുന്നത്. പ്രസ്ഥാനത്തോടുള്ള പ്രതിബദ്ധതയും വിഷയങ്ങളിലും പ്രശ്നങ്ങളിലും ഉള്ള നിശ്ചയദാർഢ്യത്തോടെ കൂടിയ ഇടപെടലുകളും എന്നും സഖാവിന്റെ പ്രത്യേകതകളായിരുന്നു.

സഖാവുമായി എനിക്ക് ദീർഘകാലത്തെ ബന്ധമുണ്ട്. 1975-76 കാലം മുതൽ എ.ഐ.എസ്.എഫ് പ്രവർത്തകരായി ഞങ്ങൾ ഒന്നിച്ചുണ്ട്. അദ്ദേഹം ഉത്തർപ്രദേശ് സംസ്ഥാന പ്രസിഡണ്ടും ജനറൽ സെക്രട്ടറിയുമായി പ്രവർത്തിക്കുമ്പോൾ ഞാനും സഖാവ് ബിനോയ് വിശ്വവും കേരളത്തിലെ എ.ഐ.എസ്.എഫിന്റെ പ്രധാന ചുമതലക്കാരായിരുന്നു.

അതിനു മുൻപും സഖാവ് അതുൽ ഞങ്ങളെ ആകർഷിച്ചിരുന്നു. സഖാക്കൾ ശംഭുശരൺ ശ്രീവാസ്തവ പ്രസിഡന്റും അസീസ് പാഷാ ജനറൽ സെക്രട്ടറിയുമായിരുന്നപ്പോൾ എ.ഐ.എസ്.എഫ്. നേതൃത്വത്തിലേക്ക് കടന്നു വന്നവരാണ് സഖാക്കൾ അതുൽകുമാർ അഞ്ജാനും അമർജീത്കൗറും. 1975-ൽ കൊച്ചിയിൽ വച്ച് എ.ഐ.എസ്.എഫ്-എ.ഐ.വൈ.എഫ് സംയുക്ത ദേശീയ സമ്മേളനത്തിൽ വച്ചാണ് സഖാവ് അതുലിനെ ഞാൻ ആദ്യമായി കാണുന്നത്. അടിയന്തരാവസ്ഥക്കാലം. യുവജന വിദ്യാർഥി സഖാക്കൾ രാജ്യമാസകലം അടിയന്തരാവസ്ഥ യിലെ ഭീകരതക്കതിരേയും ജനാധിപത്യ വിരുദ്ധ നടപടികൾക്കെതിരേയും ശക്തമായ പ്രക്ഷോഭങ്ങൾ നടത്തി വന്നിരുന്ന കാലമായിരുന്നത്. കൊച്ചി സമ്മേളനത്തിലേക്കുള്ള എ.ഐ.എസ്.എഫ് പതാക ജാഥയ്ക്ക് ഞാനാണ് നേതൃത്വം കൊടുത്തിരുന്നത്. കൊച്ചി സമ്മേളനം ഗംഭീരമായിരുന്നു. സഖാക്കൾ സി.കെ.ചന്ദ്രപ്പൻ, സുധാകർ റെഡ്ഢി, അസീസ് പാഷ, ശംഭുശരൺ ശ്രീവാസ്തവ തുടങ്ങിയ അഖിലേന്ത്യാ നേതാക്കളാണ് ആ സമ്മേളനത്തെ നയിച്ചത്. കേരള ഡെലിഗേഷനിൽ സഖാക്കൾ തോപ്പിൽ ഗോപാലകൃഷ്ണൻ, കാനം രാജേന്ദ്രൻ, എം.നസീർ, കെ.ബാലകൃഷ്ണൻ, ഗിരിജ സി.ജോർജ്ജ്, കെ.എം.അബ്ദുൽ ഖാദർ, മജ്നു കോമത്ത് തുടങ്ങിയ നേതാക്കളാണ് നയിച്ചിരുന്നത്. ഡൽഹിയിൽ നിന്ന് അമർജിത് കൗറും ഫ്രാൻസിസും യുപിയിൽനിന്ന് അതുൽകുമാർ അഞ്ജാനും തുടങ്ങി വലിയൊരു നേതൃനിര ആ സമ്മേളനത്തിൽ പങ്കെടുത്തു. കൊച്ചി സമ്മേളനത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രസംഗം അതുൽകുമാർ അഞ്ജാന്റേതായിരുന്നു. യൂണിവേഴ്സിറ്റി വിദ്യാർത്ഥി യൂണിയൻ നേതാവായ സഖാവ് അതുൽകുമാർ അഞ്ജാൻ യുപിയിലെ ഏറ്റവും ശക്തനായ തീപ്പൊരി പ്രാസംഗികനും സമര പോരാളിയുമായിരുന്നു.

ലുധിയാനയിൽ നടന്ന ദേശീയ സമ്മേളനത്തിൽ വച്ചാണ് സഖാവ് അതുൽ എ.ഐ.എസ്.എഫിന്റെ ദേശീയ പ്രസിഡന്റ് ആകുന്നത് പ്രസ്തുത സമ്മേളനത്തിൽ വച്ച് തന്നെയാണ് അമർജീത് കൗർ ജനറൽ സെക്രട്ടറിയാകുന്നതും. കേരള സംസ്ഥാന കമ്മിറ്റി പ്രസിഡന്റ് സഖാ

വ് ബിനോയ് വിശ്വവും ജനറൽ സെക്രട്ടറി ഞാനുമായിരുന്നു. അന്നു തുടങ്ങിയ ബന്ധമാണ് അതുലുമായി എനിക്കുള്ളത്. സഖാക്കളോടും സഹപ്രവർത്തകരോടും കാണിച്ചിരുന്ന സ്നേഹവും ബഹുമാനവും അതുലിന്റെ പ്രത്യേകതയായിരുന്നു. വിവിധ ഭാഷകൾ നന്നായി കൈകാര്യം ചെയ്യാനുള്ള അസാമാന്യമായ കഴിവുള്ള ഉജ്ജ്വലനായ പ്രാസംഗികനുമായിരുന്നു അദ്ദേഹം. കേരളത്തിൽ എത്രയോ പ്രാവശ്യം സഖാവ് വന്നിട്ടുണ്ട്. മിക്കവാറും എല്ലാ ക്യാമ്പസുകളിലും സഖാവ് പ്രസംഗിച്ചിട്ടുണ്ട്. സഖാവിന്റെ പ്രസംഗം കേൾക്കാൻ വിദ്യാർഥികളും അധ്യാപകരും തിങ്ങിക്കൂടുമായിരുന്നു.

സഖാവിനോടൊപ്പമുള്ള യാത്രകളെല്ലാം രസകരമായ അനുഭവങ്ങളാണ്. രാജ്യത്തിന്റെ ചരിത്രം സ്വാതന്ത്ര്യസമര ചരിത്രം, ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച, കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും തൊഴിലാളി കർഷക പ്രസ്ഥാനത്തിന്റേയും തീഷ്ണമായ സമരാനുഭവങ്ങൾ എന്നിവയിലെല്ലാം സഖാവിന് ആഴത്തിലുള്ള അറിവും രാഷ്ട്രീയ കാഴ്ചപ്പാടും ഉണ്ടായിരുന്നു. അതെല്ലാം ഞങ്ങളോട് സരസമായി വിവരിക്കുമായിരുന്നു. ആരേയും ആകർഷിക്കുന്ന ഒട്ടേറെ സ്വഭാവ വിശേഷങ്ങൾ ഉള്ള പ്രിയപ്പെട്ട വിദ്യാർത്ഥി നേതാവായിരുന്നു അദ്ദേഹം. ഒട്ടേറെ വിദ്യാർത്ഥി സമരങ്ങൾക്ക് നേതൃത്വം കൊടുത്ത അതുൽ ദീർഘകാലം ജയിൽവാസം അനുഭവിച്ചു. സഖാവിന്റെ സമര തീഷ്ണത ആളിക്കത്തിക്കാൻ പോന്നതായിരുന്നു ഈ പ്രക്ഷോഭങ്ങളെല്ലാം.

അതുലിന്റെ അച്ഛൻ സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു. ഡോക്ടർ എന്ന നിലയിൽ ആതുര ശുശ്രൂഷയിൽ ശ്രദ്ധിക്കുമ്പോഴും അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളുമെല്ലാം സ്വാതന്ത്ര്യസമരവുമായും ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടതായിരുന്നു. ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ ഇതെല്ലാം കണ്ടു വളർന്ന അതുൽ തൊഴിലാളികളോടും കർഷകരോടും സമൂഹത്തിലെ താഴെത്തട്ടിലുള്ള ജനങ്ങളുടെ ജീവിതവുമായി വളരെ ഇഴുകിച്ചേർന്നില്ലങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ.

കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിലേക്കുള്ള അതുലിന്റെ വളർച്ച വളരെ വേഗത്തിലായിരുന്നു. വിദ്യാർത്ഥി നേതാവായ സഖാവ് തന്റെ ബഹുജന പ്രസ്ഥാനമായി ഹൃദയത്തിൽ സ്ഥാപിച്ചത് കർഷക പ്രസ്ഥാനത്തെയായിരുന്നു. സിപിഐ ദേശീയ കൗൺസിൽ, എക്സിക്യൂട്ടീവ്, സെക്രട്ടറിയേറ്റ് എന്നിവയിലെ അംഗങ്ങളായി സഖാവ് ഉയർന്നു വരുമ്പോഴെല്ലാം തന്റെ പ്രവർത്തന മേഖല കർഷകരോടൊപ്പം ആണെന്ന് പ്രവർത്തനത്തിലൂടെ അദ്ദേഹം സാക്ഷ്യപ്പെടുത്തി. 1997-ൽ തൃശൂരിൽ നടന്ന അഖിലേന്ത്യാ കിസാൻ സഭ ദേശീയ സമ്മേളനം ഇതിൽ പ്രധാനമാണ്. തൃശ്ശൂരിലെ സ്വാഗത സംഘത്തിന്റെ ചുമതലക്കാരൻ കമ്യൂണിസ്റ്റ് നേതാവും കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന സഖാവ് വി.കെ. രാജേട്ടനായിരുന്നു. ഞാനും ചില പ്രധാന ചുമതലകൾ വഹിച്ചിരുന്നു. സമ്മേളനവുമായി ബന്ധപ്പെട്ട് അതുൽ കുറെ ദിവസങ്ങൾ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. വളരെ വിജയകരമായി നടന്ന ആ സമ്മേളനത്തിൽ വച്ചാണ് കിസാൻ സഭയുടെ അഖിലേൻഡ്യാ പ്രസിഡണ്ടായി അതുലിനെ തിരഞ്ഞെടുക്കുന്നത്. അന്നുമുതൽ മരണം വരെ സഖാവ് ആ ചുമതലയിൽ തുടർന്നു. രാജ്യത്തുടനീളം സഞ്ചരിച്ച് കർഷകരുടെ ജീവിതവും കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും തൊട്ടറിഞ്ഞ് പ്രവർത്തിച്ചു. സ്വാമിനാഥൻ കമ്മീഷനിൽ അംഗമായി പ്രവർത്തിച്ച സന്ദർഭത്തിലും ആ കമ്മീഷന്റെ റിപ്പോർട്ടും ശുപാർശകളും നടപ്പാക്കുന്നതിലും അതുൽ നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്.

ആഗോളവൽക്കണവും മുതലാളിത്തവും സാമ്രാജ്യത്വവും കോർപ്പറേറ്റുകളും സമസ്തമേഖലകളിലും പിടിമുറുക്കുമ്പോൾ തൊഴിലാളി–കർഷക താൽപര്യങ്ങൾ സംരക്ഷിക്കാൻ രാജ്യത്ത് വളർന്നു വരുന്ന പ്രക്ഷോഭങ്ങളുടെ മുന്നിൽ നിന്ന് നയിക്കാൻ സഖാവിന് കഴിഞ്ഞത് അസാധാരണമായ സഖാവിന്റെ നേതൃപാടവമാണ്. രാജ്യത്തെ അഞ്ഞൂറിലേറെ കർഷക സംഘടനകളെ ഒന്നിച്ച് ഒരു പ്ലാറ്റ്ഫോമിൽ അണിനിരത്താനും ഉജ്ജ്വലമായ കർഷക സമരത്തിന് ശരിയായ ദിശാബോധവും രാഷ്ട്രീയ കാഴ്ചപ്പാടും നൽകാനും കഴിഞ്ഞത് സഖാവിന്റെ കർഷകരോടും തൊഴിലാളികളോടുള്ള പ്രതിബദ്ധത കൊണ്ടാണ്. രാജ്യത്ത് ഇപ്പോൾ നടക്കുന്ന നിർണായകമായ പൊതു തെരഞ്ഞെടുപ്പിൽ ബിജെപിയെ അധികാരത്തിൽ നിന്ന് പുറത്താക്കുക, രാജ്യത്തെ രക്ഷിക്കുക എന്ന മുദ്രാവാക്യം ഉയർത്താനും അതിനായി തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി രംഗത്തിറങ്ങിയതും ആവേശകരമായ അനുഭവമാണ്.

അതുൽ ഏറ്റവുമൊടുവിൽ കേരളത്തിൽ വന്നത് സിപിഐ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുന്നതിനാണ്. 2022 ഒക്ടോബറിൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സമ്മേളനത്തിലെ നിറസാന്നിധ്യ മായിരുന്നു പ്രിയ സഖാവ്. പുത്തരിക്കണ്ടം മൈതാനത്തെ പൊതുസമ്മേളനത്തിൽ അതുൽ നടത്തിയ പ്രസംഗം നരേന്ദ്രമോദി സർക്കാരിനെ ശക്തമായി വിചാരണ ചെയ്യുന്ന ഒന്നായിരുന്നു. പ്രതിനിധി സമ്മേളനത്തിന്റെ ചർച്ചകൾക്കൊടുവിൽ നടത്തിയ പ്രസംഗം അദ്ദേഹത്തിലെ പക്വതയുള്ള ഉന്നതനായ കമ്മ്യൂണിസ്റ്റ് നേതാവിനെ കാട്ടിത്തന്നു. സഖാവ് കാനം രാജേന്ദ്രൻ വീണ്ടും സെക്രട്ടറിയായി തെരഞ്ഞെടുത്തതിനെ തുടർന്ന് കാനം സഖാവ് നടത്തിയ പ്രസംഗത്തിലും അതുലിന്റെ സാന്നിധ്യവും ഇടപെടലുകളും സംഘടനാ കാര്യങ്ങളിൽ കൈക്കൊണ്ട കർക്കശ നിലപാടുകളും എടുത്തുപറഞ്ഞിരുന്നു.

ആ കാനം സഖാവും ഇന്ന് നമ്മളോടൊപ്പം ഇല്ല. അതുലിനെ ബാധിച്ച രോഗത്തിൻറെ ഗൗരവം കാനം സഖാവാണ് പലപ്പോഴും പറഞ്ഞിരുന്നത്. രോഗം ഭേദമായി കൂടുതൽ കരുത്തനായി അതുൽ തിരിച്ചുവരും എന്നും സഖാവ് പ്രതീക്ഷ പ്രകടിപ്പിച്ചിരുന്നു. കഴിഞ്ഞ ഫെബ്രുവരിയിൽ ഹൈദരാബാദിൽ നടന്ന ദേശീയ കൗൺസിൽ യോഗത്തിൽ ജനറൽ സെക്രട്ടറി സ. ഡി രാജ അതുലിന്റെ രോഗവിവരം പറഞ്ഞപ്പോൾ സഖാക്കൾ എല്ലാവരും ഏറെ സങ്കടപ്പെട്ടു. എങ്കിലും പ്രിയപ്പെട്ട അതുൽ സുഖം പ്രാപിച്ച് തിരിച്ചുവരും എന്നു തന്നെയാണ് എല്ലാവരും പ്രതീക്ഷിച്ചത്.

അതുൽകുമാർ അഞ്ജാൻ അക്ഷരാർത്ഥത്തിൽ ഒരപൂർവ്വതയായിരുന്നുവെന്ന് ലക്നോവിൽ അദ്ദേഹത്തിന്റെ സംസ്കാര ചടങ്ങുകളിൽ പങ്കെടുത്ത ശേഷം പാർട്ടി ദേശീയ എക്സിക്യൂട്ടീവ് സ.സന്തോഷ് കുമാർ അനുസ്മരണ കുറിപ്പിൽ എഴുതിയത് പൂർണമായും ശരിയാണ്. സഖാക്കളെ അത്രമാത്രം സ്നേഹിച്ച പ്രിയപ്പെട്ട നേതാവിന് അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

**അമർജിത് കൗർ**
(ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി)



# ബി.ജെ.പിയെ പരാജയപ്പെടുത്തുക - രാജ്യത്തേയും ജനതയേയും രക്ഷിക്കുക

**തിരുവനന്തപുരം (സ. പന്ന്യൻ രവീന്ദ്രൻ) മാവേലിക്കര (സ. സി.എ. അരുൺകുമാർ) പത്തനംതിട്ട (സ. തോമസ് ഐസക്ക്) പാലക്കാട് (സ. എ.വിജയരാഘവൻ) ആലത്തൂർ (സ. കെ.രാധാകൃഷ്ണൻ ) തൃശ്ശൂർ (സ. വി.എസ് സുനിൽ കുമാർ) വയനാട് (സ. ആനി രാജ) എന്നീ ലോക്സഭ മണ്ഡലങ്ങളിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ എ.ഐ.ടി.യു.സി. ജനറൽ സെക്രട്ടറി സ. അമർജിത് കൗർ നടത്തിയ പ്രസംഗം.**

പരിഭാഷ സ : സംഗീത ഷംനാദ് (എ.ഐ.ടി.യു.സി. വർക്കിംഗ് കമ്മിറ്റി അംഗം)

**പ്രി**യപ്പെട്ട സഖാക്കളെ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥികളെ കുറിച്ച് പ്രത്യേകമായി ഞാൻ നിങ്ങൾക്കൊന്നും പറഞ്ഞു തരേണ്ടതില്ല. വിദ്യാർത്ഥി സംഘടനയിലും യുവജനപ്രസ്ഥാനങ്ങളിലും വളരെ ഊർജ്ജസ്വലമായ സംഘടന പ്രവർത്തനം കാഴ്ച വച്ച അവരോരോരുത്തരും എല്ലാക്കാലത്തും നിങ്ങളുടെ കൂടെ ഉണ്ടായിരുന്നവരാണ്. അതു കൊണ്ടുതന്നെ അവർ എത്രമാത്രം പ്രാപ്തരാണ് എന്ന് ഞാൻ പറഞ്ഞു തരേണ്ടതില്ല. എന്നാൽ 2024-ലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്യാംപയിനുകൾ ഏപ്രിൽ 26-ന് അവസാനിക്കും എന്ന തരത്തിലല്ല നമ്മൾ നിലവിലെ രാഷ്ട്രീയ സാഹചര്യത്തെ മനസ്സിലാക്കേണ്ടത്. ആർഎസ്എസ് ആശയങ്ങളാൽ നയിക്കപ്പെടുന്ന മോദി ഗവൺമെന്റ് നമ്മുടെ രാജ്യത്തിന് നാശം വിതക്കുകയാണ്. അവരുടെ നയങ്ങൾ കർഷകർ, സ്ത്രീകൾ, യുവാക്കൾ, തൊഴിലാളികൾ, ആദിവാസികൾ തുടങ്ങി സാധാരണക്കാരായ എല്ലാ ജനവിഭാഗങ്ങൾക്കും എതിരാണ്. അവരെ അധികാരത്തിൽ നിന്ന് പുറത്താക്കിയതുകൊണ്ട് മാത്രം കാര്യമില്ല. അവരുണ്ടാക്കി വെച്ചിരിക്കുന്ന വിനാശകരമായ നയങ്ങൾ തിരുത്തപ്പെടണം. അതൊരു വലിയ പോരാട്ടമാണ്. കേരളത്തിൽ ഏപ്രിൽ 26-ന് തെരഞ്ഞെടുപ്പാണ്. എന്നാൽ തെരഞ്ഞെടുപ്പിന് വേണ്ടി മാത്രമല്ല, രാജ്യത്തിന് ദോഷം വരുത്തുന്ന കേന്ദ്ര നയങ്ങൾ തിരുത്തപ്പെടുന്നതു വരെ നമ്മുടെ ഉത്തരവാദിത്വങ്ങൾ അവസാനിക്കുന്നില്ല.

രാജ്യത്ത് തൊഴിലില്ലായ്മ മുൻപില്ലാത്ത വിധം രൂക്ഷമാകുന്നു. രണ്ടുകോടി തൊഴിലവസരങ്ങൾ ഉണ്ടാക്കും എന്നതായിരുന്നു മോദിയുടെ വാഗ്ദാനം. അത്തരത്തിൽ കഴിഞ്ഞ 10 വർഷം കൊണ്ട് 20 കോടി തൊഴിലവസരങ്ങൾ ഉണ്ടാവേണ്ടതാണ്. എന്നാൽ 67 ലക്ഷം തൊഴിലവസരങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടത്. 23.1 ശതമാനം യുവാക്കൾ അതിരൂക്ഷമായ തൊഴിലില്ലായ്മ അനുഭവിക്കുന്നവരാണ്. ജനസംഖ്യയുടെ 17 ശതമാനം 35 വയസ്സിന് താഴെയുള്ളവരും, 22-25 വയസ്സ് പ്രായമുള്ളവരിൽ 50 ശതമാനം ചെറുപ്പക്കാരും ഈ പ്രതിസന്ധി നേരിടുന്നവരാണ്. അഗ്നിപർവ്വതം പുകയുന്നതു പോലെയാണ് രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ സാഹചര്യം. 30 ശതമാനം സ്റ്റാർട്ടപ്പുകളും ഇല്ലാതെയായി. നോട്ടു നിരോധനം വന്നതു മുതൽ തൊഴിലില്ലായ്മയെക്കാൾ രൂക്ഷമായി തൊഴിൽ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. പൊതുമേഖല സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും തൊഴിലില്ലായ്മ രൂക്ഷ മാകുന്നതിന് കാരണമായി. ലേബർ ബ്യൂറോയുടെ കണക്കുകൾ പ്രകാരം ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയിലൂടെ രാജ്യം കടന്നുപോകുന്ന കാലഘട്ടമാണിത്.

സി.എ.ജിയുടെ റിപ്പോർട്ടുകൾ പ്രകാരവും ദേശീയ സാമ്പിൾ സർവേപ്രകാരവും എത്രയോ അഴിമതികൾക്കാണ് നമ്മൾ സാക്ഷ്യം വഹിച്ചത്. എന്നാൽ മോദി എല്ലാ കണക്കുകളെയും മറച്ചുവെക്കുന്നു. ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ഒന്നും പ്രസിദ്ധീകരിക്കേണ്ടതില്ല എന്ന്അവരോട് പറയുന്നു. മാധ്യമങ്ങളെ നിയന്ത്രിക്കുന്നു. മോദി ഭക്തി മാത്രം കാണിക്കുന്ന അദാനിയുടെയും അംബാനിയുടെയും മാധ്യമങ്ങൾ വസ്തുതകളെ മറയ്ക്കുന്നു. ഈ തെരഞ്ഞെടുപ്പ് സമയത്താണ് മോദിയുടെ യഥാർത്ഥ മുഖം നമ്മൾ തുറന്നു കാണിക്കേണ്ടത്. കാരണം

രാജ്യം വലിയ അപകടത്തിലൂടെയാണ് കടന്നുപോകുന്നത് .

യുവാക്കളെ മാത്രമല്ല സ്ത്രീകളെയും കർഷകരെയും തൊഴിലാളികളെയും മോദി സർക്കാർ വേട്ടയാടി ക്കൊണ്ടിരിക്കുന്നു. അദാനിയുടെയും അംബാനിയുടെയും ബിസിനസ് വർദ്ധിപ്പിക്കുവാൻ വേണ്ടിയാണ് ഇവർ നിലകൊള്ളുന്നത്. കർഷകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഭൂമി കുത്തക മുതലാളിമാർക്ക് യഥേഷ്ടം സ്വന്തമാക്കുവാൻ കഴിയുന്ന സാഹചര്യമാണുള്ളത്. തൊഴിൽ നിയമങ്ങളെ ഇല്ലാതെയാക്കിക്കൊണ്ട് നാല് ലേബർ കോഡുകൾ കൊണ്ടുവരുന്നു. ട്രേഡ് യൂണിയനുകളുടെ സംഘടനാ സ്വാതന്ത്ര്യങ്ങളെ നിയന്ത്രിക്കുന്നു. യൂണിയനുകൾക്ക് രജിസ്റ്റർ ചെയ്യുവാൻ വലിയ പ്രതിബന്ധങ്ങൾ നിലനിൽക്കുമ്പോൾ യൂണിയനുകളുടെ അംഗീകാരം നഷ്ടപ്പെടുത്തുന്നതിനുള്ള എല്ലാ സാധ്യതകളെയും അവർ ഉപയോഗിക്കുന്നു. തൊഴിലാളികൾക്ക് സമരം ചെയ്യുവാൻ അവകാശമില്ലാതെയാകുന്നു. വരുമാനത്തിന് വർദ്ധനവ് ഉണ്ടാകുന്നില്ല തൊഴിലിടങ്ങളിൽ സുരക്ഷിതത്വമില്ല. ഇത്തരത്തിൽ തൊഴിലാളി വിരുദ്ധമായ ഭരണമാണ് അവർ കാഴ്ചവയ്ക്കുന്നത് .

കർഷകരും നിയന്ത്രിക്കപ്പെടുന്നു. അവരുടെ ഭൂമി കുത്തക മുതലാളിമാർക്ക് എഴുതിക്കൊടുക്കപ്പെടുന്നു. സ്വന്തം ഭൂമിയിൽ വെറും തൊഴിലാളികളായി കഴിയേണ്ട സാഹചര്യമാണ് ഇന്ത്യയിലെ കർഷകർക്കുള്ളത്. 13 മാസം ഡൽഹിയിലെ തെരുവീഥികളിൽ സമരം ചെയ്ത കർഷകരെ കുറ്റവാളികളെ പോലെയാണ് ഗവൺമെൻറ് നേരിട്ടത് . അവർ ഖലിസ്ഥാൻ വാദികൾ ആണെന്ന് പറയുന്നു. വിദേശ ധനം സ്വീകരിച്ചു എന്ന് പറയുന്നു. അവരോട് കർഷകർ പറഞ്ഞ മറുപടി നിങ്ങൾ എന്തു വേണമെങ്കിലും പറഞ്ഞോളൂ ഞങ്ങൾ രാജ്യത്തിനു വേണ്ടി ഭക്ഷണം ഉണ്ട്ാക്കുന്നവരാണ്, ബ്രിട്ടീഷുകാർക്കെതിരെ പോരാടിയിട്ടുള്ള ചരിത്രമുള്ളവരാണ് എന്നാണ്. ട്രേഡ് യൂണിയനുകളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും കർഷകർക്കൊപ്പം നിന്നവരാണ്. ഇപ്പോഴും കർഷക-തൊഴിലാളി ഐക്യം ശക്തമായ നിലയിൽ മുന്നോട്ടുപോകുന്നു. 13 മാസം നീണ്ടുനിന്ന സമരത്തിനൊടുവിൽ മോദി ഗവൺമെൻറ് കർഷകർക്ക് നൽകിയ വാഗ്ദാനങ്ങൾപാലിക്കപ്പെട്ടിട്ടില്ല. അതിനു ശേഷം ട്രേഡ് യൂണിയനുകളെ ആണ് ലക്ഷ്യം വെക്കുന്നത്. തൊഴിലാളികൾക്ക് എതിരായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് .

ഇ.ഡി., സി.ബി.ഐ., എൻ.എ സ്.എ. തുടങ്ങിയ അനേഷ്വണ ഏജൻസികളെയും രാജ്യദ്രോഹ നിയമങ്ങൾ പോലെയുള്ള ഉപാധികളും ഉപയോഗിച്ചുകൊണ്ട് എതിർ ശബ്ദങ്ങളെ ഇല്ലാതാക്കുന്നു . പ്രതിപക്ഷത്തിന് ശബ്ദം ഉയർത്തു വാൻ കഴിയാത്ത സാഹചര്യമാണ്. ഭരണഘടന തന്നെ അപകടത്തിലാണ്. ഇവിടെ നടന്ന നാടകത്തിൽ നിങ്ങൾ പറഞ്ഞു "വീ ദ പീപ്പിൾ ഓഫ് ഇന്ത്യ" എന്ന്. നമ്മൾ ഉയർത്തിപ്പിടിക്കുന്ന രാജ്യത്തിൻറെ ഭരണഘടനയാണത്. അതുകൊണ്ടുതന്നെ മോദിക്ക് അതിനെ തകർക്കുവാൻ അവകാശമില്ല. ഇന്ത്യയുടെ ഭരണഘടനയെ പോലും അംഗീകരിക്കുവാൻ തയ്യാറാകാത്തവർ നമ്മളെ ഭരിക്കുവാൻ അർഹരല്ല.

എത്രയോ സ്ത്രീകളാണ് എന്റെ മുൻപിൽ ഇരിക്കുന്നത്. നിങ്ങൾക്കറിയാം അമിത് ഷായും മോദിയും എത്ര തവണയാണ് കേരളത്തിൽ വന്നിട്ടുള്ളത് എന്ന്. ഞാൻ എഐടിയുസി സമ്മേളനത്തിനായി കേരളത്തിലുണ്ടടായിരുന്നപ്പോൾ മോദി തൃശ്ശൂരിൽ വന്നു. സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ട് എന്താണ് മോദിക്ക് പറയുവാൻ കഴിയുക? കാരണം മണിപ്പൂരിൽ സ്ത്രീകളെ നഗ്നരായി പരേഡ് ചെയ്യിച്ച വാർത്തകൾ കേട്ടിട്ട് ലജ്ജിച്ചവരാണ് നമ്മൾ. ഒരു ജവാന്റെ ഭാര്യയെ അടക്കം തെരുവിൽ വലിച്ചിഴച്ച അതി ദാരുണമായ സംഭവങ്ങൾ ഉണ്ടായി. 56 ഇഞ്ച് നെഞ്ച ഉവുണ്ട് എന്ന് പറയുന്ന പ്രധാനമന്ത്രി പക്ഷേ മണിപ്പൂരിൽ പോയില്ല. മണിപ്പൂരിനെ പറ്റി ഒരക്ഷരം പോലും മിണ്ടിയില്ല. പിന്നെ എങ്ങനെയാണ് സ്ത്രീകളുടെ വിശ്വാസം നേടുവാൻ കഴിയുക. ബിൽകിസ് ബാനു എന്ന ഗുജറാത്തിലെ പൂർണ്ണ ഗർഭിണിയായ സ്ത്രീ 11 പേരാൽ കൂട്ട ബലാത്സംഗം ചെയ്യപ്പെട്ടു. മൂന്നു വയസ്സുള്ള അവളുടെ മകളെ കൺമുന്നിൽ അവർ കൊന്നുകളഞ്ഞു. അവളുടെ കുടുംബത്തിലെ 17 പേരെ കൂട്ടക്കൊല ചെയ്തു. എന്നാൽ ഗുജറാത്തിൽ അവൾക്ക് നീതി ലഭിച്ചില്ല. കേസ് മഹാരാഷ്ട്ര കോടതിയിലേക്ക് മാറുകയും അവൾക്ക് അനുകൂലമായി പ്രതികൾക്ക് ജീവപര്യന്തം ശിക്ഷ വിധിക്കപ്പെടുകയും ചെയ്തു. എന്നാൽ ആഗസ്റ്റ് 15-ന് പ്രധാനമന്ത്രി ചെങ്കോട്ടയിൽ രാജ്യത്തെ അഭിവാദ്യം ചെയ്തുകൊണ്ട് സ്ത്രീകളോട് പറയുകയാണ് ഞാൻ ഈ രാജ്യത്തിലെ സ്ത്രീകൾക്ക് വേണ്ടി നിലകൊള്ളുന്നവനാണ് എന്ന്. അന്നേദിവസം തന്നെ ഗുജറാത്ത് ഗവൺമെൻറ് ബിൽകിസ് ബാനു കേസിലെ കുറ്റവാളികളെ വെറുതെ വിടുകയുണ്ടായി. ഇത്തരത്തിലാണ് അവർ നാടകം കളിക്കുന്നത്. അവർ ഈ രാജ്യത്തെ സ്ത്രീകളോടും തൊഴിലാളികളോടും യുവാക്കളോടും നുണ പറയുകയാണ്. സി.ബി.ഐ ഈ കുറ്റവാളികളെ പുറത്തുവിടരുത് എന്ന് വ്യക്തമാക്കിയതാണ്. എന്നാൽ ജയിൽ മോചിതരായ ബിൽക്കിസ് ബാനു കേസിലെ കുറ്റവാളികളെ ബിജെപി പ്രവർത്തകർ പൂമാലയിട്ടാണ് സ്വീകരിച്ചത്.

ഗുസ്തി താരങ്ങളായ നമ്മുടെ ചെറുപ്പക്കാർ സാക്ഷി മാലിക്കും വിനയ് ഫോഗട്ടും രാജ്യത്തിനുവേണ്ടി മെഡൽ നേടിയപ്പോൾ മോദി അവർക്കൊപ്പം ഫോട്ടോ ഷൂട്ടിന് എത്തി. ബിജെപി എംപിയും ഗുസ്തി ഫെഡറേഷന്റെ ചെയർമാനു മായ ബ്രിജ്ഭൂഷനെതിരെ ഇതേ താരങ്ങൾ ലൈംഗിക അതിക്രമണത്തിന് പരാതി പറഞ്ഞപ്പോൾ മോദി ഒരക്ഷരം മിണ്ടിയില്ല. ആ കേസിൽ എഫ്ഐആർ ഇടുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ വരെ പോകേണ്ട സാഹചര്യം ഗുസ്തി താരങ്ങളായ പെൺകുട്ടികൾക്ക് ഉണ്ടായി. പാർലമെന്റിന്റെ ഉദ്ഘാടന ചടങ്ങിൽ ബ്രിജ് ഭൂഷൻ ചരൻ പ്രധാനമന്ത്രിക്കൊപ്പം ചിരിച്ചുല്ലസിക്കുമ്പോൾ നമ്മുടെ ഗുസ്തി താരങ്ങളായ പെൺകുട്ടികൾ തെരുവിൽ വലിച്ചിഴയ്ക്കപ്പെട്ടു. പോലീസ് അവരെ ബൂട്ടിട്ട് ചവിട്ടി, ക്രൂരമായി മർദ്ദിച്ചു. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ ബിജെപി ഗുണ്ടകളാൽ അതിക്രമിക്കപ്പെട്ടു. ഗുജറാത്ത് മെഡിക്കൽ വിദ്യാർത്ഥിനികൾക്കും സമാനമായ സാഹചര്യം ഉണ്ടായി. എന്നാൽ ഇവർക്കെ

തിരെ യാതൊരു കേസുകളും ആരും എടുത്തില്ല. രാജ്യത്തെ ജനസംഖ്യയിൽ പകുതിയിൽ അധികം പേരും  ഈ ഭരണത്തിൽ തൃപ്തരല്ല. അവർക്ക് മോദി ഗവൺമെന്റിനെ ആവശ്യമില്ല.  അതുകൊണ്ടുതന്നെ ഇവരെ പുറത്താക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

ആ ബ്രിജ് ഭൂഷന്റെ മകന് ലോകസഭയിൽ മത്സരിക്കാൻ മോദി സീറ്റ് നൽകി. അജയ് മിശ്രയ്ക്കും സീറ്റ് നൽകി. അജയ് മിശ്രയുടെ മകൻ കർഷക സമരത്തിലേക്ക് കാർ ഇടിച്ചു കയറ്റിയളാണ്. ഒരു ജേണലിസ്റ്റും കർഷകരും അന്ന് കൊല്ലപ്പെടുകയുണ്ടായി. ഇവർക്കൊക്കെയാണ് ബിജെപി സീറ്റ് നൽകുന്നത് .

ബിജെപി വാഷിംഗ് മെഷീൻ പോലെയാണ് പ്രവർത്തിക്കുന്നത്. 45,000 കോടിയും 50,000 കോടിയുമൊക്കെ അഴിമതി നടത്തിയവർ ബിജെപിയിൽ എത്തുമ്പോൾ വിശുദ്ധരാകുന്നു. രാജ്യം എന്തു വലിയ അപകടത്തിലൂടെയാണ്  കടന്നുപോകുന്നത് എന്ന് നമ്മൾ മനസ്സിലാക്കണം. അവർക്ക് ആവശ്യമുള്ള തരത്തിൽ നിയമങ്ങളെ വളച്ചൊടിക്കുകയും ദുരുപയോഗം ചെയ്യുകയും ചെയ്യുന്നു. എന്നിട്ട് മോദി എപ്പോഴും പറയുന്നത് ഞാൻ അഴിമതിക്കെതിരെ നില കൊള്ളുന്നവനാണ് എന്നാണ്. ഇതാണ് വിരോധാഭാസം .

പി.എം.വെൽഫെയർ ഫണ്ടായിരുന്നപ്പോൾ സി.എ.ജി. പാർലമെൻറിൽ കൃത്യമായ കണക്കുകൾ ബോധിപ്പിച്ചിരുന്നു. എന്നാൽ പിഎംകെയർ ഫണ്ട് എന്ന നിലയിൽ അത് മാറ്റിയപ്പോൾ സി.എ.ജി.ക്ക് അതിൻറെ കണക്കുകൾ ലഭ്യമാക്കുന്നില്ല. വിവരാവകാശ രേഖകളിലൂടെ അതിന്റെ കണക്കുകൾ നമുക്കും അറിയുവാൻ കഴിയില്ല. ഇതിന്റെ 50 ശതമാനം പണവും നമ്മുടെ പൊതുമേഖലയിൽ നിന്നുള്ളതാണ്.

ഇലക്ട്രൽ ബോണ്ട് നടപ്പാക്കിയപ്പോൾ ഇവർ പറഞ്ഞത് കള്ളപ്പണം നിയന്ത്രിക്കുവാൻ വേണ്ടിയാണ് എന്നതാണ്. നോട്ടു നിരോധനത്തിന്റെ സമയത്തും ഇവർ പറഞ്ഞു കള്ളപ്പണം നിയന്ത്രിക്കുവാനും തീവ്രവാദം നിയന്ത്രിക്കുവാനും ആണ് എന്ന്. എന്നാൽ ഈ പറഞ്ഞതൊന്നും പ്രാവർത്തികമായില്ല.

ഇന്ത്യ കണ്ട ഏറ്റവും വലിയ അ

**ബിജെപി വാഷിംഗ് മെഷീൻ പോലെയാണ് പ്രവർത്തിക്കുന്നത്. 45,000 കോടിയും 50,000 കോടിയുമൊക്കെ അഴിമതി നടത്തിയവർ ബിജെപിയിൽ എത്തുമ്പോൾ വിശുദ്ധരാകുന്നു. രാജ്യം എന്തു വലിയ അപകടത്തിലൂടെയാണ് കടന്നുപോകുന്നത് എന്ന് നമ്മൾ മനസ്സിലാക്കണം. അവർക്ക് ആവശ്യമുള്ള തരത്തിൽ നിയമങ്ങളെ വളച്ചൊടിക്കുകയും ദുരുപയോഗം ചെയ്യുകയും ചെയ്യുന്നു.**

ഴിമതികളിൽ ഒന്നാണ് ഇലക്ട്രൽ ബോണ്ട്. സീതാരാമൻ പറഞ്ഞിട്ടുണ്ട് തങ്ങൾ അധികാരത്തിൽ വന്നാൽ ഇലക്ട്രിക്കൽ ബോണ്ട് തിരിച്ചു കൊണ്ടുവരുമെന്ന്. രാജ്യത്തിൻറെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി ഇലക്ട്രൽ ബോണ്ടിനെ എതിർത്തതാണ്. എന്നിട്ടാണ് അവർ ഉത്തരം ഒരു പ്രസ്താവന ഇറക്കുന്നത് കാരണം രാജ്യത്തിൻറെ ഭരണഘടനയിൽ പോലും ഇവർക്ക് വിശ്വാസമില്ല.

റഫാൽ ഇടപാട് ഇത്തരത്തിലുള്ള മറ്റൊരു ഗൗരവമായ അഴിമതിയാണ്. ഹിന്ദുസ്ഥാൻ ഏയറോനോട്ടിക്കൽ എന്ന 40 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള പൊതുമേഖലാ സ്ഥാപനത്തിന് കരാർ നൽകുന്നില്ല എന്ന് മാത്രമല്ല മോദിയുടെ സുഹൃത്തായ അംബാനിയുടെ കമ്പനിക്ക് ആ കരാർ ലഭിക്കുന്നു. ആ കമ്പനിയാകട്ടെ പെട്ടെന്ന് തട്ടിക്കൂട്ടിയ കമ്പനി ആയിരുന്നു. 36 റഫാൽ വിമാനങ്ങൾക്ക് 17000 കോടി രൂപയുടെ കരാർ നൽകപ്പെടുന്നു. ഇത്തരത്തിൽ എത്രയെത്ര വലിയ അഴിമതികളാണ് രാജ്യത്ത് നടക്കുന്നത്.

എൽഐസിയുടെ 56,000 കോടി രൂപയാണ് അദാനിയുടെ സ്വകാര്യ കമ്പനിയിൽ നിക്ഷേപിക്കപ്പെടുന്നത്. ഒരു ലക്ഷത്തി അറുപത്തി ഒരായിരം കോടി രൂപയുടെ സാമൂഹിക സുരക്ഷാ ഫണ്ട് അദാനിയുടെ പ്രൈവറ്റ് സ്റ്റോക്ക് മാർക്കറ്റിൽ നിക്ഷേപിക്കപ്പെടുന്നു.  ഓസ്ട്രേലിയയിൽ ഖനനം നടത്തുന്നതിന് അദാനിയുടെ കമ്പനിയെ സഹായിക്കുന്നതിനുവേണ്ടി എസ്ബിഐ ആയിരം കോടി നൽകുന്നു. ബാങ്കുകൾ, ഇൻഷുറൻസ് മേഖല, റെയിൽവേ എയർ ഇന്ത്യ, എയർപോർട്ടുകൾ ഇങ്ങനെ സ്വകാര്യവൽക്കരിക്കപ്പെടുന്ന എല്ലാ മേഖലകളിലും കുത്തക മുതലാളിത്തം ലാഭം കൊയ്യുന്നു. നമ്മുടെ കോച്ച് ഫാക്ടറികളിലെ ഗവൺമെൻറ് സംവിധാനം ഉപയോഗിച്ച് സ്വകാര്യ മേഖല പണമുണ്ടാക്കുന്നു എല്ലാ മേഖലകളുടെയും അവസ്ഥ ഇതാണ് . കോർപ്പറേറ്റുകളുടെ 50 ലക്ഷം കോടി രൂപയുടെ കടമാണ് എഴുതിത്തള്ളുന്നത് . രാജ്യത്തിലെ ക്ഷേമ ഫണ്ടുകൾ വെട്ടിക്കുറയ്ക്കുന്നു. തൊഴിലുറപ്പ് പദ്ധതി ഫണ്ട് വെട്ടിചുരുക്കുന്നു. ഇത്തരത്തിൽ കോർപ്പറേറ്റുകൾ രാജ്യത്തിന്റെ പണം മുഴുവൻ കൊള്ളയടിക്കുന്നു. ഇനിയും ഒരുപാട് ഉദാഹരണങ്ങളുണ്ട്.

ഇ.ഡി..സി.ബി.ഐ. മുതലായ സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ട് കമ്പനികൾ 'റെയ്ഡ്' ചെയ്യുകയും പിന്നീട് ബിജെപിക്ക് ഇലക്ട്രൽ ബോണ്ട് വഴി കോടികൾ നൽകിയാൽ ആ കേസ് ഒഴിവാക്കുകയും ചെയ്യുന്നു. വ്യത്യസ്ത പാർട്ടികളിൽ നിന്ന് ബിജെപിയിൽ ചേർന്ന 25 പേരിൽ 23 പേരും വലിയ അഴിമതി കേസുകളിൽ പെട്ടവരായിരുന്നു . എന്നാൽ പിന്നീട് അവരുടെ കേസുകളിൽ യാതൊരു നടപടിയും ഉണ്ടാവുന്നില്ല.

രാജ്യത്തെ യൂണിവേഴ്സിറ്റികൾ ആകെയും സംഘർഷഭരിതമായ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. രാമദാസ് എന്ന ഒരു ദളിത് വിദ്യാർത്ഥി പുതിയ വിദ്യാഭ്യാസ നയത്തിനെതിരെ ഡൽഹിയിലെ ഒരു പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തു എന്നതിന്റെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ടു. ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള വെൽഫെയർ ഫണ്ടുകൾ കൃത്യമാ

യി ചിലവഴിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയുടെ ഉപഭോക്താക്കളായ ആയിരക്കണക്കിന് മനുഷ്യർ കേവലം മൂന്ന് മൊബൈൽ ഫോണുകളിൽ നിന്നാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. അപ്പോൾ ആർക്കാണ് അവിടെ ലാഭം ഉണ്ടാകുന്നത്. 7.5 ലക്ഷം ഉപഭോക്താക്കളിൽ 88000 പേർ മരിച്ചവരാണ്. അവരുടെ പേരിലുള്ള ക്ലയിമുകളിലെ രണ്ട് ലക്ഷം കോടി എവിടെയാണ് പോയത്? രാജ്യത്ത് ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിക്കുന്നു സാമ്പത്തിക അസമത്വം കൂടുന്നു. മുമ്പ് 19 കോടി ജനങ്ങൾ ഇന്ത്യയിൽ ദാരിദ്ര്യം അനുഭവിച്ചിരുന്നു. മോദി അധികാരത്തിൽ വന്നതിനു ശേഷം ദരിദ്രരുടെ എണ്ണം വർദ്ധിച്ച് 35 കോടിയിലേക്കെത്തുന്നു. പട്ടിണി സൂചനയിൽ 125 രാജ്യങ്ങളുടെ ലിസ്റ്റിൽ 111-ാം സ്ഥാനത്താണ് ഇന്ത്യ. അതിഭയാനകമായ സാമ്പത്തിക അസന്തലിതാവസ്ഥയിലാണ് രാജ്യം. ഒരു ശതമാനം വരുന്ന അതിധനികർ രാജ്യത്തിന്റെ 22% സമ്പാദ്യം കയ്യാളുമ്പോൾ 50% വരുന്ന താഴെത്തട്ടിലെ ദരിദ്രരായ 70 കോടി മനുഷ്യർ രാജ്യത്തിന്റെ 13 ശതമാനം സമ്പത്ത് മാത്രമാണ് കൈകാര്യം ചെയ്യുന്നത്. ധനികരുടെ 22 ശതമാനം സമ്പാദ്യം 30 ശതമാനത്തിലേക്ക് കൂടുമ്പോൾ ദരിദ്രരുടെ 13 ശതമാനം സമ്പാദ്യം മൂന്ന് ശതമാനത്തിലേക്ക് കുറയുന്നു. അപകടകരമായ സാമ്പത്തിക നയങ്ങളുടെ ഫലമാണിത്. ഈ നയങ്ങൾ തിരുത്തപ്പെടേണ്ടതാണ് .

എന്നാൽ കേരളം ഇതിൽ നിന്നൊക്കെ വ്യത്യസ്തമാണ്. കൊറോണ കാലത്ത് കമ്മ്യൂണിറ്റി കിച്ചണുകൾ, അതിഥി തൊഴിലാളികൾക്ക് സംരക്ഷണം എന്നിവയെല്ലാം എൽഡിഎഫ് ഗവൺമെൻറ് ഭംഗിയായി നിർവഹിച്ചു . ഇത് മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യത്തിന് ആകെയും മാതൃകയായിരുന്നു. എന്നാൽ അതേ സാഹചര്യത്തിലാണ് രാജ്യത്ത് അപകടകരമായ മരുന്നുകൾ വിൽക്കുന്ന കമ്പനികൾ പിടിക്കപ്പെടുകയും പിന്നീട് ഇലക്ട്രൽ ബോണ്ടുകൾ വഴി കോടികൾ നൽകി അവരിപ്പോഴും സുഗമമായി പ്രവർത്തിക്കുകയും ചെയ്യുന്നത്. ഈ മരുന്ന് കമ്പനികൾ ജനങ്ങളുടെ ആരോഗ്യത്തിനും ജീവനുപോലും എത്ര അപകടകരമാണ്. ജനങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നു എന്ന് പറയുമ്പോഴും മോദി പണത്തിനും അധികാരത്തിനും വേണ്ടി മാത്രം നിലകൊള്ളുന്നു എന്നതാണ് സത്യം.


ഈ ജനവിരുദ്ധ ഗവൺമെൻറിന് ബദൽ എന്താണ് എന്ന് കേരളം നമുക്ക് കാണിച്ചു തന്നിട്ടുള്ളതാണ്. 1957ൽ സിപിഐയുടെ നേതൃത്വത്തിൽ കേരളത്തിൽ ഗവൺമെൻറ് അധികാരത്തിൽ വന്നു. ആ കാലയളവിലാണ് ഭൂപരിഷ്കരണം നടപ്പിലാക്കുന്നത്. കർഷകർക്ക് കൃഷിഭൂമി ലഭ്യമാകുന്നത്. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നത് പൊതുവിതരണ സംവിധാനം ശക്തമാകുന്നത്. ഭവന പദ്ധതി കൊണ്ടുവരുന്നത്. ഇടതുപക്ഷം അധികാരത്തിൽ വരുമ്പോഴാണ് തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും ക്ഷേമ ഫണ്ടുകളും ഉണ്ടാകുന്നത് . ഇത്തരത്തിലാണ് കേരളം വ്യത്യസ്തമായ മാതൃകയാകുന്നത്.

കേന്ദ്രം ഭരിക്കുന്ന ജനവിരുദ്ധ ഗവൺമെന്റിനെ അധികാരത്തിൽ നിന്ന് പുറത്താക്കണമെന്ന് പറയുമ്പോൾ എന്താണ് ഇടതുപക്ഷത്തിന് ചെയ്യുവാൻ കഴിയുക എന്നൊരു ചോദ്യമുണ്ട്. 1969-ൽ ഇന്ദിരാഗാന്ധിക്ക് ഭൂരിപക്ഷം നഷ്ടമായപ്പോൾ ഇടതുപക്ഷത്തിന്റെ പിന്തുണ ആവശ്യപ്പെട്ടു. ഇടതുപക്ഷം അപ്പോൾ മന്ത്രി സ്ഥാനങ്ങൾ ഒന്നും ആവശ്യപ്പെട്ടില്ല. പിന്തുണ നൽകിക്കൊണ്ട് നമ്മൾ ആവശ്യപ്പെട്ടത് ബാങ്ക്/ഇൻഷുറൻസ് മേഖല/ഖനനം/ടെക്സ്റ്റൈൽ മേഖല എന്നിവയുടെ ദേശസാൽക്കരണമാണ്. പൊതുമേഖല ശക്തിപ്പെട്ടു. താങ്ങു വില പ്രഖ്യാപിക്കപ്പെട്ടു. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകി. പ്രിവിപഴ്സ് നിർത്തലാക്കി. രാജ്യ ക്ഷേമത്തിനു വേണ്ട നയങ്ങൾ ഉണ്ടായി. പൊതുമേഖലയിൽ വില നിയന്ത്രണം ഉണ്ടായി. വിവരാവകാശ നിയമം കൊണ്ടുവന്നു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രഖ്യാപിക്കപ്പെട്ടു. ആദിവാസി ക്ഷേമ നയങ്ങൾ ഉണ്ടായി. ഭൂപരിഷ്കരണം നടപ്പിലാക്കി.

ചരിത്രത്തിൽ എവിടെയും ഇടതുപക്ഷം ദുർബലമായാൽ അഴിമതി കൂടുന്ന കാഴ്ച കാണാം. ഇത്തരത്തിലുള്ള ഒരു അവസരമാണ് ബിജെപി മുതലെടുക്കുകയും കോൺഗ്രസിനെ പുറത്താക്കി അധികാരത്തിലെത്തുകയും ചെയ്തത്. എന്നാലിന്ന് രാജ്യത്ത് ഏറ്റവും വിനാശകരമായ ഭരണം കാഴ്ചവച്ചാണ് അവർ നിലനിൽക്കുന്നത് . ഇടതുപക്ഷം ശക്തി പ്രാപിക്കുമ്പോൾ ഇന്ത്യക്ക് പുരോഗതി ഉണ്ടാകും. അതുകൊണ്ടുതന്നെ കേവലം ഒരു ഭരണമാറ്റം മാത്രമല്ല കേന്ദ്രസർക്കാരിൻറെ ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ, കർഷക വിരുദ്ധ നയങ്ങൾ അവസാനിക്കുന്നതുവരെ നമുക്ക് പോരാട്ടം തുടരേണ്ടതുണ്ട്. അതിനായി പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

രാജ്യം സമാനതകളില്ലാത്ത അപകടത്തിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ ഏറ്റവും ജാഗ്രതയോടു കൂടി വോട്ട് ചെയ്യേണ്ടതുണ്ട്. എല്ലാ മണ്ഡലങ്ങളിലെയും ഇടതുപക്ഷ സ്ഥാനാർത്ഥികൾക്ക് വേണ്ടി ബന്ധുക്കളോടും സുഹൃത്തുക്കളോടും വോട്ട് അഭ്യർത്ഥിക്കുന്നതിനും, രാജ്യം നേരിടുന്ന അപകടകരമായ സാഹചര്യത്തെ അവരെ പറഞ്ഞു മനസ്സിലാക്കുന്നതിനും നമുക്ക് ബാധ്യതയുണ്ട്. ബ്രിട്ടീഷുകാർക്കെതിരെ പോരാടി രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിത്യാഗം ചെയ്തവരാണ് നമ്മുടെ പൂർവികർ. അതുകൊണ്ടുതന്നെ രാജ്യത്തെ കൊള്ളയടിക്കുന്നതിന് കോർപ്പറേറ്റുകൾക്ക് അനുകൂലമായി നിൽക്കുന്ന, വർഗീയമായി ധ്രുവീകരിക്കുന്ന, ജനവിരുദ്ധ കർഷകവിരുദ്ധ തൊഴിലാളി വിരുദ്ധ ഭരണത്തിനെതിരെ പ്രതിരോധം തീർക്കുന്നതിന് ഇടതുപക്ഷത്തെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കണമെന്നും, ഏപ്രിൽ 26-ന് ശേഷവും ഇതേ ഗൗരവത്തോടുകൂടി ബിജെപി രാജ്യത്തിൽ ഉണ്ടാക്കി വെച്ചിരിക്കുന്ന അപകടകരമായ നയങ്ങൾ തിരുത്തി ജനോപകാര പ്രദമായ നയങ്ങൾ ഉണ്ടാകുന്നതുവരെ നമ്മുടെ പോരാട്ടം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും, മത്സരിക്കുന്ന മുഴുവൻ ഇടതുപക്ഷ സ്ഥാനാർത്ഥികളേയും വിജയിപ്പിക്കണമെന്ന് നിങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ടും മുഴുവൻ സഖാക്കളെയും അഭിവാദ്യം ചെയ്യുന്നു.

പ്രൊഫ. ജി. മോഹൻ ഗോപാൽ



# പൗരത്വ ഭേദഗതി നിയമം മതനിരപേക്ഷതക്ക് എതിരാകുന്നതെങ്ങനെ?

**ബംഗളൂരു നാഷണൽ ലോ സ്കൂൾ ഓഫ് ഇൻഡ്യയുടെ മുൻ വൈസ്-ചാൻസലറും സുപ്രീം കോടതിയുടെ നാഷണൽ ജുഡീഷ്യൽ അക്കാദമി ഡയറക്ടറുമായിരുന്നു പ്രൊഫ.ജി.മോഹൻ ഗോപാൽ. 2012 മുതൽ 2019 വരെ സുപ്രീം കോടതിയുടെ കോർട്ട് മാനേജ്മെന്റ് സിസ്റ്റംസ് കമ്മിറ്റിയുടെ ചെയർമാനായും അദ്ദേഹം സേവന മനുഷ്ഠിച്ചിട്ടുണ്ട്. നീതിന്യായ സ്ഥാപനങ്ങളുടെ പരിഷ്ക്കരണത്തിലും, നിയമ പ്രശ്നങ്ങളിലുമുള്ള അദ്ദേഹത്തിന്റെ ഇടപെടലുകൾ ശ്രദ്ധേയങ്ങളാണ്. നീതി-ന്യായ വ്യവസ്ഥ, മനുഷ്യാവകാശ സംരക്ഷണം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളിലൂടെ സമകാലിക സാമൂഹ്യ സേവന രംഗത്തെ സജീവ സാന്നിദ്ധ്യമാണ് പ്രൊഫ. മോഹൻ ഗോപാൽ.**

സ. സി.കെ.ചന്ദ്രപ്പന്റെ 12-ാമത് ചരമവാർഷിക ദിനമായ 2024 മാർച്ച് 22-ന് സി.കെ.ചന്ദ്രപ്പൻ സെന്റർ ഫോർ സോഷ്യൽ ജസ്റ്റീസ് സംഘടിപ്പിച്ച വെബിനാറിൽ ഡോ. മോഹൻ ഗോപാൽ നടത്തിയ പ്രഭാഷണമാണ് ഇതോടൊപ്പം.

**പൗ**രത്വ ഭേദഗതി നിയമത്തെക്കുറിച്ച് ഇന്ന് ധാരാളം ചർച്ചകൾ നടക്കുന്നു. എന്നാൽ ഈ നിയമത്തെക്കുറിച്ചും അതിൽ വരുത്തിയ ഭേദഗതികളെക്കുറിച്ചും അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും വ്യക്തമായി അറിവുള്ളവർ വളരെ കുറച്ച് പേർ മാത്രമാണ്. അതിന്റെ വിശദാംശങ്ങൾ നാം സാധാരണ ജനങ്ങളിൽ എത്തിക്കേണ്ടതുണ്ട്.

"സിറ്റിസൺസ് അമെന്റ്മെന്റ് ആക്ട് (സി.എ.എ.)" അഥവാ പൗരത്വ ഭേദഗതി നിയമം എന്നതിനെക്കുറിച്ച് വിശദീകരിക്കുന്നതിൻ മുമ്പ് "സിറ്റിസൺ"അഥവാ പൗരൻ ആരാണ് എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. "സിറ്റിസൺ" എന്ന പദത്തിന്റെ അർത്ഥം സിറ്റിയിൽ (നഗരത്തിൽ) താമസിക്കുന്നയാൾ എന്നാണ്. ഒരു ജനസമൂഹത്തിലെ അംഗമായാണ് നാം പൗരനെ കണക്കാക്കുന്നത്. പഴയ റോമ നഗരത്തിൽ "സിറ്റിസൺഷിപ്പ്" അഥവാ പൗരത്വം എല്ലാവർക്കും ലഭ്യമല്ലായിരുന്നു. ചിലർക്ക് മാത്രമായി അത് പരിമിതപ്പെടുത്തിയിരുന്നു. അവർക്ക് വളരെ ഉന്നതവും ഉൽകൃഷ്ടവുമായ അംഗത്വവും അധീശത്വവും അവകാശാധികാരങ്ങളും നൽകിയിരുന്നു. അതേസമയം മറ്റുള്ളവർക്ക് അത്തരത്തിലുള്ള പ്രത്യേകാവകാശങ്ങളൊന്നും നൽകാതെ താഴ്ന്ന പദവിയിലുള്ളവരായും കണക്കാക്കിയിരുന്നു. ഇവരെ 'അടിമകൾ' എന്നോ 'അടിയാന്മാർ' എന്നോ ഒക്കെയാണ് അറിയപ്പെട്ടിരുന്നത്. അവർക്ക് പൗരത്വം നൽകിയിരുന്നില്ല. ഒരു തരം നീചമായ സ്ഥാനമാണ് അടിമകൾ എന്നറിയപ്പെട്ടിരുന്ന ഈക്കൂട്ടർക്ക് ഉണ്ടായിരുന്നത്.

അതുപോലെ പത്തൊമ്പതാം നൂറ്റാണ്ടിൽ അമേരിക്കയിൽ നടന്ന ആഭ്യന്തര യുദ്ധത്തിന് മുമ്പായി അവിടുത്തെ ആഫ്രിക്കൻ വംശജരായ കറുത്ത വർഗ്ഗക്കാർക്കും പൗരത്വം ഉണ്ടായിരുന്നില്ല. അവരും അവിടുത്തെ അടിമകളായിരുന്നു. അവർക്ക് പൗരത്വത്തിന് അവകാശമില്ലന്ന് അമേരിക്കയിലെ സുപ്രീം കോടതി തന്നെ അന്ന് വ്യക്തമാക്കിയിട്ടു ണ്ടായിരുന്നു. ചുരുക്കത്തിൽ മുമ്പ് സമൂഹത്തിലെ വരേണ്യവർഗ്ഗത്തിന് മാത്രം ലഭ്യമായിരുന്ന സ്ഥാനമായിരുന്നു പൗരത്വം എന്ന പദവി.

കാലക്രമേണ "പൗരൻ" ആയാലും "അടിമ" ആയാലും എല്ലാവരും മനുഷ്യരാണ് എന്നും എല്ലാവരും സമൂഹത്തിലെ അംഗങ്ങളാണ് എന്നുമുള്ള ബോധം ഉയർന്ന് വരികയും ആ ബോധം ജനാധിപത്യ ആശയമായി വികസിക്കുകയും ചെയ്തതോടെ ശ്രേണീകരിക്കപ്പെട്ട ഈ അസമത്വം കുറഞ്ഞു തുടങ്ങി. സമത്വത്തിലധിഷ്ഠിതമായ ഒരു സമൂഹമാണ് വേണ്ടതെന്ന ബോധം വ്യാപകമായി. അതോടെ പൗരന്മാരും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം കുറഞ്ഞു വന്നു. പൗരത്വം

എന്നത് എല്ലാവർക്കും ലഭ്യമാകുന്ന ഒരു കൂട്ടം അവകാശമണെന്ന നില കൈവന്നു. അതേസമയം പൗരന്മാരല്ലാത്തവർക്ക് അത് നിഷേധിക്കപ്പെടുന്ന വ്യവസ്ഥകളും ഉണ്ടായിരുന്നു. പൗരത്വമില്ലാത്ത ഒരാളിന് ഒരു രാജ്യത്ത് താമസിക്കാനാവില്ല എന്നതാണ് അതിനൊരു ഉദാഹരണം.

ഇൻഡ്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള മൗലികാവകാശങ്ങൾ പരിശോധിച്ചാൽ നാല് അവകാശങ്ങൾ മാത്രമേ ഒരു പൗരന് അനുഭവിക്കാൻ കഴിയൂ എന്ന് കാണാം. മറ്റെല്ലാ അവകാശങ്ങളും എല്ലാ മനുഷ്യർക്കും ഒരുപോലെ അനുഭവവേദ്യമാണ്. അതായത് ഇൻഡ്യൻ ഭരണഘടന 'പൗര'നേക്കാൾ പ്രാധാന്യം 'മനുഷ്യ'ന് നൽകി പൗരന്റെ പ്രാധാന്യം കുറച്ചിരിക്കുകയാണ് എന്നർത്ഥം.

"ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ" (ഇൻഡ്യൻ ഭരണഘടന) കേവലം ഒരു പുസ്തകമല്ല. അത് ഒരു പ്രക്രിയയാണ്. 'കോൺസ്റ്റിറ്റ്യൂഷൻ' എന്നാൽ രൂപവൽക്കരണം എന്നർത്ഥം. "കോൺസ്റ്റിറ്റ്യൂഷൻ ഓഫ് എ കമ്മിറ്റി"എന്നാൽ ഒരു സമിതിയുടെ രൂപവൽക്കരണം എന്നർത്ഥമാകുന്നത് പോലെ 'കോൺസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻഡ്യ' എന്നാൽ ഇൻഡ്യയുടെ രൂപവൽക്കരണം എന്നാണർത്ഥം. ഈ സങ്കൽപ്പമാണ് ഭരണഘടനയുടെ ആമുഖത്തിലുള്ളത്. "ഇൻഡ്യയിലെ ജനങ്ങളായ നാം" എന്ന് പറഞ്ഞുകൊണ്ടാണ് നമ്മുടെ ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത്. "ഇൻഡ്യയിലെ പൗരന്മാരായ നാം" എന്നു പറഞ്ഞുകൊണ്ടല്ല. ഭാരതം എന്ന ഉപഭൂഖണ്ഡത്തിലെ ജനങ്ങളായ നാം ഇൻഡ്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതേതര റിപ്പബ്ലിക്കായി രൂപവൽക്കരിക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആ രൂപീകരണ പ്രക്രിയയുടെ വിശദാംശങ്ങളാണ് ഭരണഘടനയിൽ പ്രതിപാദിക്കുന്നത്.

ഇപ്രകാരം എല്ലാവർക്കും തുല്യമായ അവകാശമുണ്ടായിരിക്കണം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് നാം നമ്മുടെ ഭരണഘടനക്ക് രൂപം നൽകിയത്. നാമെല്ലാം മനുഷ്യരാണെന്ന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടതും മാനവീകതയിലധിഷ്ഠിതവുമായ ഒരു ബോധ




മാണ് അതുവഴി ഇൻഡ്യാക്കാരിൽ ഉരുത്തിരിഞ്ഞത്.

ഇൻഡ്യാക്കാരായ നമുക്ക് വിദേശ രാജ്യങ്ങളിൽ പോകാം. അവിടെ സ്ഥിരമായി താമസിക്കാനാവില്ല എന്നതൊഴിച്ചാൽ അവിടുത്തെ ജനങ്ങൾക്ക് തുല്യമായ അവകാശങ്ങൾ നമുക്കും ലഭിക്കും. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമ സംഹിതയിൽ വലിയൊരു തത്വമുണ്ട്. "പ്രിൻസിപ്പിൾ ഓഫ് നോൺ-റീഫൗൾമെന്റ്" എന്നാണ് ആ തത്വം അറിയപ്പെടുന്നത്. അതു പ്രകാരം ഒരാൾ തന്റെ രാജ്യത്ത് മതപരമായോ രാഷ്ട്രീയപരമായോ അല്ലങ്കിൽ മറ്റെന്തെങ്കിലും കാരണത്താലോ പീഡനമനുഭവിക്കുന്നുവെന്നും അവിടെ തന്റെ ജീവന് ഭീഷണിയുണ്ടെന്നോ മനുഷ്യത്വരഹിതമായ പെരുമാറ്റത്തിന് വിധേയനാവുന്നുവെന്നോ പറഞ്ഞ് മറ്റൊരു രാജ്യത്ത് അഭയം തേടിയാൽ അത് നിരസിക്കരുതെന്നും അയാൾ അഭയം തേടിയതിന് പിന്നിലെ കാരണം യഥാർത്ഥമാണെങ്കിൽ അയാളെ ആ രാജ്യം ഉൾക്കൊള്ളണമെന്നുമാണ് ഈ തത്വം അനുശാസിക്കുന്നത്.

അതിനാൽ ആദ്യമായി നാം നമ്മുടെ നാട്ടിലെ ജനങ്ങളോട് പറയേണ്ടത് ഏത് രാജ്യത്തുള്ളയാളായാലും ഏത് മതത്തിൽപ്പെട്ടയാളായാലും എല്ലാവരും മനുഷ്യരാണെന്ന് അംഗീകരിക്കുകയും എല്ലാ വിധത്തിലുമുള്ള അവകാശങ്ങൾക്ക് എല്ലാവരും അർഹരാണെന്നും മറ്റൊരു രാജ്യത്തെ ആൾക്കാരായതിനാൽ അവരോട് മനുഷ്യത്വരഹിതമായി പെരുമാറുകയോ അവരോട് വിവേചനം കാട്ടുകയോ അവരെ അപരവൽക്കരിക്കുകയോ ചെയ്യരുത് എന്ന ബോധം ഉൾക്കൊള്ളണമെന്നുമാണ്.

ഈയൊരു ബോധം ഏറ്റവുമാദ്യം ഉൾക്കൊള്ളേണ്ടത് നാം ഇൻഡ്യാക്കാരാണ്. കാരണം ജനസംഖ്യ ധാരാളമുള്ള ഇൻഡ്യയിൽ നിന്നും അനേകം പേർ വിദേശത്തേക്ക് തൊഴിൽ തേടിയും മറ്റും പോകുന്നുണ്ട്. വിദേശത്ത് പോകുമ്പോൾ അവിടുത്തെ ജനങ്ങൾക്കുള്ള അടിസ്ഥാനാവകാശങ്ങൾ നമുക്കും ലഭിക്കണം എന്ന് പറയാൻ നമുക്ക് സാധിക്കണം. അത് സാധിക്കണമെങ്കിൽ നാം നമ്മുടെ നാട്ടിൽ വിവേചനം കാണിക്കാതിരിക്കണം. ഇന്ന് നാമിവിടെ വിവേചനം കാണിച്ചാൽ നാളെ വിദേശത്തുള്ള ഒരു ക്രിസ്ത്യൻ രാജ്യത്തോ മുസ്ലിം രാജ്യത്തോ നാം പോകുമ്പോൾ അവരും നമ്മോട് അതേപോലെ വിവേചനം കാട്ടിയെന്ന് വരാം. അത് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് നാം ഇൻഡ്യാക്കാരെയായിരിക്കും. അതിനാൽ എല്ലാ മനുഷ്യരെയും ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസം കൂടാതെ സമഭാവേന കാണണമെന്ന തത്വം നാം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കണം.

നേരത്തേ സൂചിപ്പിച്ച പോലെ എല്ലാവർക്കും തുല്യമായ അവകാശമുണ്ടായിരിക്കണം എന്ന വിശാലമായ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് നാം നമ്മുടെ ഭരണഘടനക്ക് രൂപം നൽകിയത്. ഇൻഡ്യയിൽ ജനിക്കുന്ന എല്ലാവരും ഇൻഡ്യൻ പൗരന്മാരായിരിക്കുമെന്നായിരുന്നു ഭരണഘടനയിൽ ആദ്യമുണ്ടായിരുന്ന വ്യവസ്ഥ. അച്ഛനോ അമ്മയോ


ഏത് രാജ്യത്തുള്ളവരായാലും ഇൻഡ്യയിൽ ജനിക്കുന്നവർ എല്ലാവരും ഇൻഡ്യൻ പൗരന്മാരായിരിക്കും. കുറേക്കാലത്തിന് ശേഷം ഈ വ്യവസ്ഥയിൽ ഒരു ചെറിയ നിബന്ധന കൊണ്ടു വന്നു. ഇൻഡ്യയിൽ ജനിച്ചാൽ മാത്രം പോര, മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ ഇൻഡ്യൻ പൗരനായിരിക്കണമെന്നായിരുന്നു ആ നിബന്ധന. കുറേക്കാലം കൂടി കഴിഞ്ഞപ്പോൾ നാം വീണ്ടും ഒരു മാറ്റം കൂടി കൊണ്ടു വന്നു. അമ്മയോ അച്ഛനോ ആരെങ്കിലും ഒരാൾ ഇൻഡ്യൻ പൗരനായിരിക്കണമെന്നത് കൂടാതെ മറ്റേയാൾ അനധികൃത കുടിയേറ്റക്കാരനോ കുടിയേറ്റക്കാരിയോ ആയിരിക്കരുത് എന്നായിരുന്നു ആ ഭേദഗതി. ഇത്തരത്തിൽ ഭേദഗതികൾ വരുത്തിയെങ്കിലും ഏറെക്കുറെ ഉദാരമായ ഒരു സമീപനമാണ് നാം നമ്മുടെ ഭരണഘടനയിൽ പൗരത്വ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചത്.

ഇൻഡ്യ-പാകിസ്ഥാൻ വിഭജന കാലത്ത് പാകിസ്ഥാനിൽ നിന്നും ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ഇൻഡ്യയിലേക്ക് വന്നവർക്ക് സ്വയമേവ ഇൻഡ്യൻ പൗരത്വം ലഭിക്കും. പക്ഷേ ഇൻഡ്യയിൽ നിന്നും പാകിസ്ഥാനിലേക്ക് പോയ ശേഷം മടങ്ങുന്നവർക്ക് സ്വയമേവ ഇൻഡ്യൻ പൗരത്വം ലഭിക്കില്ല എന്ന ഒരു ഭേദഗതി പിന്നീട് കൊണ്ടുവന്നു. പാകിസ്ഥാനിലേക്ക് പോകുന്നവർക്ക് ഒരു സ്ഥിരം നിരോധനമാണ് ഈ ഭേദഗതിയിലൂടെ നാം ഏർപ്പെടുത്തിയത്. ഈ ഭേദഗതിയിൽ മുസ്ലിം എന്ന് എടുത്ത് പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽക്കൂടിയും പാകിസ്ഥാനിലേക്ക് പോകുന്നവർ മുസ്ലിം സമുദായത്തിൽപ്പെട്ടവരായിരുന്നു. ഈ ഭേദഗതിയോടെയാണ് മുസ്ലിം സമുദായത്തോടുള്ള നിഷേധാത്മക നിലപാടിന് തുടക്കം കുറിക്കുന്നതെന്നും പൗരത്വത്തോടുള്ള നമ്മുടെ നിലപാടുകൾ വഴിതെറ്റിപ്പോയതെന്നും കാണാം.

രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ച വേളയിൽ ഇവിടെ ജനിക്കുന്ന എല്ലാവർക്കും പൗരത്വം ഉറപ്പായിരുന്നുവെങ്കിൽ പിന്നീട് കൊണ്ട് വന്ന ഭേദഗതികളിലൂടെ വിവേചനം തലപൊക്കാനാരംഭിച്ചു. എന്നാൽ 2003-ൽ കൊണ്ട് വന്ന പൗരത്വ ഭേദഗതി നിയമമായിരുന്നു ഇതിലേറ്റവും അപകടം പിടിച്ചത്. 2003-ൽ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ വലിയ തോതിൽ നുഴഞ്ഞുകയറ്റം നടക്കുന്നുവെന്ന പ്രചരണം ഉയർന്നതിനെത്തുടർന്ന് വരുത്തിയ ഈ ഭേദഗതികൾ പ്രകാരം ഒരു ദേശീയ പൗരത്വ രജിസ്റ്റർ സ്ഥാപിക്കാനുള്ള വ്യവസ്ഥ കൊണ്ടുവന്നു. ഈ ഭേദഗതിയാണ് ഇപ്പോൾ നടപ്പാക്കാൻ പോകുന്നത്.

ഇത് പ്രകാരം ഇൻഡ്യയിലെ എല്ലാവരും നിർബന്ധമായും പൗരത്വ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യണം. അതിൽ രജിസ്റ്റർ ചെയ്യാത്തവർ ഇൻഡ്യൻ പൗരനല്ല. മറിച്ച് അയാൾ പാസ്പോർട്ടില്ലാത്ത അന്യരാജ്യക്കാരനും "അനധികൃത കുടിയേറ്റ"ക്കാരനുമാണ്. 'അനധികൃത കുടിയേറ്റക്കാരൻ' എന്ന് ഈ ഭേദഗതിയിലൂടെ സൃഷ്ടിക്കപ്പെട്ട സംജ്ഞ വളരെ പ്രധാനപ്പെട്ടതാണ്. അയാൾക്ക് യാതൊരു വിധ പൗരാവകാശങ്ങളുമില്ല. അയാളെ ജയിലിലോ അല്ലങ്കിൽ തടങ്കൽപാളയത്തിലോ അടച്ചിടാം. പൗരത്വ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യാനെത്തുന്ന ഒരാൾ താൻ അനധികൃത കുടിയേറ്റക്കാരനല്ലന്നും ഇൻഡ്യൻ പൗരനാണെന്നും തെളിയിക്കണം. അത് ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. അപ്രകാരം തെളിയിക്കാനായില്ലങ്കിൽ അയാളെ രജിസ്റ്റർ ചെയ്യില്ല. അതോടെ അയാൾ ഇൻഡ്യൻ പൗരനല്ലാതായിത്തീരും.

എന്റെ തന്നെ ഉദാഹരണം ചൂണ്ടിക്കാട്ടി ഞാൻ ഈ വ്യവസ്ഥയുടെ അപകടത്തെക്കുറിച്ച് വിശദീകരിക്കാം. ഞാൻ ഇൻഡ്യയിൽ ജനിച്ചയാളാണ്. എന്നാൽ എന്റെ പക്കൽ അതിനുള്ള തെളിവില്ല. എന്നെ എന്റെ അമ്മ പ്രസവിച്ചത് തിരുവനന്തപുരത്തുള്ള ഓരാസ്പത്രിയിലാണെന്ന് അമ്മ പറഞ്ഞ് എനിക്കറിയാം. എന്റെ അമ്മ കോഴിക്കോട്ടുകാരി യാണെന്നും എന്റെ അച്ഛൻ കരുനാഗപ്പള്ളിയിലെ ഒരു പ്രശസ്ത തറവാട്ടംഗവുമാണെന്നും എനിക്കറിയാം. പക്ഷേ അതിനുള്ള തെളിവൊന്നും എന്റെ പക്കലില്ല. ഞാനൊരു ഇൻഡ്യൻ പൗരനല്ല എന്ന് ആരെങ്കിലും ആക്ഷേപ മുന്നയിച്ചാൽ മറിച്ച് തെളിയിക്കാൻ എന്റെ കയ്യിൽ തെളിവൊന്നുമില്ല. പാസ്പോർട്ടോ ആധാറോ ഒന്നും അതിനുള്ള ആധികാരിക രേഖയല്ല. എന്റെ ജനന സർട്ടിഫിക്കറ്റോ എന്റെ മാതാപിതാക്കളുടെ ജനന സർട്ടിഫിക്കറ്റോ ആണ് ആധികാരിക രേഖ. ഇതു രണ്ടും എന്റെ പക്കലില്ല. അതില്ലാത്ത പക്ഷം ഞാനൊരു ഇൻഡ്യൻ പൗരനാണെന്ന് തെളിയി ക്കാൻ എനിക്ക് കഴിയില്ല. അതിന് കഴിയാത്ത



പക്ഷം എനിക്ക് ദേശീയ പൗരത്വ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ല. രജിസ്റ്റർ ചെയ്തില്ലങ്കിൽ അനധികൃത കുടിയേറ്റക്കാരനായി മുദ്രകുത്തപ്പെട്ട് എന്നെ തടങ്കലിലാക്കാം. ഇതാണ് 2003-ലെ ഭേദഗതി പ്രകാരം ദേശീയ പൗരത്വ രജിസ്റ്ററിലൂടെ സൃഷ്ടിച്ച ഏറ്റവും വലിയ അപകടം.

2019-ൽ പൗരത്വ നിയമത്തിൽ കൊണ്ട് വന്ന ഭേഗതി എന്താണ്? 2014 ഡിസംബർ 31-ന് മുമ്പ് അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നീ മൂന്ന് അയൽ രാജ്യങ്ങളിൽ നിന്നും ഇൻഡ്യയിൽ അഭയം തേടിയ ഹിന്ദു, സിക്ക്, ബുദ്ധ, ജൈന, പാഴ്സി, ക്രിസ്ത്യൻ മത വിഭാഗങ്ങളിൽപ്പെടുന്നവർ അപേക്ഷിച്ചാൽ ഇൻഡ്യൻ പൗരത്വം നൽകുമെന്ന ഭേദഗതിയാണത്. തീർച്ചയായും ഈ ഭേദഗതി വിവേചനാപരമാണ്. അതെങ്ങിനെ വിവേചനാപരമാകുന്നുവെന്ന് നോക്കാം.

പൗരത്വമെന്നാൽ ഒരു ജനസമൂഹത്തിന്റെ സങ്കലനമാണ്. ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്ത പൗരത്വം എല്ലാ മനുഷ്യരേയും ഉൾക്കൊള്ളുന്ന ഒന്നായിരുന്നു. ലോകത്തുള്ള ആരായാലും ഏത് മതത്തിൽപ്പെട്ടയാളായാലും ഇവിടെ ജനിച്ചാൽ ഇവിടുത്തെ പൗരനായി കണക്കാക്കുമായിരുന്നു. ആ സമൂഹം വൈവിദ്ധ്യവും, സാഹോദര്യവും ഉദാരമനസ്സും മതനിരപേക്ഷതയുമുള്ള ഒരു സമൂഹമാകുമായിരുന്നു. മറിച്ച് ഇപ്പോൾ ഈ ഭേദഗതികളിലൂടെ നാം ചെയ്തതെന്താണ്? ആ സമൂഹത്തിൽ നമ്മൾ ആറു മതങ്ങൾക്ക് മാത്രം മുൻഗണന നൽകി. ബാക്കിയുള്ള മതക്കാരെ നമ്മുടെ ബഹുസ്വരസമൂഹത്തിൽ നിന്നും പുറത്താക്കി. അതിനർത്ഥം ഈ ആറു മതസ്ഥർ ഒഴികെയുള്ളവർക്ക് ഇൻഡ്യയിൽ ഇടമില്ല എന്നതാണ്. അവർക്ക് തുല്യത നൽകാനാവില്ല എന്ന ശക്തമായ സൂചന തന്നെയാണത്. ഇത് സമൂഹത്തെ വിഭജിക്കുകയാണ്. ഇത് മതങ്ങളുടെ പേരിൽ വിവേചനം കാട്ടുകയാണ്.

സമൂഹത്തെ ഇപ്രകാരം മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ചാലുണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ച് നാം ആലോചിക്കണം. പഴയ റോമ സാമ്രാജ്യത്തിലെന്ന പോലെ ചിലർക്ക് കൂടുതൽ അവകാശാധികാരങ്ങൾ ലഭിക്കുന്നതും മറ്റുള്ളവർക്ക് യാതൊരു വിധ അവകാശങ്ങളുമില്ലാത്ത ശ്രേണീകരിച്ചതും വിഘടിച്ചതുമായ ഒരു സമൂഹമായി നമ്മൾ മാറും. ചാതുർവർണ്യത്തിലേക്കും ബ്രാഹ്മണ്യത്തിലേക്കുമുള്ള തിരിച്ചുപോക്കിന്റെ ആദ്യപടിയായിരിക്കും അത്.

ഇപ്രകാരം വളരെ അപകടകരമായ ഒരു സാഹചര്യത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിന്റെ സ്വഭാവം മാറ്റി ശ്രേണീകരിച്ചതും പ്രത്യേക അവകാശങ്ങൾ കൈയ്യാളുന്ന പൗരന്മാരുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുകയാണ് ഈ നിയമത്തിന്റെ ഉദ്ദേശം. എന്തുകൊണ്ടാണിത് സംഭവിക്കുന്നത്? ഹിന്ദു എന്നുള്ള ഒരു സ്വത്വത്തെ നിർമ്മിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇത് സംഭവിക്കുന്നത്. ഹിന്ദുത്വം എന്ന മതപരമായ സങ്കൽപ്പം വളരെ ലോലവും ദുർബ്ബലവുമായ ഒന്നാണ്. 1925 സെപ്തംബർ 27-നാണ് ആർ.എസ്.എസ്. എന്ന സംഘടന ജനിക്കുന്നത്. അതിന്റെ പതിനൊന്നാം ദിവസം ശ്രീ നാരായണഗുരു പറഞ്ഞത് "ഹിന്ദുവെന്നൊരു മതമേ ഇല്ലല്ലോ. ഹിന്ദുസ്ഥാനിൽ വസിക്കുന്നവരെ ഹിന്ദുക്കൾ എന്ന് വിദേശികൾ വിളിച്ചുവെന്നേയുള്ളു. ക്രിസ്ത്യൻ, ഇസ്ലാം തുടങ്ങിയ വിദേശ മതങ്ങളൊഴികെ ഇൻഡ്യയിൽ ഉത്ഭവിച്ച മതങ്ങളെയെല്ലാം അവർ 'ഹിന്ദു' എന്ന പൊതു പദവി നൽകി" എന്നാണ്. (1925 ഒക്ടോബർ 8-ന് സി.വി.കുഞ്ഞുരാമൻ ശ്രീനാരായണഗുരുവുമായി നടത്തിയ അഭിമുഖ സംഭാഷണത്തിനിടയിലാണ് ഗുരുദേവൻ ഇങ്ങിനെ പറഞ്ഞത്. പ്രസ്തുത അഭിമുഖം 1925 ഒക്ടോബർ 9-ലെ 'കേരളകൗമുദി' പ്രസിദ്ധീകരിച്ചിരുന്നു).

1946 മുതൽ 1949 വരെ ഭരണഘടന അസംബ്ലി (കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി) യിൽ നടന്ന ഭരണഘടന രൂപീകരണ ചർച്ചകളിലും "ഹിന്ദു"വെന്നാൽ ഉയർന്ന ജാതിയിൽപ്പെട്ടവർ എന്നാണ് വിവക്ഷിച്ചിരുന്നത്. മറ്റുള്ളവരാരും ഹിന്ദുക്കളല്ല. എന്നാൽ വളരെ ചുരുങ്ങിയ സമയം കൊണ്ട് ഹിന്ദുവെന്നതിനെ മതപരമായ അസ്തിത്വമാക്കി വളർത്തിയെടുത്തിരിക്കുകയാണ്. അതിനെക്കുറിച്ച് പ്രശസ്തനായ പത്ര പ്രവർത്തകനും ഗ്രന്ഥകാരനുമായ അക്ഷയ മുകുൾ "ഗീത പ്രസ്സ് ആൻഡ് മേക്കിംഗ് ഓഫ് ദി ഹിന്ദു ഇൻഡ്യ" എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ആ ഗ്രന്ഥത്തിന് 2015-ൽ ഒരു അവാർഡ് ലഭിച്ചു. ആ അവാർഡ് ദാനം നിർവഹിക്കാൻ സംഘാടകർ പ്രധാനമന്ത്രിയെയായിരുന്നു ക്ഷണിച്ചിരുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ നിന്നും ആ അവാർഡ് സ്വീകരിക്കില്ലന്ന് പ്രഖ്യാപിച്ച് അക്ഷയ മുകുൾ ആ ചടങ്ങിലേ പങ്കെടുത്തില്ല. അദ്ദേഹത്തിന്റെ ആ ഗ്രന്ഥത്തിൽ ഹിന്ദു ഇൻഡ്യയെ നിർമ്മിക്കാനുള്ള പദ്ധതികളെക്കുറിച്ച് സവിസ്തരം വിവരിക്കുന്നുണ്ട്. ഹിന്ദുത്വം ഒരു രാഷ്ട്രീയ പദ്ധതിയാണ്. ആ ഹിന്ദുത്വത്തിനെ കേന്ദ്രബിന്ദുവായി പ്രതിഷ്ഠിച്ച് ഹിന്ദി ഭാഷ, ഹിന്ദു സംസ്ക്കാരം, ഹിന്ദു രാഷ്ട്രം എന്ന രാഷ്ട്രീയ അജണ്ട നടപ്പാക്കുകയാണ്. ഹിന്ദി-ഹിന്ദു-ഹിന്ദുസ്ഥാൻ എന്ന അടിത്തറയിലുള്ള രാഷ്ട്രം സൃഷ്ടിക്കുകയാണ് ആത്യന്തിക ലക്ഷ്യം. ഈ ഹിന്ദുരാഷ്ട്ര സിദ്ധാന്തത്തിൻ പിന്നിലുള്ളത് ബ്രാഹ്മണ്യത്തിലേക്കും വർണ്ണാശ്രമത്തിലേക്കും തിരികെ പോയി സവർണ്ണ ഏകാധിപത്യ രാഷ്ട്രം സ്ഥാപിക്കുക എന്ന ലക്ഷ്യമാണ്. ഹിന്ദു രാഷ്ട്രമെന്നാൽ ബ്രാഹ്മണ്യ രാഷ്ട്രമാണ്. ഹിന്ദുത്വത്തിന്റെ കാതലായ സവിശേഷത തന്നെ ശ്രേണീകരണവും അസമത്വവുമാണ്. അതിനാൽ ഹിന്ദു രാഷ്ട്രം അസമത്വ രാഷ്ട്രമായിരിക്കും. ഹിന്ദു രാഷ്ട്രത്തിലുള്ള എല്ലാവരും ജനനത്തിന്റേയോ പദവിയുടേയോ അടിസ്ഥാനത്തിൽ ശ്രേണീകരിക്കപ്പെട്ടവരായിരിക്കും.

ഈ ഗൂഢപദ്ധതിയുടെ ഭാഗമാണ് 2019-ലെ പൗരത്വ ഭേദഗതി നിയമം. അത് ഹിന്ദുരാഷ്ട്രത്തിന്റെ ശിലാന്യാസമാണ്. ഹിന്ദുരാഷ്ട്ര സങ്കൽപ്പം ഒരു ഭീകര സങ്കൽപ്പമാണ്. ആ സങ്കൽപ്പം സാക്ഷാത്ക്കരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അത് ഒരു വിധത്തിലും നാം അനുവദിക്കാൻ പാടില്ല. അത് നമ്മെ ശ്രേണീകരിച്ച് അടിമകളാക്കി പഴയ വേദകാല സാമൂഹ്യകാലഘട്ടത്തിലേക്കും മനുഷ്യത്വം പോലും നിഷേധിക്കുന്ന സാഹചര്യത്തിലേക്കും തിരികെ കൊണ്ടുപോകും. അതിനാൽ നാമെല്ലാവരും ജാതിമത ഭേദമില്ലാതെ ഒരേ മനസ്സോടെ ഒന്നിച്ച് നിന്ന് ഈ നിയമത്തെ രാഷ്ട്രീയമായി പ്രതിരോധിക്കണം.



പ്രഭാത് പട്നായിക്ക്

# ദാരിദ്ര്യം കുറഞ്ഞുവെന്ന വാദം അടിസ്ഥാന രഹിതം

**ഇ**ന്ത്യയിലെ ദരിദ്രരുടെ എണ്ണം അഞ്ച് ശതമാനത്തിൽ താഴെയായി എന്ന് നീതി ആയോഗിന്റെ ചീഫ് എക്സിക്യൂട്ടീവ് ഈയിടെ അവകാശപ്പെട്ടിരുന്നു. ഗ്രാമ-നഗര ഭേദമെന്യേ ജനസംഖ്യയുടെ 5 ശതമാനത്തിന്റെ ആളോഹരി ചിലവ് 2022-23-ൽ ദാരിദ്ര്യ രേഖക്ക് താഴെയായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഈ അവകാശവാദം ഉന്നയിച്ചത്. തികച്ചും അത്ഭുതകരം എന്ന് തന്നെ ഈ അവകാശവാദത്തെ വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു.

ഉപഭോകതൃ വില സൂചികയുടെ അടിസ്ഥാനത്തിൽ സുരേഷ് ടെണ്ടുൽക്കറുടെ നേതൃത്വത്തിലുള്ള സമിതി 2011-12-ൽ നിർദ്ദേശിച്ചതും കലോറി (കഴിക്കുന്ന ഭക്ഷണത്തിൽ നിന്നും ലഭിക്കുന്ന ഊർജ്ജം) ഉപഭോഗം, അവശ്യ വസ്തുക്കളുടെ വില തുടങ്ങിയ വസ്തുനിഷ്ഠമായ വിവരങ്ങൾ കണക്കിലെടുത്തു കൊണ്ടുമുള്ള ദാരിദ്രരേഖ നിർണ്ണയ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ല നീതി ആയോഗ് ഈ അഭിപ്രായം പറയുന്നത്. ഏകപക്ഷീയമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ ഈ നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. കൂടാതെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ സേവനമേഖലകളിൽ സ്വകാര്യവൽക്കരണം മൂലമുണ്ടായ ഉയർന്ന ചിലവ് പരിഗണി ക്കാതെ ഉപഭോക്തൃ വില സൂചിക കുറച്ചു കാണിക്കുന്ന പ്രവണതയുമുണ്ട്.

2022-23-ലെ ഉപഭോക്തൃ വില സൂചിക കണക്കാക്കിയത് മുമ്പത്തെ എല്ലാ സർവ്വേകളിൽ നിന്നും വ്യത്യസ്ത മായ രീതിയിലാണ്. അതിനാൽ അവയെ മുൻ സർവ്വേകളുമായി താരതമ്യപ്പെടുത്താനാവില്ല. കൂടാതെ പൂർണ്ണമായ സ്ഥിതിവിവര കണക്കുകൾ സർക്കാർ പുറത്ത് വിടാത്തതിനാൽ അതിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ നീതി ആയോഗ് അവകാശപ്പെടുന്ന ഈ അഞ്ചുശതമാനത്തിന് പവിത്രത തീരെ കുറവാണ്. അതിനാൽ ഈ കണക്ക് ലോക്സഭ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള പ്രചരണത്തിനു വേണ്ടി തല്ലിക്കൂട്ടിയതാണ് എന്ന നിഗമനം തള്ളിക്കളയാനാവില്ല.

2017-18 വർഷത്തെ ഉപഭോക്തൃ സർവ്വേയിലെ കണ്ടെത്തലുകൾ തികച്ചും ദയനീയമാണ്. അതുകൊണ്ടു തന്നെയാണ് സർക്കാർ അത് പ്രസിദ്ധീകരിക്കാതെ പിൻവലിച്ചതും. എന്നാൽ ചോർന്നു കിട്ടിയ വിവരങ്ങൾ പ്രകാരം നഗരപ്രദേശങ്ങളിലെ ജനങ്ങളിൽ 60 ശതമാനത്തിനും ആസൂത്രണ കമ്മീഷൻ മാനദണ്ഡപ്രകാരമുള്ള 2100 കലോറി ലഭിക്കാനാവശ്യമായ ഭക്ഷണം ലഭിക്കുന്നില്ല എന്നറിയാനായിട്ടുണ്ട്. ഈ അനുപാത നിരക്ക് 1993-94ലെ 57 ശതമാനത്തേക്കാൾ കൂടുതലാണ്. എന്നാൽ 2017-18ലെ 65 ശതമാനത്തിനേക്കാൾ കുറവുമാണ്. ഗ്രാമപ്രദേശങ്ങളിൽ മാനദണ്ഡപ്രകാരമുള്ള 2200 കലോറി ലഭിക്കാത്തവരുടെ അനുപാതം 2011-12 വർഷത്തിൽ 68 ശതമാനമാ യിരുന്നുവെങ്കിൽ 2017-18ൽ 80 ശതമാനത്തിനും മുകളിലാണ്. ഗ്രാമ-നഗരപ്രദേശങ്ങൾ ഒന്നിച്ചെടുത്ത് കണക്കു കൂട്ടിയാൽ 2011-12 വർഷത്തേക്കാൾ 2017-18 വർഷത്തിൽ ദരിദ്രരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചതായി കാണാം.

ചുരുക്കത്തിൽ 2011-12നും 2017-18നും ഇടയിൽ രാജ്യത്തെ ദാരിദ്ര്യം ഗണ്യമായി വർദ്ധിച്ചു. 2017-18 ന് ശേഷം നാമൊരു മഹാമാരിയേയും ദീർഘകാല ലോക്ക്ഡൗണിനെയും നേരിട്ടു. ഇന്ന് രാജ്യത്തെ സമ്പദ്‌വ്യവസ്ഥ ഒരു വീണ്ടെടുക്കലിന്റെ പാതയിലാണ്. എന്നിരുന്നാലും ഇന്നത്തെ തൊഴിലില്ലായ്മ മഹാമാരിക്കാലത്തേക്കാൾ കൂടുതലാണ്. മഹാമാരിയും ലോക്ക്ഡൗണും സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ച ഒരു കാലഘട്ടത്തിനു ശേഷം ദാരിദ്ര്യ ത്തിന്റെ അനുപാതം മുൻവർഷങ്ങളേക്കാൾ കുത്തനെ കുറഞ്ഞുവന്ന അവകാശവാദത്തിന് വിശ്വാസയോഗ്യതയില്ല.

കലോറി ഉപഭോഗം ദാരിദ്ര്യത്തിന്റെ സൂചകമാക്കാൻ കഴിയില്ലെന്ന് വാദിക്കുന്നവരുണ്ടായേക്കാം. എന്നാൽ ഈ വാദം തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലുള്ളതാണ്. യഥാർത്ഥത്തിൽ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമ്പോൾ കലോറി ഉപഭോഗത്തിലും വർദ്ധനയുണ്ടാകും. പ്രതിശീർഷ വരുമാനവും പ്രതിശീർഷ ഉപഭോഗവും തമ്മിൽ അടിസ്ഥാനപരമായി ബന്ധമുണ്ടെന്ന് അനുഭവത്തിന്റെ വെളിച്ചത്തിലെ തെളിവുകൾ വ്യക്തമാക്കുന്നു. പ്രതിശീർഷ വരുമാനത്തെ കുറിച്ച് വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതിനാൽ ഉപഭോക്തൃ വില സൂചിക



പ്രകാരമേ ഉപഭോഗം സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യാനും താരതമ്യം ചെയ്യാനും കഴിയൂ. എന്നാൽ അത്തരം സൂചകങ്ങളും വിശ്വസനീയങ്ങളല്ല.

ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്താൽ 2017-18 വരെ രാജ്യത്ത് ദാരിദ്ര്യത്തിന്റെ അനുപാതം വർദ്ധിച്ചിരുന്നു എന്ന് കാണാം. അതിനു ശേഷമുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ലാ ത്തതിനാൽ നമുക്ക് അതിനെക്കുറിച്ചറിയില്ല. സർക്കാർ പിൻവലിച്ച 2022-23ലെ ഉപഭോക്തൃ സർവ്വേയിലെ ഫലം ലഭ്യമാകുകയാണെങ്കിൽ രാജ്യത്തെ ദാരിദ്ര്യത്തിന് യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത് എന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കാനാകുമായിരുന്നു. അവ ലഭ്യമാകുന്നത് വരെ വിശ്വസനീയമല്ലെങ്കിലും പരോക്ഷമായ തെളിവുകളെ ആശ്രയിക്കാൻ മാത്രമേ നമുക്കിപ്പോൾ കഴിയൂ. അത്തരത്തിൽ ലഭ്യമായ എല്ലാ തെളിവുകളും വിരൽ ചൂണ്ടുന്നത് രാജ്യത്തെ ദാരിദ്ര്യത്തിന്റെ ദയനീയ രൂപവും ദാരിദ്ര്യ അനുപാതത്തിന്റെ വർദ്ധനവിലേക്കുമാണ്.

ഇത്തരത്തിൽ ലഭ്യമാകുന്ന ആദ്യത്തെ തെളിവ് ദേശീയ കുടുംബാരോഗ്യ സർവ്വേ ഫലങ്ങളാണ്. 2019-21-ലെ സർവ്വേ ഫലം കാണിക്കുന്നത് 15-നും 49-നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകളിൽ അനീമിയ (രക്തക്കുറവ് മൂലം ഉണ്ടാകുന്ന വിളർച്ച) 2015-16 വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചു എന്നാണ്. 2015-16ൽ വിളർച്ചയുള്ളവരായി 53 ശതമാനം പേരെയാണ് കണ്ടെത്തിയതെങ്കിൽ 2019-21-ൽ അവരുടെ എണ്ണം 57 ശതമാനമായി വർദ്ധിച്ചു. 2015-16 വർഷത്തിൽ 50 ശതമാനത്തിലേറെ വിളർച്ച ബാധിച്ച സ്ത്രീകൾ 21 സംസ്ഥാനങ്ങളിലേ ഉണ്ടായിരുന്നുള്ളുവെങ്കിൽ 2019-21-ലെ സർവ്വേയിൽ അവർ 25 സംസ്ഥാനങ്ങളിൽ ഉണ്ടെന്ന് വെളിവായി.

രണ്ടാമത്തെ പരോക്ഷ തെളിവ് ആഗോള പട്ടിണി സൂചികയിൽ നിന്നാണ് ലഭിക്കുന്നത്. 2023-ലെ ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 125 രാജ്യങ്ങൾക്കിടയിൽ 111-ാമതാണ്. ഈ സൂചിക തയ്യാറാക്കാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ ശരിയല്ല എന്ന് പറഞ്ഞ് ഇൻഡ്യ അതിനെ എതിർക്കുന്നു. മാനദണ്ഡങ്ങളോട് ആർക്കെങ്കിലും യോജിപ്പുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. ജനസംഖ്യയിലെ ഏറ്റവും താഴെത്തട്ടിൽ ഉള്ളവർക്ക് പോലും യഥാർത്ഥ പ്രതിശീർഷ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായതായും അതുവഴി ദാരിദ്ര്യത്തിന്റെ നിരക്ക് കുത്തനെ കുറഞ്ഞുവന്നു അവകാശപ്പെടുകയും ചെയ്യുമ്പോൾ അതിന്റെ പ്രതിഫലനമായി പട്ടിണി സൂചികയിൽ പുരോഗതി കാണേണ്ടതാണ്. അത് കാണുന്നില്ല. മാത്രമല്ല പട്ടിണി സൂചികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പോഷകാഹാരക്കുറവ്, കുട്ടികളിലെ വളർച്ച മുരടിപ്പ്, ശിശുമരണ നിരക്ക് തുടങ്ങിയ ഘടകങ്ങളുടെയും സ്ഥിതി 2008-നെ അപേക്ഷിച്ച് വളരെ മോശമായിരുന്നു. ഈ നൂറ്റാണ്ടിലെ ആദ്യത്തെ ദശകങ്ങളെ അപേക്ഷിച്ച് പട്ടിണി സൂചിക കണക്കാക്കാൻ ഉപയുക്തമാക്കിയ എല്ലാ സൂചകങ്ങളും 2023-ൽ വഷളായിട്ടുമുണ്ട്. അതിനാൽ ജനസംഖ്യയിൽ താഴെയുള്ളവരുടെ വരുമാനത്തിൽ ഉണ്ടായ പുരോഗതി കാരണം ദാരിദ്ര്യം കുത്തനെ കുറഞ്ഞുവെന്ന അവകാശവാദത്തിന് അടിസ്ഥാനമൊന്നുമില്ല.

മൂന്നാമത്തെ തെളിവ് കാണാൻ കഴിയുന്നത് "സീറോ ഫുഡ് ചിൽഡ്രൻ" ("ഭക്ഷണ രഹിത ശിശുക്കൾ") എന്ന് വിളിക്കപ്പെടുന്നവരിൽ നിന്നാണ്. 6-നും 23-നും മാസങ്ങൾക്കിടയ്ക്ക് പ്രായമുള്ളതും 24 മണിക്കൂറിൽ ഒന്നും കഴിക്കാത്തതുമായ കുഞ്ഞുങ്ങളെയാണ് "സീറോ ഫുഡ് ചിൽഡ്രൻ" എന്നറിയപ്പെടുന്നത്. എന്നാൽ ഇത് പൂർണ്ണമായും ശരിയല്ല. 24 മണിക്കൂറുകൾക്കുള്ളിൽ മുലപ്പാൽ അല്ലാതെ പരിപൂരകമായ ഭക്ഷണം ഒന്നും ലഭിക്കാത്ത കുഞ്ഞുങ്ങൾ എന്നാണ് യഥാർത്ഥത്തിൽ ഇത് അർത്ഥമാക്കുന്നത്. ഏറ്റവും കൂടുതൽ "സീറോ ഫുഡ് ചിൽഡ്രൻ" ഉള്ള ലോകത്തെ മൂന്നാമത്തെ രാജ്യമാണ് നമ്മുടേത്. രാജ്യത്ത് ആകെയുള്ള കുട്ടികളിൽ 19.3 ശതമാനവും ഈ ഗണത്തിൽ പെടുന്ന വരാണ്. 2023-ൽ ഇത്തരത്തിലുള്ള 67 ലക്ഷം കുഞ്ഞുങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് തികച്ചും ദൗർഭാഗ്യകരം ആണെന്ന വസ്തുത നിഷേധിക്കാനാവില്ല. കുടുംബത്തിന്റെ വാങ്ങൽ ശേഷിക്കുറവാണ് ഇതിനൊരു പ്രധാനകാരണം. ഇത് ദാരിദ്ര്യത്തിന്റെ മറ്റൊരു പ്രകടനമാണ്. നമ്മുടെ നാട്ടിൽ നിന്നും ദാരിദ്ര്യം തുടച്ചു നീക്കി എന്ന് അവകാശവാദം തീർത്തും അടിസ്ഥാനരഹിതമാണെന്ന് ഈ വസ്തുതകൾ സൂചിപ്പിക്കുന്നു.

സർക്കാർ എന്തൊക്കെ തിരിമറി നടത്തിയാലും ഇന്ത്യ ഒരു ദരിദ്ര രാജ്യമാണെന്ന വസ്തുത ലോകത്തിനറിയാം. ഇന്ത്യയിലെ ജനസംഖ്യയിൽ 74 ശതമാനം പേർക്കും ആഗോള ഭക്ഷ്യ-കാർഷിക സംഘടന മാനദണ്ഡപ്രകാരമുള്ള ഏറ്റവും കുറഞ്ഞ പോഷകാഹാരങ്ങളടങ്ങിയ ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ കഴിയുന്നവരല്ല എന്നാണ് ഐക്യരാഷ്ട്ര സഭ ഈയിടെ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇത് ഞെട്ടിപ്പിക്കുന്ന മറ്റൊരു വസ്തുതയാണ്.

ആർ അനിൽകുമാർ
കേരളാ സ്‌റ്റേറ്റ് കർഷക തൊഴിലാളി ഫെഡറേഷൻ
(ബി.കെ.എം.യു) സംസ്ഥാന സെക്രട്ടറി

# ഭൂരഹിതരില്ലാത്ത കേരളം സാധ്യമോ...?

സ്വന്തമായി ഒരു പിടി മണ്ണ് ഏതൊരു മനുഷ്യന്റേയും മോഹമാണ്. മരിച്ചാൽ കുഴിച്ചിടാൻ ആറടി മണ്ണിന്റെ അവകാശം എന്നത് ഒരിക്കലും ദുരാഗ്രഹമായി കരുതാൻ കഴിയില്ല. നിർഭാഗ്യവശാൽ മൂന്നര കോടിയോളം ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ ഈ കൊച്ചു കേരളത്തിൽ ഏഴ് ലക്ഷത്തോളം ഭൂരഹിതർ ഉണ്ടെന്നത് ഭൂമി ഇല്ലാത്തവരെ കുറിച്ച് ചിന്തിക്കുന്നവർക്ക് ദുഃഖം ഉളവാക്കുന്നു. അത് ഇന്നത്തെ കേരളത്തിന് അഭിസംബോധന ചെയ്യാതെ പോകാൻ കഴിയാത്തവിധം നമ്മെ തുറിച്ച് നോക്കുന്ന യാഥാർത്ഥ്യവുമായിരിക്കുകയുമാണ്. കേരളത്തിന്റെ സാമൂഹ്യമാറ്റത്തിൽ മനുഷ്യ മനസിലേയ്ക്ക് അവൻ അനുഭവിക്കുന്ന യാതനകളും അവഗണനകളും അവനിലേയ്ക്ക് തന്നെ സന്നിവേശിപ്പിച്ച കെപിഎസി എന്ന മഹത്തായ പ്രസ്ഥാനം അവതരിപ്പിച്ച 'അശ്വമേധം' എന്ന നാടകത്തിലെ "പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശമുണ്ട് മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിൽ ഇടമില്ല" എന്ന മറക്കാനാത്ത ഗാനവും അവതരണവും ഈ അവസരത്തിൽ ഓർത്ത് പോകുകയാണ്.

ഭൂമിയെ കുറിച്ച് ആദ്യമായി ഇവിടെ ശബ്ദിച്ചത് കർഷകതൊഴിലാളികളും കമ്മ്യൂണിസ്റ്റ് പാർട്ടിയും ആയിരുന്നു എന്ന് ചരിത്രത്തെ യഥാർത്ഥ്യ ബോധ്യത്തോടെ വിശകലനം ചെയ്താൽ നമുക്ക് മനസിലാകും. മദ്ധ്യതിരുവിതാംകൂർ അടക്കമുള്ള പ്രദേശത്ത് ജന്മി-കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നപ്പോൾ ജന്മിയുടെ പറമ്പിൽ ഒരു മൂലയ്ക്ക് ഒറ്റൊല തൂക്കിയ ചായ്പ്പ് ഉണ്ടാക്കി കുടുംബ സമേതം കുടിയാൻ അവിടെ കഴിയണമായിരുന്നു. പകലന്തിയോളം പണി എടുക്കുന്ന അവന് ആ പറമ്പിൽ അവൻ നട്ട് പിടിപ്പിച്ചതിൽ നിന്ന് ഒരു കായോ കനിയോ രുചിച്ച് നോക്കുവാൻ പോലും അനുവാദം ഇല്ലാതിരുന്നു. കുടിയാന്റെ കുടുംബത്തിൽ കുടിയാൻ അടക്കം ആരെങ്കിലും മരണപ്പെട്ടാൽ പഴമ്പായിൽ ചുരുട്ടി രാത്രിയുടെ അന്ത്യയാമങ്ങളിൽ നടുകായലിൽ കൊണ്ട് കളയുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളു. ജന്മിക്ക് കുടിയാനോട് എന്തെങ്കിലും നീരസം തോന്നിയാൽ കുടിയാന്റെ ഓല മേഞ്ഞ ചെറ്റകുടിൽ കത്തിച്ചു കളഞ്ഞ് അവനെയും കുടുംബത്തെയും ആട്ടി ഓടിക്കുന്ന പ്രാകൃതവും പൈശാചിക



വുമായ ഒരു അലിഖിത നിയമ വ്യവസ്ഥ ഇവിടെ നിലനിന്നിരുന്നു.

തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരും ദൃഷ്ടിയിൽ പെട്ടാൽ ദോഷമുണ്ടായിരുന്ന ഈ നാട്ടിൽ ഇനിയൊരു കുടിയാനെയും കുടിയിറക്കാൻ ഞങ്ങൾ അനുവദിക്കില്ല എന്ന ഉറച്ച ശബ്ദം കേട്ടത് ഉമ്മറിന്റെ ചായക്കട തിണ്ണയിൽ കൂടിയ കർഷക തൊഴിലാളികളുടെ ആദ്യ യോഗത്തിലാണ്. നിലാവിന്റെ വെളിച്ചത്തിൽ സാധുജന മഹാസഭ സെക്രട്ടറി ശീതങ്കന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആ യോഗത്തിൽ കർഷക തൊഴിലാളി സംഘടനയുടെ സ്ഥാപക നേതാവ് എസ്.കെ.ദാസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന പ്രിയ സഖാവ് കോണിശ്ശേരി ശങ്കു കേശവദാസിൽ നിന്നായിരുന്നു ആ ശബ്ദം ഉയർന്ന് കേട്ടത്. അത് ആ നാട്ടിലും കുട്ടനാടിന്റെ വിവിധ പ്രദേശങ്ങളിലും മദ്ധ്യതിരുവിതാംകൂറിലും ഉണ്ടാക്കിയ പ്രതിധ്വനികൾ ചെറുതൊന്നും ആയിരുന്നില്ല.

തൊഴിലാളികളുടെ ചെറുത്ത് നിൽപ്പും ജന്മിമാരും കൂലിപട്ടാളക്കാരും ജന്മിമാരുടെ ഗുണ്ടകളും പോലിസും, ഭരണ സംവിധാനങ്ങളും തൊഴിലാളികൾക്ക് നേരെ തിരിഞ്ഞപ്പോൾ പോരാട്ട വീര്യം കൊണ്ടും തന്റേ മോചനത്തിനും നിലനിൽപ്പിനും മരണമെങ്കിൽ മരണമെന്ന് ഉറക്കെ പ്രഖ്യാപിച്ച് കൊണ്ടും കർഷകതൊഴിലാളികൾ നിലകൊണ്ടപ്പോൾ അവ രക്തരൂക്ഷിത പോരാട്ടങ്ങളായി മാറി. "നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയെ" എന്ന കേരളത്തിലെ കർഷക തൊഴിലാളികളുടെ ഉണർത്ത് പാട്ട് ഇവിടുത്തെ ഭൂവുടമാ ബന്ധത്തെ ശക്തമായി സ്വാധിനിച്ച ഈരടികളായിരുന്നു. സ്ഥിതി സമത്വത്തിന്റേ കാഹളം മുഴക്കി മുന്നേറിയ കമ്മ്യൂണിസ്റ്റ് പാർട്ടി 1957–ൽ കേരളത്തിൽ അധികാരത്തിലെത്തിയപ്പോൾ കാർഷിക ബന്ധ നിയമം നടപ്പിലാക്കാൻ ശ്രമിച്ചതും ഇതിന്റെ അടിസ്ഥാനത്തിലാണ്. നിരവധി സന്ദർഭങ്ങളിൽ ഭൂപരിഷ്കരണ നിയമം നടപ്പാക്കാൻ ശ്രമിച്ചിരുന്നു എങ്കിലും അവയൊക്കെ നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണ് ഉണ്ടായത് എന്ന് കാണാൻ കഴിയും.

കുടിലുകളിലും കൂരകളിലും കൺമണിപോൽ സൂക്ഷിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമാരാദ്ധ്യനായ നേതാവ് സ.സി. അച്ചുതമേനോൻ പ്രത്യേക താൽപര്യമെടുത്ത് ഭരണ ഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കി. 1970 ജനുവരി 1–ന് ഈ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ കർഷക തൊഴിലാളികൾക്കും പാർശ്വവത്കൃത ജന സമൂഹത്തിനും ഭൂമിയിൽ അവകാശം ലഭ്യമായി എന്ന ചരിത്ര യാഥാർത്ഥ്യം നമ്മുടെ മുൻപിൽ നിൽക്കുമ്പോഴാണ് ഭൂമിക്ക് വേണ്ടിയുള്ള കാത്തിരിപ്പായി മഴ കാത്ത് നിൽക്കുന്ന വേഴാമ്പലിനെ പോലെ ഒരു പറ്റം മനുഷ്യർ നിസഹായരായി നിലകൊള്ളുന്നത്. സ്വന്തമായി മേൽവിലാസമില്ലാത്തവന്റെ ഉള്ളിൽ ഉരുകി ഒലിക്കുന്ന ലാവ നാശം വിതച്ച് പൊട്ടി ഒഴുകാതെ നോക്കേണ്ടത് പുരോഗമ പ്രസ്ഥാനങ്ങളുടെയും തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ബാദ്ധ്യതയാണ്.

1970–ലെ ഭൂപരിഷ്ക്കരണ നിയമപ്രകാരം പ്രായ പൂർത്തിയായ അവിവാഹിതൻ മാത്രമുള്ള കുടുംബത്തിന് ഏഴ് ഏക്കറും അഞ്ച് അംഗങ്ങൾ വരെയുള്ള കുടുംബത്തിന് പതിനഞ്ച് ഏക്കറും അഞ്ച് അംഗങ്ങളിൽ അധികമുള്ള കുടുംബത്തിന് ഒരാൾക്ക് ഒരേക്കർ എന്ന ക്രമത്തിൽ ഇരുപത് ഏക്കർ വരെ കൈവശം വയ്ക്കാം. ഭൂമിയുടെ ആവശ്യകത വർദ്ധിച്ച് വരുകയും ഭൂലഭ്യത കുറയുകയും ചെയ്യുമ്പോൾ കേരള ഭൂ പരിഷ്ക്കരണ നിയമത്തിലെ ഈ വ്യവസ്ഥകൾ മാറ്റി എഴുതപ്പെടേണ്ടത് തന്നെയാണ്.



അതുപോലെ തോട്ടംമേഖലയിലെ അവസ്ഥയും പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. നാണ്യവിള കൃഷിയിടങ്ങൾക്ക് ഭുപരിധി നിശ്ചയിക്കാത്ത വ്യവസ്ഥ മാറ്റപ്പെടേണ്ട സമയം ആയിരിക്കുന്നു. പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തിരുന്ന പല തോട്ടങ്ങളിലും ഇന്ന് അവരുടെ എണ്ണം ആയിരത്തിൽ താഴെയായിരിക്കുന്നു. തൊഴിലെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കണക്കാക്കി ഭൂവിസ്തൃതിയിൽ മാറ്റം വരുത്തിയാൽ ഭൂരഹിതരില്ലാത്ത കേരളത്തിലേയ്ക്ക് നടന്നടുക്കാൻ നമുക്ക് കഴിയും. അതിനുള്ള ഇച്ഛാശക്തിയും രാഷ്ട്രീയ തിരുമാനവും ഉണ്ടാകേണ്ടതായിട്ടുണ്ട്. ○

വി.എസ്. ജയനാരായണൻ

സ്വാതന്ത്ര്യ സമരവും ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ വളർച്ചയും – 11

# ഇന്ത്യൻദേശീയതയുടെ വളർച്ച

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേശീയ പ്രസ്ഥാനത്തോട് കൂടുതൽ ആഭിമുഖ്യമുള്ള നേതാക്കൾ മേധാവിത്വം നേടുകയുണ്ടായി. ഇക്കാരണത്താൽ തന്നെ തൊഴിലാളി പ്രശ്നങ്ങളിൽ ദേശീയ നേതൃത്വം ചെറിയ തോതിൽ ഇടപെടാനും തുടങ്ങി. ഇത് തൊഴിലാളി പ്രസ്ഥാനങ്ങളെ പരിമിതമായ തോതിൽ ആണെങ്കിൽ പോലും മുന്നേറ്റത്തിന് സഹായിച്ചു. തൊഴിലാളി പ്രസ്ഥാനങ്ങളുടെ മുന്നേറ്റം ദേശീയ പ്രസ്ഥാനത്തിൻറെ മുന്നേറ്റത്തിന് ശക്തി പകരുകയുമുണ്ടായി.

ഇന്ത്യൻ റെയിൽവേയുടെ വികസനവും അതിന്റെ ഫലമായി ഉണ്ടായ വ്യാവസായിക വളർച്ചയും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ ഇന്ത്യയിൽ ഒരു പുതിയ സാമ്പത്തിക അടിത്തറ രൂപപ്പെടുത്തുകയുണ്ടായി. ഈ സാമ്പത്തിക അടിത്തറ ബ്രിട്ടീഷ് ഭരണത്തിന് മാത്രമല്ല പുതിയ ഇന്ത്യൻ ബൂർഷ്വാ വർഗ്ഗത്തിനും എതിരായ ഒരു പരിഷ്കരണ പ്രസ്ഥാനത്തിന് രൂപം നൽകി, ഇതായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ് പിറവിയെടുക്കുന്നതിനുണ്ടായ പ്രത്യേക കാരണം.

മാനവ വികസനത്തിലും മനുഷ്യാവകാശത്തിലും ഒരു ചരിത്രവും ഇല്ലാതിരുന്ന ഇന്ത്യൻ സമൂഹം ക്രമേണ ഒരു ദേശീയ വിമോചന പ്രസ്ഥാനമായി മാറുകയായിരുന്നു. ഒരു ബൂർഷ്വ നേതൃത്വമായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസിന് അക്കാലത്ത് ഉണ്ടായിരുന്നത്. ഇന്ത്യയിലെ ജനങ്ങളുടെ ഗൗരവമില്ലാത്ത ചില ആവശ്യങ്ങൾ ബ്രിട്ടീഷ് സർക്കാരിനോട് അപേക്ഷിക്കുക എന്നതായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ.

പൊതു സാമൂഹിക വിപത്തുകൾ എതിർക്കപ്പെടണം എന്ന അവബോധം ക്രമേണ ഇന്ത്യക്കാരിൽ ഉയർന്നു വരാൻ തുടങ്ങി. ഇതോടു കൂടി രാഷ്ട്രീയ രംഗത്ത് പ്രാധാന്യവും ജനസ്വീകാര്യതയും നേടാൻ ഇന്ത്യൻ ദേശീയതക്ക് കഴിഞ്ഞു.

ഇന്ത്യയിൽ ആദ്യമായി രാഷ്ട്രീയ പരിഷ്കരണ പ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങിയത് രാജാറാം മോഹൻ റോയ് ആയിരുന്നു. കുറേ സംഘടനകൾ പൊതുരംഗത്ത് പ്രവർത്തനമാരംഭിച്ചു വന്നിരുന്നു. സാമ്പത്തികവും ജാതീയവുമായി മുന്നോക്ക വിഭാഗത്തിൽപ്പെടുന്നവരായിരുന്നു ഈ സംഘടനകളിലെ ഭൂരിഭാഗം അംഗങ്ങളും എന്നത് ഈ സംഘടനകളുടെയെല്ലാം പ്രത്യേകതയായിരുന്നു. അതുകൊണ്ട് തന്നെ സമൂഹത്തിന്റെ അടിത്തട്ടിലെ ദരിദ്രരുടേയും കർഷകരുടേയും പ്രശ്നങ്ങൾ ഒന്നും തന്നെ ഈ സംഘടനകളുടെ പരിഗണനയിൽ വന്നില്ല.

ബ്രിട്ടീഷുകാർ ഇന്ത്യക്കാരെക്കാൾ എല്ലാ കാര്യങ്ങളിലും മെച്ചപ്പെട്ടവരാണ് എന്ന വംശീയ അഹങ്കാരം അക്കാലത്ത് വച്ചു പുലർത്തിയിരുന്നു. ഇങ്ങിനെ ജാതി മത വർഗ്ഗ ഭേദമന്യേ ഇന്ത്യക്കാർ എല്ലാ കാര്യങ്ങളിലും ഗുണമേന്മ കുറഞ്ഞവർ എന്ന് മുദ്രകുത്തി ഭരണം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ മേഖലകളിൽ നിന്നും ഇന്ത്യക്കാരെ മാറ്റിനിർത്തി. ഇത് ഒരു കൂട്ടം ഇന്ത്യക്കാരിൽ ദേശാഭിമാന ബോധം വളർത്തുകയും ഒരൊറ്റ ജനത എന്ന നിലയിൽ ഇംഗ്ലീഷുകാരെ നേരിടണമെന്ന പൊതുവികാരം ഉയർന്നു വരികയും ചെയ്തു

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദം കഴിഞ്ഞപ്പോൾ തന്നെ ധാരാളം ചെറുതും വലുതുമായ സംഘടനകൾ വിവിധ ഭാഗങ്ങളിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. ധനികരും ഉയർന്ന ജാതികളിൽ നിന്നുള്ളവരും ആയ ഇന്ത്യക്കാരുടെ നേതൃത്വത്തിലുള്ള ഈ സംഘടനകളുടെ പ്രവർത്തനം ഭരണപരിഷ്കാരം, ഭരണത്തിൽ ഇന്ത്യക്കാരുടെ പങ്കാളിത്തം, ഇന്ത്യക്കാർക്ക് കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നീ മേഖലകളിൽ മാത്രമായിരുന്നു. ദാരിദ്ര്യനിർമാർജ്ജനം, പിന്നോക്കക്കാരുടേയും പൊതുജനങ്ങളുടേയും നിരക്ഷരത, കുറഞ്ഞ കൂലി, തൊഴിലില്ലായ്മ, ആരോഗ്യപ്രശ്നങ്ങൾ ഇവക്കൊന്നും തന്നെ ഈ സംഘടനകൾ പരിഗണന നൽകിയില്ല.

പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതി കഴിഞ്ഞപ്പോഴേക്കും വിദ്യാഭ്യാസമാർജ്ജിച്ച ഇന്ത്യക്കാരും ബ്രിട്ടീഷ് ഭരണകൂടവും തമ്മിൽ വലിയ അകൽച്ച ഉണ്ടായി. കോളനിവാഴ്ച ഇന്ത്യയിൽ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ വിദ്യാ സമ്പന്നരായ ഇന്ത്യക്കാർ മനസ്സിലാക്കിയതോടെ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരായ വലിയ എതിർപ്പ് ഉയർന്നുവരാൻ തുടങ്ങി. അസംതൃപ്തരായ ഈ വിഭാഗം ഇന്ത്യക്കാർ ബ്രിട്ടീഷ് ഭരണകൂടത്തിനെ വിമർശിക്കാനും അവർ പിന്തുടരുന്ന രാഷ്ട്രീയ നയങ്ങളെ എതിർക്കാനും തുടങ്ങി. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇടപെട്ടു വന്ന ഇന്ത്യക്കാരെ സംബന്ധിച്ചിട ത്തോളം നിലവിലുള്ള സംഘടനകൾ അവർ ലക്ഷ്യം വയ്ക്കുന്ന ഉദ്ദേശങ്ങൾ നേടിയെടുക്കാൻ പ്രാപ്തമല്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നു.

1866-ൽ ദാദാഭായ് നവറോജി ലണ്ടനിൽ ഈസ്റ്റ് ഇൻഡ്യ അസ്സോസിയേഷൻ സ്ഥാപിച്ചു. ഇന്ത്യയിൽ അക്കാലത്തു നിലനിന്നിരുന്ന വിവി

ധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും പൊതുപ്രവർത്തകരായ ബ്രിട്ടീഷുകാരുടെ സഹായം കണ്ടെത്താനുമാണ് പ്രധാനമായും ഈ സംഘടന സ്ഥാപിച്ചത്. ഈ സംഘടനയുടെ ശാഖകൾ ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിൽ എല്ലാം അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ഇന്ത്യയിലെ ദാരിദ്ര്യത്തിന് പ്രധാന കാരണം ബ്രിട്ടീഷുകാരുടെ കടുത്ത ചൂഷണവും ഇന്ത്യയിലെ ധനവും സമ്പത്തും കടത്തിക്കൊണ്ടു പോകലുമാണെന്ന് അദ്ദേഹം വാദിച്ചു.

കൽക്കട്ടയിൽ രൂപീകൃതമായ ഇന്ത്യൻ അസോസിയേഷനാണ് ഇന്ത്യയിലെ പഴയ ദേശീയ സംഘടനകളിൽ പ്രധാനപ്പെട്ടത്. ഈ സംഘടനയുടെ ഏറ്റവും വലിയ ദോഷം അത് വെച്ച് പുലർത്തിയിരുന്ന യാഥാസ്ഥിതിക മനോഭാവവും ദുഷ്പ്രഭുത്വത്തോടുള്ള താൽപര്യവുമാണ്. പൊതു താൽപര്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിലും ഉയർത്തിക്കൊണ്ടുവരുന്നതിലും ഇന്ത്യൻ അസ്സോസിയേഷന് താൽപര്യമില്ലായിരുന്നു. കാരണം അതിനെ നിയന്ത്രിച്ചതും മേധാവിത്വം പുലർത്തിയതും ധനികരായ പ്രഭുക്കന്മാരും സവർണ്ണ ഹിന്ദുക്കളുമായിരുന്നു. എന്നാൽ ഇതിലെ ചെറുപ്പക്കാരായ ദേശീയ വാദികളും ദരിദ്രവർഗ്ഗക്കാരായ ആളുകളും രാജ്യത്തെ രാഷ്ട്രീയ പ്രശ്നങ്ങളിൽ ശക്തമായ പൊതുജനാഭിപ്രായം സൃഷ്ടിക്കുന്ന പരിപാടികളുമായി മുന്നോട്ടുപോകണമെന്ന അഭിപ്രായക്കാരായിരുന്നു.

ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലും പ്രവിശ്യകളിലും ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചെറിയ സംഘടനകൾ രൂപം കൊണ്ടിരുന്നു. ജസ്റ്റിസ് മഹാദേവ് ഗോവിന്ദ് റാണെഡേയുടെ നേതൃത്വത്തിൽ 1870–ൽ പുണെ സാർവ്വജനിക് സഭ സ്ഥാപിച്ചു. 1884ൽ മദ്രാസിൽ എം.വീരരാഘവാചാര്യർ, ജി.സുബ്രഹ്മണ്യ അയ്യർ, ആനന്ദ ചാർലു തുടങ്ങിയവരുടെ നേതൃത്വത്തിൽ മദ്രാസ് മഹാജനസഭ രൂപീകരിച്ചു. 1885 ബോംബെയിൽ ഫിറോസ് ഷാ മേത്ത, കെ.ടി. തെലാങ് ബദറുദീൻ ത്യാബ്ജി എന്നിവരുടെ നേതൃത്വത്തിൽ ബോംബെ പ്രസിഡൻസി അസോസിയേഷൻ സ്ഥാപിതമായി.

ഈ സംഘടനകളെല്ലാം തന്നെ പൊതുവായി ബ്രിട്ടീഷ് ഭരണത്തിനെതിരായ പ്രതിഷേധങ്ങൾ ഉയർത്തിയെങ്കിലും ഇന്ത്യൻ സമൂഹം പ്രത്യേകിച്ച് തൊഴിലാളികൾ, കർഷകർ, ദരിദ്രർ സമൂഹത്തിലെ പാർശ്വവൽ ക്കരിക്കപ്പെട്ടവർ എന്നിവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ഉയർത്തിക്കാട്ടുന്നതിലും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും പരാജയമായിരുന്നു. കാരണം ഈ സംഘടനകളിൽ നേതൃത്വത്തിലിരിക്കുന്നവർ അക്കാലത്ത് വിദ്യാഭ്യാസം നേടിയിരുന്നവരും സമൂഹത്തിലെ ഉന്നത ശ്രേണിയിൽ ഉള്ളവരും ആയിരുന്നു. ഇക്കാരണത്താൽ അടിസ്ഥാന വർഗ്ഗത്തിന്റെ ഉയർച്ചയെക്കുറിച്ച് ചിന്തിക്കുക പോലും ഈ സംഘടനകൾ ചെയ്തില്ല. അവർ താൽപര്യം കാണിച്ചത് പ്രാദേശിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലായിരുന്നു. ഇവരുടെ പ്രവർത്തനങ്ങൾ നഗരത്തിലോ പ്രവിശ്യകളിലോ ഉള്ള ചില ആളുകളിൽ മാത്രം പരിമിതപ്പെടുകയാണുണ്ടായത്.

മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃത്വം തൊഴിലാളി പ്രസ്ഥാനങ്ങളോട് തികച്ചും നിസ്സംഗതയോടെയാണ് പ്രതികരിച്ചത്. അക്കാലത്ത് നിലനിന്നിരുന്ന ഏറ്റവും ക്ലേശകരമായ തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്താൻ ഒരു ശ്രമവും ഇവർ നടത്തിയില്ല. ബ്രിട്ടീഷുകാരുടേയും ഇന്ത്യക്കാരുടേയും ഉടമസ്ഥതയിലുള്ള തൊഴിൽ ശാലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ വ്യത്യസ്തമായ സമീപനങ്ങളാണ് ഇവർ വച്ചുപുലർത്തിയത്. ഇന്ത്യക്കാരുടെ ഉടമസ്ഥതയിലുള്ള തൊഴിൽ ശാലയിലെ തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടാൻ അക്കാലത്ത് ദേശീയ നേതാക്കൾ വിമുഖത കാണിച്ചപ്പോൾ ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലുള്ള തൊഴിൽ ശാലകളിലെ തൊഴിൽ പ്രശ്നങ്ങളിൽ ഇടപെട്ടു. ബ്രിട്ടീഷ് ഭരണത്തിനെതിരായ മൊത്തത്തിലുള്ള പ്രക്ഷോഭത്തെ വിവിധ ധാരകളിലുള്ള ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ ഉയർത്തി ദുർബലപ്പെടുത്താൻ ദേശീയ നേതൃത്വത്തിന് താൽപ്പര്യം ഇല്ലായിരുന്നു എന്ന് വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു.





# മേയ് ദിനം

# പോരാട്ട പാതയിൽ വെളിച്ചം വിതറുന്ന ദീപസ്തംഭം

## ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റെ മേയ് ദിന പ്രഖ്യാപനം

**1886**-ലെ ചരിത്ര പ്രസിദ്ധമായ ചിക്കാഗോ തൊഴിലാളി സമരത്തിന്റെ 138-ാമത് വാർഷിക ദിനത്തിൽ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ലോകമെമ്പാടുമുള്ള തൊഴിലാളികളെ അഭിവാദ്യം ചെയ്യുന്നു.

ഐതിഹാസികമായ ആ സമരം സാർവ്വദേശീയ തൊഴിലാളി വർഗ്ഗത്തിന്റെ പോരാട്ട ചരിത്രത്തിലെ നാഴികക്കല്ലും ആരോഗ്യം, വിദ്യാഭ്യാസം, മാന്യമായ ജീവിതം തുടങ്ങിയ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ഇന്നത്തേയും നാളത്തേയും പോരാട്ടങ്ങൾക്ക് വെളിച്ചം പകരുന്ന ദീപനാളമാണ്.

ഈ വർഷത്തെ മേയ് ദിനാചരണം രക്തരൂക്ഷിതമായ ഒന്നായി ചരിത്രം രേഖപ്പെടുത്തും. കാരണം ലോകമെമ്പാടുമുള്ള കോടിക്കണക്കിന് തൊഴിലാളികൾ സംഘടിക്കുകയും മുതലാളിത്വത്തിന്റേയും ഭരണകൂടങ്ങളുടേയും തൊഴിലാളി വിരുദ്ധതക്കെതിരേ പൊരുതുകയും ചെയ്യുമ്പോൾ പലസ്തീനിലെ നമ്മുടെ സഹോദരങ്ങൾ വംശഹത്യക്ക് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ഓരോദിവസവും അനവധി പേർ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു. ഇസ്രയേൽ നടത്തുന്ന ഈ കൂട്ടക്കൊല കണ്ട് നിശ്ശബ്ദരായിരിക്കാൻ തൊഴിലാളി വർഗ്ഗത്തിനാവില്ല. അവർ ഈ വർഷത്തെ മേയ്ദിനാചരണം പലസ്തീൻ ജനതയോടുള്ള ഐക്യദാർഢ്യാചരണ ദിനമാക്കി മാറ്റും. അതിക്രൂരമായ വംശഹത്യ നടത്തിക്കൊണ്ടിരിക്കുന്ന കൊലപാതക രാഷ്ട്രത്തിന്റേയും അതിനെ പിന്തുണക്കുന്ന സാമ്രാജ്യത്വ സഖ്യകക്ഷികളുടേയും മാപ്പർഹിക്കാത്ത ചെയ്തികളെ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ അതിശക്തമായി അപലപിക്കുന്നു.

അതുപോലെ സമ്രാജ്യത്വത്തിന്റേയും കുത്തകളുടേയും ലാഭത്തിനു വേണ്ടി ജനങ്ങൾക്കെതിരേ അഴിച്ചുവിടുന്ന അതിക്രമങ്ങൾക്കെതിരേയും നിശ്ശബ്ദത പാലിക്കാൻ തൊഴിലാളി വർഗ്ഗത്തിനാവില്ല. സൈനിക ഇടപെടലുകളാൽ ഭൂഗോളത്തിന്റെ വിവിധ കോണുകളിൽ രക്തം ഒഴുകുന്ന ഈ സമയത്ത് അന്താരാഷ്ട്ര വർഗ്ഗാധിഷ്ഠിത ട്രേഡ് യൂണിയൻ പ്രസ്ഥാനം സംഘടിതവും നിർണ്ണായകവുമായ സമാധാനത്തിനായി പോരാടുകയാണ്. സാമ്രാജ്യത്വ അധിനിവേശങ്ങളും സൈനിക സംഘട്ടനങ്ങളും അവസാനിപ്പിക്കാനും സമാധാനം പുനഃസ്ഥാപിക്കാനുമാണ് നാം പോരാടുന്നത്. ആ പോരാട്ടം നാറ്റോ ശക്തികളേയും അതുപോലുള്ള എല്ലാ സൈനിക സഖ്യങ്ങളേയും തകർക്കുന്നതിന്



ലക്ഷ്യമിടുന്നു. സൈനിക ഇടപെടലുകൾ, ഉപരോധങ്ങൾ എന്നിവയിൽ നിന്നും മുക്തമായി തങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന്റെ പാത തെരഞ്ഞെടുക്കാനുള്ള ഓരോ മനുഷ്യന്റേയും അവകാശം സംരക്ഷിക്കാനാണ് ആ പോരാട്ടം. അന്താരാഷ്ട്ര തലത്തിലെ നിയമങ്ങൾ “കയ്യൂക്കുള്ളവർ”ക്ക് വേണ്ടി നിലകൊള്ളുന്ന ഇരട്ടത്താപ്പിനെതിരേയാണ് ആ പോരാട്ടം.

1886-ൽ ചിക്കാഗോ രക്തസാക്ഷികൾ ഉയർത്തിയ ആവശ്യങ്ങളും അവർ നൽകിയ സന്ദേശങ്ങളും ഇന്നും പ്രസക്തമാണ്. മുതലാളിത്ത പ്രതിസന്ധിയുടെ ആഴങ്ങൾ ദിനംപ്രതി വർദ്ധിക്കുകയും അത് സാമാന്യവൽക്കരിക്ക പ്പെടുകയുമാണ്. സാമൂഹികാസമത്വങ്ങൾ നാടകീയമായി വർദ്ധിച്ചു വരികയാണ്. ജനാധിപത്യ, ട്രേഡ് യൂണിയൻ അവകാശങ്ങൾ ലോകമെമ്പാടും ആക്രമിക്കപ്പെടുകയാണ്.

വിലക്കയറ്റവും പണപ്പെരുപ്പവും തൊഴിലാളികളുടെ ജീവിത നിലവാരത്തെ തുരങ്കം വക്കുന്നു. സംഘടിക്കാനും കൂട്ടായി വിലപേശാനുമുള്ള സമരം ചെയ്യാനുമുള്ള പവിത്രമായ അവകാശങ്ങളും ആക്രമിക്ക പ്പെടുകയാണ്. സ്വകാര്യവൽക്കരണം, പുറംകരാർ പണി, ‘ടെലി-വർക്കിംഗ്’, ‘സർവ്വീസ് ലീസിംഗ്’ എന്നീ പുത്തൻ സമ്പ്രദായങ്ങൾ നവലിബറൽ ആക്രമണത്തിന്റെ വിവിധ രൂപങ്ങളാണ്. സാമൂഹിക സുരക്ഷയും പൊതുജനാരോഗ്യ സംവിധാനങ്ങളും സ്വകാര്യവൽക്കരിക്കപ്പെടുന്നു. മുതലാളിത്ത പ്രതിസന്ധിയുടെ ഭാരം അദ്ധ്വാനിക്കുന്നവരിലും ദുർബ്ബലരുടേയും ചുമലിൽ അടിച്ചേൽപ്പിക്കുകയാണ്.

നിഷ്ക്രിയരായി നോക്കി നിൽക്കാതെ ഇത്തരം ആക്രമണങ്ങൾക്കെതിരേ ആഗോള തൊഴിലാളി വർഗ്ഗം പോരാടുകയാണ്. ലോകത്തിന്റെ എല്ലാ കോണുകളിലും തീവ്രതരമായ ചെറുത്തുനിൽപ്പിലൂടെ അവർ തങ്ങളുടെ ആവശ്യങ്ങൾക്കായി പോരാടുന്നു. ലോക ട്രേഡ് യൂണിയൻ ഫെഡറേഷനും അതിന്റെ അംഗ സംഘടനകളും ആ പോരാട്ടങ്ങളുടെ മുൻനിരയിൽ ഉറച്ചു നിൽക്കുന്നു.

ഈ വർഷത്തെ മേയ്ദിനാചരണത്തിന് ലോക ട്രേഡ് യൂണിയൻ ഫെഡറേഷന്റേയും അതിന്റെ അംഗസംഘടനകളുടേയും പതാകകൾക്ക് സമീപം പലസ്തീൻ പതാകയും നാം പാറിക്കും. ഐക്യദാർഢ്യത്തിന്റേയും അന്തർദേശീയബോധത്തിന്റേയും അടിസ്ഥാനത്തിൽ സാമ്രാജ്യത്വ ആക്രമണങ്ങൾക്കും ഉപരോധങ്ങൾക്കും എതിരേ നാം ഉറച്ച് നിൽക്കും.

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും സാമ്രാജ്യത്വ യുദ്ധങ്ങളും ഇടപെടലുകളും അവസാനിപ്പിക്കുവാനുമുള്ള സമരങ്ങള് തുടരുമെന്ന് പ്രതിജ്ഞ ചെയ്തു കൊണ്ടും പോരാടുന്ന പലസ്തീൻ ജനതക്ക് ഐക്യദാർഢ്യമർപ്പിച്ചു കൊണ്ടും 2024-ലെ മേയ് ദിനം ആചരിക്കാൻ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ആഹ്വാനം ചെയ്യുന്നു.

അടിച്ചമർത്തലുകളോടും വിവേചനങ്ങളോടും ചൂഷണങ്ങളോടും വിട്ടുവീഴ്ച ചെയ്യാതെ ചെറുത്ത് നിൽക്കുന്ന തൊഴിലാളികൾക്ക് മാന്യമായ ഒരേയൊരു പാതയേ ഉള്ളു. അത് സമരങ്ങളുടെ പാതയാണ്. ഇതുവരെ നടന്ന പോരാട്ടങ്ങൾ നമുക്ക് പ്രത്യാശ നൽകുന്നു. അവ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ ശക്തി വിളിച്ചോതുന്നു. അത് മുതലാളിത്ത ചൂഷണത്തിനെതിരായ വീക്ഷണത്തിന്റെ പാതയിൽ വെളിച്ചം വിതറുന്നു.

മേയ് ദിനം നീണാൾ വാഴട്ടെ!

തൊഴിലാളി ഐക്യം നീണാൾ വാഴട്ടെ!!



# വിവിധ ഇടങ്ങളിൽ നടന്ന മെയ്ദിന റാലി
















സർവ്വരാജ്യ തൊഴിലാളികളെ
സംഘടിക്കുവിൻ
മെയ്ദിന റാലി
CITU-AITUC
കരുനാഗപ്പള്ളി


സർവ്വദേശീയ
തൊഴിലാളി ദിനം


മെയ്ദിനറാലി
CITU AITUC കൊല്ലം




ലോക
തൊഴിലാളി
ദിനം



## ജെന്നി ജൂലിയ എലേനോർ മാർക്സ്
## (1855–1898)

**കാൾ മാർക്സിന്റെ ഏറ്റവും ഇളയ മകൾ. ബ്രിട്ടനിലെ ആദ്യ സോഷ്യലിസ്റ്റ് പാർട്ടിയായ സോഷ്യൽ ഡെമോക്രാറ്റിക് ഫെഡറേഷന്റെ പ്രമുഖ നേതാക്കളിലൊരാളായിരുന്നു എലേനോർ മാർക്സ്. അറിയപ്പെടുന്ന ഒരു എഴുത്തുകാരിയും, പ്രഗത്ഭയായ പ്രാസംഗികയും, നാടക പ്രസ്ഥാനത്തിൽ സജീവവുമായിരുന്നു അവർ.**

**1890–ൽ ലണ്ടനിലെ ഹൈഡ് പാർക്കിൽ സംഘടിപ്പിച്ച ആദ്യ മേയ്ദിന റാലിയിൽ അവർ നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപമാണ് ഇതോടൊപ്പം.**

# ഈ മേയ്ദിന റാലി പോരാട്ടത്തിന്റെ തുടക്കം മാത്രം

പ്രിയപ്പെട്ട തൊഴിലാളി സഖാക്കളെ,

ഇന്ന് നാമിവിടെ ഒത്തുകൂടിയിരിക്കുന്നത് രാഷ്ട്രീയ പ്രവർത്തങ്ങൾക്കോ രാഷ്ട്രീയ പ്രസംഗം നടത്താനോ അല്ല. മറിച്ച് സ്വയം പ്രതിരോധം തീർക്കുന്നതിനും എട്ടുമണിക്കൂർ ജോലി സമയം എന്ന ആവശ്യം നേടിയെടു ക്കാനുമാണ്. വിരലിലെണ്ണാവുന്ന ഏതാനും ഡസൻ തൊഴിലാളികളുമായി ഈ ഹൈഡ് പാർക്കിൽ ആദ്യം എത്തിയ നാൾ ഞാൻ വ്യക്തമായി ഓർക്കുന്നു. ആ ഏതാനും ഡസൻ തൊഴിലാളികൾ ഇന്ന് നൂറുക്കണക്കും ആയിരക്കണക്കുമായി വളർന്നിരിക്കുന്നു. ഈ പാർക്ക് മുഴുവൻ നിറയുന്ന തരത്തിലുള്ള ഗംഭീര പ്രകടനവുമായി നാം ഇന്ന് മുഖാമുഖം നിൽക്കുന്നു.

ഇത്രയും വലിയൊരു ജനക്കൂട്ടം നമ്മുടെ പക്ഷത്തുണ്ടെന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. തുറമുഖ തൊഴിലാളി സമരം, ഗ്യാസ് തൊഴിലാളി സമരം തുടങ്ങി നിരവധിയായ സമരങ്ങളിൽ നാം പങ്കെടുത്തു. സ്ത്രീകളും പുരുഷന്മാരും കുട്ടികളുമെല്ലാം ആ സമരങ്ങളിൽ അണിനിരന്നു. എട്ടുമണിക്കൂർ പ്രവൃത്തി സമയം എന്ന ആവശ്യം നിയമപരമാക്കുന്നത് വരെ സമരപഥത്തിൽ ഉറച്ച് നിൽക്കാൻ നാം ദൃഢപ്രതിജ്ഞയെടുത്തിരിക്കുന്നു. അപ്രകാരം ഉറച്ച് നിൽക്കാത്ത പക്ഷം ആദ്യം ലഭിക്കുന്ന അവസരത്തിൽ തന്നെ ആ അവകാശം നമുക്ക് നിഷേധിക്കപ്പെടും. മഹത്തായ ആ അവകാശം സ്ഥായിയായി നിലനിർത്താൻ കഴിഞ്ഞില്ലങ്കിൽ നാം മറ്റാരേയും കുറ്റപ്പെടുത്തേണ്ട; നാം നമ്മെത്തന്നെ പഴിക്കേണ്ടി വരും.

മി.ഗ്ലാഡ്സ്റ്റൺ തടവിലാക്കിയ മി.മൈക്കേൽ ഡേവിറ്റ് ഈ സായാഹ്നത്തിൽ നമ്മോടൊപ്പം ഈ പാർക്കിലുണ്ട്. എന്നാൽ ഇപ്പോൾ അദ്ദേഹവുമായി മി.ഗ്ലാഡ്സ്റ്റൺ തികഞ്ഞ സൗഹൃദത്തിലാണ്. എന്താണാ മാറ്റത്തിന് കാരണമെന്നറിയാമോ? എന്തുകൊണ്ടാണ് ലിബറൽ പാർട്ടി ഭരണകക്ഷിയായി മാറിയത്? കൺസർവേറ്റീവുകളെ പിന്തുണക്കാൻ ഐറിഷ് ജനത 80 അംഗങ്ങളെ ഹൗസ് ഓഫ് കോമൺസിലേക്ക് അയച്ചതിനാലാണത്. എങ്കിലും ഈ ലിബറൽ കക്ഷികൾ നമ്മുടെ ആവശ്യങ്ങളെ പിന്തുണക്കാൻ വിസമ്മതിച്ചാൽ നാം അവരേയും പുറത്താക്കുക തന്നെ വേണം.

ഈ സായാഹ്നത്തിൽ ഞാൻ നിങ്ങളോട് സംസാരിക്കുന്നത് ഒരു തൊഴിലാളി യൂണിയൻ പ്രവർത്തക എന്ന നിലയിൽ മാത്രമല്ല. ഒരു സോഷ്യലിസ്റ്റ് എന്ന നിലയിൽ കൂടിയാണ്. എട്ട് മണിക്കൂർ ജോലി സമയം എന്നത് ഏറ്റവും പ്രധാനപ്പെട്ടതും എത്രയും പെട്ടെന്ന് കൈക്കൊള്ളേണ്ടതുമായ ഒരു തീരുമാനമാണെന്ന് സോഷ്യലിസ്റ്റുകൾ വിശ്വസിക്കുന്നു. ഇത് ആ ആവശ്യം നേടിയെടുക്കുന്നതിനുള്ള പോരാട്ടത്തിന്റെ തുടക്കം മാത്രമാണ്.

എട്ടു മണിക്കൂർ പ്രവൃത്തിദിനം സാധ്യമാക്കാൻ നാം ഇവിടെ വന്നാൽ മാത്രം പോര. ആറു ദിവസം പാപം ചെയ്ത് ഏഴാം ദിനം പള്ളിയിൽ പോയി കുമ്പസാരിക്കുന്ന ചില ക്രിസ്ത്യാനികളെപ്പോലെയാകരുത് നാം. നാം ശബ്ദമുയർത്തണം. അതിനാൽ നിങ്ങൾ കണ്ടുമുട്ടുന്ന ഓരോ തൊഴിലാളിയേയും, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളെ, നമ്മുടെ കൂട്ടത്തിലേക്ക് കൊണ്ട് വരണം.

നിങ്ങൾക്ക് അഭിവാദ്യങ്ങൾ.



## റോസ ലക്സംബർഗ് (1871–1919)

**പോളീഷ്-ജർമ്മൻ മാർക്സിസ്റ്റ് തത്വ ചിന്തകയും വിപ്ലവകാരിയുമായിരുന്നു റോസ ലക്സംബർഗ്. ആദ്യം സോഷ്യൽ ഡമോക്രാറ്റിക് പാർട്ടി ഓഫ് ജർമ്മനിയുടേയും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ജർമ്മനിയുടേയും നേതൃനിരയിൽ പ്രവർത്തിച്ചു. 1914-ൽ സോഷ്യൽ ഡമോക്രാറ്റിക് പാർട്ടി ഒന്നാം ലോക മഹായുദ്ധത്തെ പിന്തുണച്ചപ്പോൾ റോസയുടേയും കാൾ ലിബ്നെക്ടിന്റേയും നേതൃത്വത്തിൽ "ആന്റി-വാർ സ്പാർട്ടക്കസ് ലീഗ്" എന്ന വിപ്ലവ പാർട്ടിക്ക് രൂപം നൽകി. ഇതാണ് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ജർമ്മനി ആയി മാറി. 1919-ൽ ജർമ്മനിയിൽ നിലനിന്നിരുന്ന അസമത്വങ്ങൾക്കെതിരേ റോസയും കൂട്ടരും ശക്തമായി പോരാടി. ഭരണകൂടത്തെ അട്ടിമറിക്കാൻ ഒളി പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. ഇതിനിടെ റോസയും അനുയായികളും പിടിക്കപ്പെടുകയും തടങ്കലിലാകുകയും ചെയ്തു. തടങ്കലിൽ റോസ അതി ക്രൂരമായ പീഡനങ്ങൾക്കിരയായി. തോക്കിന്റെ പാത്തി കൊണ്ട് റോസയുടെ തലയോട് തകർത്ത് അവരുടെ മൃതശരീരം ക്രൂസ്ബർഗ്ഗിലെ ലാൻവെർ തടാകത്തിൽ ഉപേക്ഷിക്കുകയായിരുന്നു. അക്യൂമുലേഷൻ ഓഫ് ക്യാപ്പിറ്റൽ, പൊളിറ്റിഷേ ഷ്രിഫ്റ്റൈൻ, എന്നീ കൃതികൾ കൂടാതെ എണ്ണമറ്റ ലേഖനങ്ങളും ലഘുലേഖകളും അവർ രചിച്ചിട്ടുണ്ട്. അവയെല്ലാം തെരഞ്ഞെടുക്കപ്പെട്ട കൃതികൾ (11 വാല്യങ്ങൾ), കംപ്ലീറ്റ് വർക്ക്സ് ഓഫ് റോസ് ലക്സംബർഗ് (14 വാല്യങ്ങൾ) എന്നിവയിൽ സമാഹരിച്ചിട്ടുണ്ട്.**

**മേയ് ദിനത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അവർ 1894-ൽ എഴുതിയ ലേഖനമാണ് ഇതോടൊപ്പം.**

# മേയ്ദിനത്തിന്റെ ഉത്ഭവം

**എ**ട്ട് മണിക്കൂർ പ്രവൃത്തി ദിനം എന്ന ആവശ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് മേയ് ദിനാചരണം എന്ന ആശയം ആദ്യമായി ഉടലെടുക്കുന്നത്. ആ ആശയത്തിന്റെ ഉറവിടം ഓസ്ട്രേലിയലിലെ തൊഴിലാളികളായിരുന്നു. എട്ടു മണിക്കൂർ പ്രവൃത്തി ദിനമെന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടുള്ള പ്രകടനങ്ങളും പൊതുയോഗങ്ങളും വിനോദപരിപാടികളുമൊക്കെ സംഘടിപ്പിച്ചു കൊണ്ട് ഒരു ദിനം മുഴുവൻ ആഘോഷിക്കണമെന്ന് 1856-ൽ അവർ തീരുമാനിച്ചു. പ്രസ്തുത ആഘോഷം 1856 ഏപ്രിൽ 21-നായിരുന്നു സംഘടിപ്പിക്കപ്പെട്ടത്. അന്നേ ദിവസം അവർ കൂട്ടത്തോടെ പണി ഉപേക്ഷിച്ച് ആഘോഷത്തിൽ പങ്കാളികളായി.

ആ ഒരു വർഷം മാത്രം പ്രസ്തുത ദിനം ആഘോഷിച്ചാൽ മതിയെന്നാണ് അവർ തീരുമാനിച്ചതെങ്കിലും ഓസ്ട്രേലിയലിലെ തൊഴിലാളി വർഗ്ഗത്തെ ഒന്നടങ്കം അത് സ്വാധീനിക്കുകയും എല്ലാ വർഷവും പ്രസ്തുത ദിനം ആഘോഷിക്കണമെന്ന് തീരുമാനിക്കുകയുമായിരുന്നു. കൂട്ടത്തോടെ പണിമുടക്കിക്കൊണ്ട് ഇത്തരത്തിൽ ഒരു ദിനാഘോഷം സംഘടിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചതെന്താണ്? സ്വന്തം ശക്തിയിൽ വിശ്വാസമർപ്പിക്കാനും ധൈര്യം സംഭരിക്കാനും അവർക്ക് എങ്ങിനെ കഴിഞ്ഞു? പാടത്തും പണിശാലകളിലുമുള്ള അടിമസമാനരായ തൊഴിലാളികൾക്ക് സ്വയം സംഘടിക്കുന്നതിനേക്കാൾ ധൈര്യവും വിശ്വാസവും മറ്റെന്തിനാണ് നൽകാൻ കഴിയുക? അങ്ങിനെ തൊഴിലാളി ദിനം എന്ന ആശയം വളരെ പെട്ടെന്ന് തൊഴിലാളികൾ അംഗീകരിക്കുകയായിരുന്നു. ക്രമേണ ഓസ്ട്രേലിയയിൽ നിന്ന് അത് മറ്റ് രാജ്യങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങി. ഒടുവിൽ ആ ആശയം ലോകമെമ്പാടുമുള്ള

തൊഴിലാളി വർഗ്ഗത്തെ കീഴടക്കി.

ഓസ്ട്രേലിയൻ തൊഴിലാളികളുടെ മാതൃക ആദ്യം പിന്തുടർന്നത് അമേരിക്കക്കാരാണ്. 1886 മേയ് 1-ന് അവർ സാർകവ്വതികമായി ജോലി നിറുത്തി വക്കുവാൻ തീരുമാനിച്ചു. ഈ ദിവസം പണിമുടക്കിയ അവർ എട്ടു മണിക്കൂർ പ്രവൃത്തി സമയം എന്ന് ആവശ്യം ഉന്നയിച്ച് പ്രകടനം നടത്തി. പിന്നീട് ഇത്തരത്തിൽ പ്രകടനങ്ങളും ദിനാചരണങ്ങളും നടത്തുന്നതിൽ നിന്ന് ഭരണകൂടം തൊഴിലാളികളെ തടഞ്ഞു. എന്നിരുന്നാലും 1888-ൽ തൊഴിലാളികൾ തങ്ങളുടെ പ്രതിജ്ഞ പുതുക്കുകയും അടുത്ത ആഘോഷം 1890 മേയ് 1-ന് ആയിരിക്കുമെന്ന് തീരുമാനിക്കുകയും ചെയ്തു.

ഇതിനിടെ യൂറോപ്പിലെ തൊഴിലാളി പ്രസ്ഥാനങ്ങളും ശക്തമായി വളർന്ന് വന്നു. 1889-ലെ ഇന്റർനാഷണൽ വർക്കേഴ്സ് കോൺഗ്രസ്സിലാണ് എട്ട് മണിക്കൂർ പ്രവൃത്തി ദിന പ്രസ്ഥാനം ശക്തമായി ആവിഷ്ക്കരിക്കപ്പെട്ടത്. ഈ കോൺഗ്രസ്സിൽ പങ്കെടുത്ത 400 പ്രതിനിധികൾ ചേർന്ന് എട്ടു മണിക്കൂർ പ്രവൃത്തി ദിനമെന്ന ആവശ്യം ഉന്നയിക്കാൻ തീരുമാനിക്കുകയായിരുന്നു. ഫ്രഞ്ച് യൂണിയനുകളുടെപ്രതിനിധി ലവിഗ്നേ ഈ ആവശ്യം എല്ലാരാജ്യങ്ങളിലും ഉന്നയിക്കപ്പെടേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു. ഇതേ ആവശ്യം മുൻനിർത്തി 1890 മേയ് 1-ന് പണിമുടക്കാനുള്ള തങ്ങളുടെ തീരുമാനം അമേരിക്കയിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തെ അറിയിച്ചു. അങ്ങിനെ മേയ് 1 സർവ്വജ രാജ്യ തൊഴിലാളി ദിനമായി ആചരിക്കാൻ ആ കോൺഗ്രസ്സ് തീരുമാനിച്ചു.

1856-ൽ ഓസ്ട്രേലിയലിലെ തൊഴിലാളികൾ ഒറ്റത്തവണ തൊഴിലാളി ദിനം ആചരിക്കുന്ന കാര്യമാണ് ചിന്തിച്ചത്. 1889-ലെ ഇന്റർനാഷണൽ കോൺഗ്രസ്സ് എല്ലാ രാജ്യങ്ങളിലും അടുത്ത വർഷം മേയ് 1-ന് പ്രകടനം നടത്തണമെന്ന് തീരുമാനിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഇപ്രകാരം മേയ് ദിനാഘോഷങ്ങൾ ആവർത്തിക്കുന്നതിനെക്കുറിച്ച് ആരും തന്നെ അന്ന് ചിന്തിച്ചില്ല. അക്കാര്യം ചർച്ചാ വിഷയവുമായില്ല. മേയ് ദിനാചരണം എന്ന ആശയം വിജയിക്കുമെന്നും തൊഴിലാളി വർഗ്ഗം ആവേശത്തോടെ അത് സ്വീകരിക്കുമെന്നും സ്വാഭാവികമായും അന്ന് പ്രവചിക്കാനാവു മായിരുന്നില്ല. എങ്കിലും 1890-ൽ ആചരിച്ച ആ ഒരൊറ്റ മേയ് ദിനാഘോഷം മാത്രം മതിയായിരുന്നു എല്ലാ വർഷവും അതാചരിക്കണമെന്ന് തൊഴിലാളികൾക്ക് തോന്നാനും ആ ദിനാചരണത്തിന്റെ പ്രാധാന്യവും പ്രസക്തിയും മനസ്സിലാക്കാനും.

കാലക്രമത്തിൽ എട്ടു മണിക്കൂർ പ്രവൃത്തി ദിനമെന്ന ആവശ്യം അംഗീകരിക്കപ്പെട്ടു. ഈ ലക്ഷ്യത്തിലെത്തി യിട്ടും മേയി ദിനാചരണം തൊഴിലാളികൾ കൈവിട്ടില്ല. തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കപ്പെടാത്തിട ത്തോളവും ബൂർഷ്വാസിക്കും ഭരണകൂടത്തിനുമെതിരായ പോരാട്ടങ്ങൾ തുടരുന്നിടത്തോളവും മേയ് ദിനം ആചരിക്കപ്പെടണമെന്ന് അവർ തീരുമാനിക്കുകയായിരുന്നു. മെച്ചപ്പെട്ട ദിനങ്ങൾ പുലരുകയും തൊഴിലാളി വർഗ്ഗവും മാനവരാശിയും മോചനം നേടുകയും ചെയ്യുമ്പോഴും കഴിഞ്ഞ കാലത്തെ കഠിനമായ പോരാട്ടങ്ങളേയും കഷ്ടപ്പാടുകളേയും അനുസ്മരിക്കാനും ആദരിക്കാനുമായി തൊഴിലാളികൾ മേയ് ദിനം ആചരിക്കുക തന്നെ ചെയ്യും.





# തൊഴിലിടങ്ങളിലെ അപകടങ്ങൾ ലാഭേച്ഛയുടെ തെളിവുകൾ

**(തൊഴിലിടങ്ങളിലെ സുരക്ഷിതത്വത്തിനായുള്ള അന്താരാഷ്ട്ര ദിനമായ ഏപ്രിൽ 28-ന് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ പുറപ്പെടുവിച്ച പ്രസ്താവന)**

**തൊ**ഴിലിടങ്ങളിലെ സുരക്ഷക്കും ആരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങൾക്കുമായി പോരാടുന്ന തൊഴിലാളികളെ തൊഴിൽ സുരക്ഷിതത്വത്തിനായി സമർപ്പിതമായ ഈ അന്താരാഷ്ട്ര ദിനത്തിൽ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ അഭിവാദ്യം ചെയ്യുന്നു.

ഒരു ദിവസത്തെ അദ്ധ്വാനത്തിന് ശേഷം സുരക്ഷിതമായി സ്വന്തം ഭവനങ്ങളിലേക്ക് മടങ്ങിയെത്താനുള്ള അവകാശം എല്ലാ തൊഴിലാളികൾക്കുമുണ്ട്. ആഗോള തലത്തിൽ 2.3 ദശലക്ഷം തൊഴിലാളികൾ ഓരോ വർഷവും തൊഴിലിടങ്ങളിലെ അപകടങ്ങൾ മൂലമോ തൊഴിൽജന്യ രോഗങ്ങൾ കാരണമോ മരണത്തിന് കീഴടങ്ങുന്നുവെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ദിനംപ്രതി 6000 മരണങ്ങൾ! തൊഴിലിടങ്ങളിൽ പ്രതിവർഷം 34 കോടിയിൽപ്പരം അപകടങ്ങൾ സംഭവിക്കുന്നു. 16 കോടി തൊഴിലാളികൾ തൊഴിൽജന്യ രോഗങ്ങൾക്ക് അടിമകളാകുന്നു.

സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിലിടങ്ങളും തൊഴിൽ സാഹചര്യങ്ങളും പ്രത്യേകാവകാശങ്ങളല്ല. അവ തൊഴിലാളികളുടെ മൗലികാവകാശങ്ങളാണ്. എങ്കിലും ലോകമെമ്പാടുമുള്ള തൊഴിലാളികൾ അങ്ങേയറ്റം അപകടകരമായ സാഹചര്യങ്ങളിൽ പണിയെടുക്കാൻ നിർബന്ധിതരാകുന്നു. തൊഴിലാളികളുടെ സുരക്ഷക്കും ആരോഗ്യത്തിനും മുൻഗണന നൽകാനും കർശനമായ സുരക്ഷ മാനദണ്ഡങ്ങൾ നടപ്പിലാക്കാനും മാനദണ്ഡങ്ങൾ ലംഘിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളാൻ ഞങ്ങൾ സർക്കാരുകളോടും തൊഴിലുടമകളോടും അന്താരാഷ്ട്ര സംഘടനകളോടും ആവശ്യപ്പെടുന്നു.

തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അവക്ക് മേൽനോട്ടം വഹിക്കുന്നതിനും ട്രേഡ് യൂണിയനുകൾക്കും പങ്കുണ്ട് എന്ന് ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ഉറച്ച് വിശ്വസിക്കുന്നു. തൊഴിലപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യമായ അന്വേഷണം നടത്തുന്നതിനുമുള്ള നടപടിക്രമങ്ങളിൽ നിന്നും ട്രേഡ് യൂണിയനുകളെ ഒഴിവാക്കരുത്. ലാഭേച്ഛ മാത്രം കൈമുതലായ മുതലാളിമാരും തൊഴിലുടമകളും സുരക്ഷ നടപടികളിലെ വീഴ്ചകളുടെ ഉത്തരവാദിത്വം വഹിക്കാനോ അന്വേഷണം മുതലായ നടപടിക്രമങ്ങളോട് സഹകരിക്കാനോ തയ്യാറാവില്ല.

മുതലാളിത്വത്തെ സംബന്ധിച്ചടത്തോളം ലാഭം പവിത്രമാണ്. ലാഭമെന്ന ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തിൽ നടക്കുന്ന നിർദ്ദയമായ മത്സരം വിശുദ്ധീകരിക്കപ്പെടുകയാണ്. ലാഭമെന്ന മുൻഗണന മാത്രം ലക്ഷ്യമിടുന്നവർ തൊഴിലാളികളുടെ സുരക്ഷയേയും ആരോഗ്യത്തേയും അവഗണിക്കുന്നത് യാദൃശ്ചികമല്ല. ചിലവ് കൂട്ടുന്നതും ലാഭം കുറക്കുന്നതുമായ എന്തും അവരെ സംബന്ധിച്ചടത്തോളം ഉയർത്താൻ കഴിയാത്ത 'ഭാര'മാണ്.

തൊഴിൽ സംബന്ധമായ മരണങ്ങൾ, പരിക്കുകൾ, തൊഴിൽജന്യ രോഗങ്ങൾ എന്നിവ കേവലം 'അപകട'ങ്ങളായി കാണാൻ കഴിയില്ല. അവ അപകടങ്ങളല്ല; തൊഴിലുടമയുടെ ലാഭം കൂട്ടാനായി തൊഴിലാളികൾ സഹിച്ച ത്യാഗത്തിന്റെ തെളിവുകളാണ് അവ.

തൊഴിലാളികളുടെ ആരോഗ്യത്തേക്കാളും അവരുടെ ജീവനേക്കാളും ലാഭത്തിന് മുൻഗണന നൽകുന്ന മുതലാളിത്വത്തിന്റെ ക്രൂരതക്കും തൊഴിലുടമകളുടെ അത്യാഗ്രഹത്തിനും എതിരേ തൊഴിലാളി വർഗ്ഗത്തിന്റെ ശബ്ദമായി സ്ഥാപിതമായ 1945 മുതൽക്കേ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ വർത്തിക്കുന്നു. അദ്ധ്വാനിക്കുന്ന തൊഴിലാളികളുൾപ്പെടെ എല്ലാ മേഖലകളിലുമുള്ള ജനങ്ങളുടെ സുരക്ഷയും ആരോഗ്യവും ഉറപ്പാക്കാനുള്ള പോരാട്ടങ്ങൾ ശക്തിപ്പെടുത്താൻ ലോക ട്രേഡ് യൂണിയൻ ഫെഡറേഷൻ ആഹ്വാനം ചെയ്യുന്നു.

# തളരുന്ന തൊഴിൽ മേഖല; വളരുന്ന തൊഴിലില്ലായ്മ

## "ഇൻഡ്യ എംപ്ലോയ്മെന്റ് റിപ്പോർട്ട്-2024"

**ഇ**ൻഡ്യയിലെ തൊഴിൽ രഹിതരായവരിൽ 83 ശതമാനവും ചെറുപ്പക്കാരാണെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഏറ്റവും പുതിയ റിപ്പോർട്ട് പറയുന്നു. 21-ാം നൂറ്റാണ്ടിന്റെ ആദ്യവർഷം സെക്കൻഡറി/ഉന്നത വിദ്യാഭ്യാസ യോഗ്യത കരസ്ഥമാക്കിയ തൊഴിൽ രഹിത യുവാക്കളുടെ അനുപാതം 35.2 ശതമാനമായിരുന്നുവെങ്കിൽ അത് രണ്ട് ദശകങ്ങൾ പിന്നിട്ട് 2022 ആയപ്പോഴേക്കും അത് 65.7 ശതമാനമായി വർദ്ധിച്ചു. ഈ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരിൽ 83 ശതമാനവും ചെറുപ്പക്കാരാണ്. അന്താരാഷ്ട്ര തൊഴിൽ സംഘടന(ഐ.എൽ.ഒ)യും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ ഡവലപ്മെന്റും (ഐ.എച്ച്.ഡി) ചേർന്ന് പ്രസിദ്ധീകരിച്ച "ഇൻഡ്യ എംപ്ലോയ്മെന്റ് റിപ്പോർട്ട്-2024"ലാണ് ആശങ്കാകുലമായ ഈ വസ്തുത വെളിപ്പെടുത്തിയിരിക്കുന്നത്.

പ്രതിവർഷം 2 കോടി തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ മോദി സർക്കാർ ഒരു പതിറ്റാണ്ട് കാലം രാജ്യം ഭരിച്ചപ്പോഴത്തെ അവസ്ഥയാണിത്. രാജ്യത്തെ തൊഴിലില്ലായ്മ ഏറ്റവും താഴ്ന്ന നിലയിലാണെന്നും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തന്റെ സർക്കാർ നൽകിയ സംഭാവനകളെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുകയും ചെയ്യുന്ന പ്രധാനമന്ത്രി മോദിയുടെ വാക്കുകളുടെ പൊള്ളത്തരമാണ് ഇതോടെ പുറത്തായിരിക്കുന്നത്.

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ഇൻഡ്യയുടെ സമ്പദ് വ്യവസ്ഥയിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ടെന്നും ആഗോള സാമ്പത്തിക പ്രതിസന്ധിക്കിടയിലും രാജ്യത്തിന് ശരാശരി 6 ശതമാനം വളർച്ച നിരക്ക് കൈവരിക്കാനായിട്ടുണ്ടെന്നും ഐ.എൽ.ഒ.യുടെ റിപ്പോർട്ട് അവകാശപ്പെടുന്നു. എന്നിട്ടും രാജ്യം ഇന്ന് നേരിടുന്ന രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണ്.2000-ത്തിനും 2012-നുമിടക്ക് തൊഴിൽ



രംഗത്തെ വാർഷിക വളർച്ച 1.6 ശതമാനമായിരുന്നു. എന്നാൽ 2013-നും 2019-നുമിടയിൽ വളർച്ച 0.01 ശതമാനത്തിൽ താഴെ മാത്രമായിരുന്നു. 2000-ാമാണ്ടിൽ തൊഴിലില്ലാത്തവരുടെ എണ്ണം 9.2 ദശലക്ഷമായിരുനു. 2022 ആയപ്പോൾ അവരുടെ എണ്ണം 22.9 ദശലക്ഷമായി ഉയർന്നു.2011-ൽ അദ്ധ്വാന ശേഷിയുള്ള യുവാക്കൾ 59 ശതമാനമായിരുന്നുവെങ്കിൽ 2021-ൽ അവർ 63 ശതമാനമായി ഉയർന്നു. ജനസംഖ്യയിൽ യുവാക്കളുടെ അനുപാതം കുറയുമ്പോഴും തൊഴിലില്ലാത്ത യുവാക്കളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നത് ആശങ്കയുണർത്തുന്നു. തൊഴിൽ ശക്തിക്കനുസൃതമായി രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നത് തന്നെയാണ് ഗുരുതരമായ ഈ പ്രതിസന്ധിക്ക് കാരണം.

യുവാക്കൾക്കിടയിൽ തൊഴിൽ പങ്കാളിത്ത നിരക്ക് വർഷങ്ങളായി കുറയുന്ന പ്രവണത ദൃശ്യമാണ്. 2000-ത്തിൽ 54 ശതമാനമായിരുന്നു തൊഴിൽ പങ്കാളിത്ത നിരക്കെങ്കിൽ 2022-ൽ അത് 42 ശതമാനമായി കുറഞ്ഞു. ജനസംഖ്യയുടെ വലിയൊരു ശതമാനം അദ്ധ്വാന ശേഷിയുള്ളവരാണ്. 2021-ൽ ജനസംഖ്യയുടെ 27 ശതമാനം വരുന്ന യുവജനങ്ങളുടെ എണ്ണം 2036 ആകുമ്പോഴേക്കും 23 ശതമാനമായി കുറയുമെന്ന് കണക്കാക്കുന്നു. ഏകദേശം 7-8 ദശലക്ഷം യുവാക്കളാണ് പ്രതിവർഷം തൊഴിൽ കമ്പോളത്തിലെത്തുന്നത്. ഇന്നത്തെ നിലയിൽ അവരുടെ അദ്ധ്വാന ശേഷി ഉപയോഗപ്പെടുത്താനുള്ള തൊഴിലവസരങ്ങൾ ഇൻഡ്യയിൽ കുറവാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

2000-ൽ തൊഴിലില്ലായ്മ 5.7 ശതമാനമായിരുന്നുവെങ്കിൽ 2019-ൽ അത് മൂന്നിരട്ടി കണ്ട് വർദ്ധിച്ച് 17.5 ശതമാനമായി ഉയർന്നു. കോവിഡാനന്തരം തൊഴിലില്ലായ്മ നിരക്കിൽ നേരിയ കുറവ് രേഖപ്പെടുത്തി.വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. എഴുതാനും വായിക്കാനും മാത്രം അറിയുന്നവരേക്കാൾ സെക്കണ്ടറി വിദ്യാഭ്യാസമുള്ളവരിലെ തൊഴിലില്ലായ്മ 6 ഇരട്ടിയും (18.4 ശതമാനം) ബിരുദധാരികളിൽ 9 ഇരട്ടിയും (29.1 ശതമാനം) ആണ്.

**2000-ൽ തൊഴിലില്ലായ്മ 5.7 ശതമാനമായിരുന്നുവെങ്കിൽ 2019-ൽ അത് മൂന്നിരട്ടി കണ്ട് വർദ്ധിച്ച് 17.5 ശതമാനമായി ഉയർന്നു. കോവിഡാനന്തരം തൊഴിലില്ലായ്മ നിരക്കിൽ നേരിയ കുറവ് രേഖപ്പെടുത്തി.വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. എഴുതാനും വായിക്കാനും മാത്രം അറിയുന്നവരേക്കാൾ സെക്കണ്ടറി വിദ്യാഭ്യാസമുള്ളവരിലെ തൊഴിലില്ലായ്മ 6 ഇരട്ടിയും (18.4 ശതമാനം) ബിരുദധാരികളിൽ 9 ഇരട്ടിയും (29.1 ശതമാനം) ആണ്.**

ബീഹാർ, ഉത്തർ പ്രദേശ്, ത്സാർഖണ്ഡ്, രാജസ്ഥാൻ, ആസ്സാം, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ അങ്ങേയറ്റം മോശമായ തൊഴിൽ സാഹചര്യങ്ങളാണുള്ളത്. അതിനാൽ ഈ സംസ്ഥാനങ്ങളിൽ യുവാക്കൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ബുദ്ധിമുട്ടായിരിക്കും. കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക, തെലുങ്കാന എന്നീ തെക്കൻ സംസ്ഥാനങ്ങളിൽ അഭ്യസ്ഥവിദ്യരായ യുവാക്കൾ ദേശീയ ശരാശരിയേക്കാൾ കൂടുതലുണ്ട്. എങ്കിലും കേരളം, തമിഴ് നാട്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിൽ തൊഴിലില്ലയ്മ രൂക്ഷമാണ്. ഈ സംസ്ഥാനങ്ങളിൽ അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അവിടങ്ങളിലെ സർക്കാരുകൾ ബുദ്ധിമുട്ടും.

വിദ്യാ സമ്പന്നരായ തൊഴിൽരഹിത യുവാക്കളുടെ എണ്ണത്തിൽ കേരളമാണ് ഒന്നാം സ്ഥാനത്ത്. മൊത്തം തൊഴിൽ രഹിതരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനം ഒഡീഷക്കാണ് (39.95 ശതമാനം). രണ്ടാം സ്ഥാനം കേരളത്തിനും (38.98 ശതമാനം).

2022-ൽ വ്യാവസായിക മേഖലയും കാർഷിക മേഖലയും രാജ്യത്തെ ജി.ഡി.പി.വളർച്ചക്ക് യഥാക്രമം നൽകിയ സംഭാവന യഥാക്രമം 18 ശതമാനവും 14 ശതമാനവും മാത്രമായിരുന്നു. എന്നാൽ സേവന മേഖല വളർച്ചയുടെ ചാലക ശക്തിയായി ഉയർന്ന് വന്നു. അത് രാജ്യത്തെ ജി.ഡി.പിക്ക് 55 ശതമാനം സംഭാവന നൽകി. ഐ.ടി., ഐ.ടി.അധിഷ്ഠിത സേവന മേഖലകളാണ് ഈ വളർച്ചക്ക് സഹായകമായത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കാർഷിക മേഖലയുടെ പങ്ക് 2000-ത്തിൽ 60 ശതമാനം വരെയുണ്ടായിരുന്നു. അത് 2019 ആയപ്പോൾ 42 ശതമാനമായി കുറഞ്ഞു. കാർഷികേതര മേഖലകളിൽ കൃഷിയിൽ നിന്ന് ബഹിഷ്കൃതരായ തൊഴിലാളികളെ ഉൾക്കൊള്ളാൻ വേണ്ടത്ര വളർച്ച ഉണ്ടായതുമില്ല.2019-ന് ശേഷം അനൗപചാരിക മേഖലയിൽ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം 90 ശതമാനത്തിന് മുകളിലെത്തി. സേവനമേഖലയിലെ കരാർവൽക്കരണവും ഈ വർദ്ധനവിന് ഒരു കാരണമാണ്. എങ്കിലും ഈ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ലഭ്യമല്ല എന്ന ഒരു പോരായ്മ നിലനിൽക്കുന്നു

ലിംഗാസമത്വങ്ങൾ കാരണം സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം കുറയുന്നു. സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം 2000-ത്തിൽ 8.3 ശതമാനമായിരുന്നത് 2019 ആയപ്പോഴേക്കും 2.8 ശതമാനമായി കുറഞ്ഞു. കോവിഡ് പകർച്ച വ്യാധിക്ക് ശേഷം അത് വീണ്ടും 6.3 ശതമായമായി വർദ്ധിച്ചുവെങ്കിലും തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം താത്ക്കാലിക സ്വഭാവമുള്ളതാണെന്ന് കാണാം.2022-ൽ തൊഴിലാളികളിൽ ലിംഗപരമായ അസമത്വം പ്രകടമായിരുന്നു. സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ അനുപാതം (62 ശതമാനം) പുരുഷന്മാരേക്കാൾ (53 ശതമാനം) കൂടുതലായിരുന്നു. അതേസമയം സ്ഥിരം തൊഴിൽ മേഖലകളിൽ പുരുഷന്മാർ ആധിപത്യം തുടർന്നു.


ഗ്രാമ പ്രദേശങ്ങളിൽ സ്ത്രീകൾ 67.7 ശതമാനവും നഗരങ്ങളിൽ 39.3 ശതമാനവും സ്വയം തൊഴിലിലിൽ ഏർപ്പെട്ടിരുന്നു. എന്നാൽ നഗരങ്ങ

ളിൽ പുരുഷന്മാർ 46.2 ശതമാനവും ഗ്രാമങ്ങളിൽ 14.7 ശതമാനവും മാത്രമേ സ്വയം തൊഴിലിൽ ഏർപ്പെടുന്നുള്ളൂ. സ്ഥിരമായി തൊഴിലെടുക്കുന്ന സ്ത്രീകൾ 2000-ത്തിൽ 7.4 ശതമാനമായിരുന്നത് 2019-ൽ മൂന്നിരട്ടി കണ്ട് വർദ്ധിച്ച് 21.9 ശതമാനമായി. എന്നാൽ 2022 ആയപ്പോഴേക്കും അത് 6 ശതമാനം കുറഞ്ഞ് 16.6 ശതമാനമായി മാറി.

വിവിധ സർക്കാർ പദ്ധതികളും നയങ്ങളും പരിഗണനകളും ഉണ്ടായിട്ടും സാമൂഹികാസമത്വങ്ങൾ കാരണം പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ജോലി ലഭിക്കാൻ തടസ്സങ്ങൾ നേരിടുന്നുണ്ട്.2012-ൽ ഗ്രാമീണ ഇൻഡ്യയിലെ കാർഷികേതര മേഖലകളിൽ സ്വയം തൊഴിൽ ചെയ്യുന്നവർ 19.3 ശതമാനമായിരുന്നുവെങ്കിൽ 2022-ൽ അവരുടെ എണ്ണം 13.2 ശതമാനമായി കുറഞ്ഞു. കാർഷിക മേഖലയിൽ സ്വയം തൊഴിലെടുക്കുന്നവർ 2012-ൽ 16.8 ആയിരുന്നത് 2022-ൽ 11.9 ശതമാനമായി കുറഞ്ഞു.നഗര പ്രദേശങ്ങളിൽ സ്വയം തൊഴിൽ ചെയ്യുന്നവർ 15.3 ശതമാനമായിരുന്നു. 2022-ൽ അത് 10 ശതമാനമായി കുറഞ്ഞു. സ്ഥിരം തൊഴിലാളികളുടെ അനുപാതത്തിലും കുറവുണ്ടായി. അത് 7.4 ശതമാനത്തിൽ നിന്നും 5.7 ശതമാനമായി കുറഞ്ഞു. ദിവസവേതനക്കാരുടെ എണ്ണം 33 ശതമാനത്തിൽ നിന്ന് 20.8 ശതമാനമായും കുറഞ്ഞു.

ഐ.എൽ.ഒയുടെ കണക്കനുസ്സരിച്ച് സ്വയം തൊഴിൽ ചെയ്യുന്നവരുടേയും കാഷ്വൽ തൊഴിലാളികളുടേയും ശരാശരി വരുമാനം മാസ ശമ്പളക്കാരായ തൊഴിലാളികളുടെ ശരാശരി വരുമാനത്തേക്കാൽ കുറവാണ്. 2022-ൽ സ്ഥിരം തൊഴിലാളികൾക്ക് ശരാശരി 19010 രൂപയും കാഷ്വൽ തൊഴിലാളികൾക്ക് ശരാശരി 8267 രൂപയും പ്രതിമാസം വേതനമായി ലഭിച്ചു. സ്വയം തൊഴിൽ ചെയ്യുന്നവർക്ക് 11973 രൂപയാണ് ലഭിച്ച ശരാശരി വരുമാനം. രൂക്ഷമായ വിലക്കയറ്റത്തിനും പണപ്പെരുപ്പത്തിനുമനുസ്സരിച്ച് വേതന വർദ്ധനവുണ്ടായിട്ടില്ല. ഏറ്റവും കുറവ് കൂലി ലഭിക്കുന്ന അവിദഗ്ദ്ധ തൊഴിലാളിക്ക് 2012-ൽ ശരാശരി 2546 രൂപയായിരുന്നു വരുമാനം. ഇത് 2022 ആയപ്പോൾ 3095 രൂപയായേ വർദ്ധിച്ചുള്ളു. അതായത് ഒരു ദിവസത്തെ ശരാശരി വരുമാനം കേവലം 103 രൂപ മാത്രം. ഇൻഡ്യയിൽ പുതുതായി നിശ്ചയിച്ച 'തറക്കൂലി'യായ 178 രൂപ പോലും ഒരു തൊഴിലാളിക്ക് ലഭിക്കുന്നില്ല എന്നർത്ഥം.

സ്ഥിരം തൊഴിലാളികളുടെ വേതനം 2019-ന് ശേഷം വർദ്ധിച്ചിട്ടേയില്ലന്ന് മാത്രമല്ല കുറയുകയും ചെയ്തു. 2012-ൽ ഏറ്റവും കൂടുതൽ കൂലി ലഭിച്ചിരുന്ന ഒരു സ്ഥിരം തൊഴിലാളിക്ക് പ്രതിമാസം 31094 രൂപ വേതനമുണ്ടായിരുന്നുവെങ്കിൽ 2022 ആയപ്പോൾ അത് ശരാശരി 26890 ആയി കുറയുകയാണുണ്ടായത്.2022-ൽ ഏറ്റവും കൂടുതൽ വേതനം ലഭിച്ചത് ഡൽഹി സംസ്ഥാനത്തെ തൊഴിലാളികൾക്കാണ്. പ്രതിമാസം ശരാശരി 14115 രൂപ. തൊഴിലാളികൾക്ക് ശരാശരി 13761 രൂപ വേതനം നൽകിയ കേരളം രണ്ടാം സ്ഥാനത്താണ്. എന്നാൽ പുരുഷ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ വേതനം നൽകിയ സംസ്ഥാനം കേരളമായിരുന്നു. പ്രതിമാസം ശരാശരി 14427 രൂപ.



രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാനും തൊഴിൽ രംഗം മെച്ചപ്പെടുത്തുവാനുമുള്ള ചില നിർദ്ദേശങ്ങളും ഐ.എൽ.ഒ. മുന്നോട്ട് വക്കുന്നുണ്ട്. അതിലേറ്റവും പ്രധാനം അദ്ധ്വാന ശക്തിക്കനുസൃതമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നത് തന്നെയാണ്. തൊഴിൽ നിലവാരം മെച്ചപ്പെടുത്തുക, തൊഴിൽ കമ്പോളത്തിലെ അസമത്വം പരിഹരിക്കുക, തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുക, ക്രമരഹിത വേതന വ്യവസ്ഥകളും തൊഴിൽ രംഗത്തെ അനിശ്ചിതത്വവും ഒഴിവാക്കുക, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരഭങ്ങൾക്ക് പ്രോത്സാഹനം നൽകുക, നിർമ്മിത ബുദ്ധിയും യന്ത്രവൽക്കരണവും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ തയ്യാറെടുക്കുക, ഡിജിറ്റൽ, പരിചരണം തുടങ്ങിയ സമ്പദ്വ്യവസ്ഥയിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്തുക എന്നിവയാണ് മറ്റ് ചില പ്രധാന നിർദ്ദേശങ്ങൾ.

"ബിസിനസ്സ് ചെയ്യുന്നത് സർക്കാരിന്റെ ബിസിനസ്സല്ല" എന്ന മോദി സർക്കാരിന്റെ നിലപാടിനൊപ്പം ചേർത്ത് വായിക്കാവുന്ന ഒന്നാണ് ഈ റിപ്പോർട്ട് പ്രകാശനം ചെയ്ത് കൊണ്ട് സർക്കാരിന്റെ മുഖ്യ സാമ്പത്തിക കാര്യ ഉപദേഷ്ടാവ് വി.അനന്ത നാഗേശ്വരൻ നടത്തിയ പ്രസ്താവന. "തൊഴിലില്ലായ്മ പോലുള്ള എല്ലാ സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കാൻ സർക്കാരിന് കഴിയില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ ആ പ്രസ്താവന. ഇത്തരമൊരു മനോഭാവം വച്ചു പുലർത്തുന്ന മോദി സർക്കാർ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഐ.എൽ.ഒ. മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ നടപ്പാക്കുമെന്ന് കരുതുന്നത് മൗഢ്യമായിരിക്കും.

# വ്യാജം വിളമ്പുന്ന പ്രധാനമന്ത്രിയും യാഥാർത്ഥ്യവും

ഇൻഡ്യയിലെ മുസ്ലിങ്ങൾ നുഴഞ്ഞുകയറ്റക്കാരാണെന്നും അവർ ധാരാളം സന്താനങ്ങൾക്ക് ജന്മം നൽകുന്നവരാണെന്നുമുള്ള ഹീനവും ജുഗുപ്സാവഹവുമായ പരാമർശങ്ങൾ നടത്തിക്കൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജസ്ഥാനിലെ ബെൻസ്വാരയിൽ പ്രസംഗിച്ചത് വ്യാപകമായ പ്രതിഷേധങ്ങൾക്കിടയാക്കിയിരിക്കുകയാണല്ലോ. 'ഇൻഡ്യ' സഖ്യം അധികാരത്തിലേറിയാൽ മുസ്ലിമുകൾക്ക് സമ്പത്ത് നൽകാൻ രാജ്യത്തെ അമ്മമാരുടേയും സഹോദരിമാരുടേയും 'മംഗല്യസൂത്രം' ഉൾപ്പെടെയുള്ള വസ്തുക്കൾ തട്ടിയെടുക്കുമെന്നും അദ്ദേഹം ആരോപിക്കുന്നു. രാജ്യത്തെ സമ്പത്തിന്റെ ആദ്യ അവകാശികൾ മുസ്ലിങ്ങളാണ് എന്ന് മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ 2006-ലെ ഒരു പ്രസംഗം ഉദ്ധരിച്ചു കൊണ്ട് നരേന്ദ്ര മോദി പറഞ്ഞു. ഇതുവരെ ഒരു പ്രധാനമന്ത്രിയുടെ നാവിൽ നിന്നും വരാത്ത വിധത്തിലുള്ള മോദിയുടെ ഈ വിദ്വേഷ പ്രസംഗം ബി.ജെ.പി. അദ്ധ്യക്ഷനോട് വിശദീകരണം ആവശ്യപ്പെടാൻ വരെ തെരഞ്ഞെടുപ്പ് കമ്മീഷനെ നിർബന്ധിതമാക്കിയിരിക്കുകയാണ് (പ്രധാനമന്ത്രിയോട് വിശദീകരണം ചോദിക്കുവാൻ തെരഞ്ഞെടുപ്പ് കമ്മീഷന് ധൈര്യമില്ലല്ലോ).

**മുസ്ലിങ്ങൾ ധാരാളം സന്താനങ്ങൾക്ക് ജന്മം നൽകുന്നുണ്ടോ ?**

എന്തായാലും ഇൻഡ്യയിലെ മുസ്ളിങ്ങൾ ധാരാളം സന്താനങ്ങൾക്ക് ജന്മം നൽകുന്നുവരാണെന്നുള്ള മോദിയുടെ ഈ പ്രസ്താവന വാസ്തവമാണോ എന്നറിയാൻ രാജ്യത്തെ പല മാദ്ധ്യമങ്ങളും തയ്യാറായി. അവരുടെ പരിശോധനയിൽ തെളിഞ്ഞത് മോദിയുടെ ഈ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നായിരുന്നു.

ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രസിദ്ധീകരിച്ച കണക്കുകൾ സൂചിപ്പിക്കുന്നത് മുസ്ലിം സമുദായത്തിലെ സ്ത്രീകളുടെ പ്രത്യുൽപ്പാദന ശേഷി നിരക്ക് മറ്റ് മതങ്ങളിലെ സ്ത്രീകളുടേതിനോടൊപ്പം കുറഞ്ഞു വരുന്നതായാണ്. കഴിഞ്ഞ അഞ്ച് സർവ്വേകളുടെ ഫലം പട്ടിക 1-ൽ കാണുക.

**പട്ടിക-1**

| മതം | ദേശീയ കുടുംബാരോഗ്യ സർവ്വേ | | | |
|---|---|---|---|---|
| | 1998-99 | 2005-06 | 2015-16 | 2019-21 |
| ഹിന്ദു | 2.78 | 2.59 | 2.13 | 1.94 |
| മുസ്ളിം | 3.59 | 3.40 | 2.62 | 2.36 |
| ക്രിസ്ത്യൻ | 2.44 | 2.34 | 1.99 | 1.88 |
| സിഖ് | 2.26 | 1.95 | 1.58 | 1.61 |
| ബുദ്ധ | 2.13 | 2.25 | 1.74 | 1.39 |
| ജയിൻ | 1.90 | 1.54 | 1.20 | 1.60 |
| **മുസ്ലിം (-) ഹിന്ദു** | **0.81** | **0.81** | **0.49** | **0.42** |

മുസ്ലിം സമുദായത്തിലെ സ്ത്രീകളുടെ പ്രത്യുൽപ്പാദന ശേഷി നിരക്കും മറ്റ് മത വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രത്യുൽപ്പാദന ശേഷി നിരക്കും ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു വരുന്നതായി കാണാം. 2019-21-ൽ മുസ്ളിം സമുദായത്തിലെ സ്ത്രീകളുടെ പ്രത്യുൽപ്പാദന ശേഷി നിരക്ക് 2.36 ആയിരുന്നു. ഇത് "റീപ്ലേസ്മെന്റ് ലവൽ" ആയ 2.1നോട് വളരെ അടുത്ത് നിൽക്കുന്നു. (ജനസംഖ്യ അതേപടി നിലനിർത്താൻ ജനിക്കേണ്ട ശിശുക്കളുടെ എണ്ണമാണ് "റീപ്ലേസ്മെന്റ് ലവൽ"). ഹിന്ദു-മുസ്ലിം വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ പ്രത്യുൽപ്പാദന ശേഷി നിരക്കുകൾ തമ്മിലുള്ള അന്തരം 0.81-ൽ നിന്നും 0.42 ആയി കുത്തനെ കുറഞ്ഞതായും കാണാവുന്നതാണ്.

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഉത്തർപ്രദേശ്, ബീഹാർ, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ഈ പ്രവണത പ്രകടമാണ് (പട്ടിക - 2)

## പട്ടിക-2

| സംസ്ഥാനം | 2005-06 | | 2019-21 | |
|---|---|---|---|---|
| | ഹിന്ദു | മുസ്ലിം | ഹിന്ദു | മുസ്ലിം |
| ഉത്തർ പ്രദേശ് | 3.73 | 4.33 | 2.29 | 2.66 |
| ബീഹാർ | 3.86 | 4.81 | 2.88 | 3.63 |
| മഹാരാഷ്ട്ര | 2.00 | 2.85 | 1.69 | 2.06 |
| പശ്ചിമ ബംഗാൾ | 1.93 | 3.15 | 1.47 | 2.03 |
| മദ്ധ്യ പ്രദേശ് | 3.16 | 3.06 | 1.97 | 2.40 |

**2006-ൽ. ഡോ. മൻമോഹൻ സിംഗ് എന്താണ് പറഞ്ഞത് ?**

ഇനി രാജ്യത്തെ സമ്പത്തിന്റെ ആദ്യ അവകാശികൾ മുസ്ളിങ്ങളാണ് എന്ന് മുൻ പ്രധാനമന്ത്രി 2006 ഡിസംബറിൽ പറഞ്ഞുവെന്ന മോദിയുടെ പ്രസ്താവനയുടെ നിജസ്ഥിതി പരിശോധിക്കാം. 2006 ഡിസംബർ 9-ന് ചേർന്ന ദേശീയ വികസന കൗൺസിൽ യോഗത്തിൽ അന്നത്തെ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ് പറഞ്ഞത് ഇപ്രകാരമായിരുന്നു.

"നമ്മുടെ മുൻഗണനകൾ വ്യക്തമാണ്. പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക് വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ഉന്നമനത്തിനായ പദ്ധതികൾക്കൊപ്പം കൃഷി, ജലസേചനം, ആരോഗ്യം, വിദ്യാഭ്യാസം, ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ പൊതു നിക്ഷേപം ആവശ്യമുണ്ട്. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള പദ്ധതികൾ പുനഃരുജ്ജീവിപ്പിക്കേണ്ടതുണ്ട്. ന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് മുസ്ലിം ന്യൂന പക്ഷങ്ങൾക്ക്, വികസന ഫലങ്ങളുടെ പങ്ക് തുല്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനും നൂതന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. നമ്മുടെ വിഭവങ്ങൾക്ക് മേലുള്ള ആദ്യ അവകാശം അവർക്കായിരിക്കണം. നമ്മുടെ ലഭ്യമായ വിഭവ സ്രോതസ്സുകൾക്കുള്ളിൽ നിന്നു കൊണ്ട് ഈ ആവശ്യങ്ങളെല്ലാം നിറവേറ്റപ്പെടുന്നുവെന്ന് നാം ഉറപ്പാക്കണം".

അദ്ദേഹത്തിന്റെ ഈ പ്രസംഗത്തിലെ "നമ്മുടെ വിഭവങ്ങൾക്ക് മേലുള്ള ആദ്യ അവകാശം അവർക്കായിരിക്കണം" എന്ന ഭാഗം വളച്ചൊടിച്ച് "അവർ" എന്നാൽ മുസ്ളിങ്ങളാണെന്ന് അന്ന് തന്നെ ആരോപണമുയർത്തി വിവാദം സൃഷ്ടിച്ചിരുന്നു. എന്നാൽ "വിഭവങ്ങളിൻമേൽ തുല്യ അവകാശം മുസ്ളിങ്ങൾക്ക് മാത്രമല്ല പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ"യാണെന്ന് വ്യക്തമാക്കിക്കൊണ്ട് തൊട്ടടുത്ത ദിവസം തന്നെ പ്രധാനമന്ത്രിയുടെ ഓഫീസ് വിശദീകരണ പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

വസ്തുതകൾ ഇതായിരിക്കേ രാഷ്ട്രീയമായ മുതലെടുപ്പിന് വേണ്ടിയാണ് 18 വർഷങ്ങൾക്ക് മുമ്പുള്ള ഒരു പ്രസംഗം ഇപ്പോൾ കുത്തിപ്പൊക്കി വളച്ചൊടിച്ച് വീണ്ടും വിവാദം സൃഷ്ടിച്ചതെന്ന് വ്യക്തം. ഡോ.മൻമോഹൻ സിംഗ് ഈ പരാമർശങ്ങൾ അന്ന് നടത്തിയപ്പോൾ മുസ്ളങ്ങൾ മറ്റ് മത വിഭാഗങ്ങളേക്കാൾ വളരെ പിന്നിലാണെന്ന് സർക്കാരിന്റെ തന്നെ രേഖകൾ തെളിയിക്കുന്നു. ദുർബ്ബലവിഭാഗങ്ങളെക്കുറിച്ചും ന്യൂനപക്ഷങ്ങളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ആശങ്കകൾ ശരിയായിരുന്നുവെന്ന് അവ നമുക്ക് കാട്ടിത്തരുന്നു.

2005-06 കാലത്ത് സ്കൂളിൽ പോകാത്ത മുസ്ളിംകളുടെ എണ്ണം മറ്റ് മത വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായിരുന്നു. 2019-21 കാലത്തും സ്കൂളിൽ പോകാത്തവരിൽ ഏറ്റവും കൂടുതൽ മുസ്ളിംകളായിരുന്നുവെങ്കിലും മറ്റ് മത വിഭാങ്ങളുമായുള്ള അന്തരം കുറഞ്ഞതായി കാണാം. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കിയ മുസ്ളിംകളുടെ എണ്ണവും മറ്റ് മത വിഭാഗങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു. 2019-21 ആയപ്പോഴും ആ സ്ഥിതിക്ക് വലിയ മാറ്റമൊന്നുമുണ്ടായിട്ടില്ല. (പട്ടിക - 3 കാണുക)

## പട്ടിക-3

| മതം | സ്ത്രീകൾ | | | | പുരുഷന്മാർ | | | |
|---|---|---|---|---|---|---|---|---|
| | വിദ്യാഭ്യാസമില്ലാത്തവർ | | ഹയർ സെക്കറി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ | | വിദ്യാഭ്യാസമില്ലാത്തവർ | | ഹയർ സെക്കറി വിദ്യാഭ്യാസം പൂർത്തിയാക്കിയവർ | |
| | 2005-06 | 2019-21 | 2005-06 | 2019-21 | 2005-06 | 2019-21 | 2005-06 | 2019-21 |
| ഹിന്ദു | 40.5 | 28.5 | 12.2 | 17.1 | 17.1 | 12.9 | 20.7 | 23.8 |
| മുസ്ലിം | 47.9 | 29.1 | 06.6 | 11.4 | 26.3 | 17.9 | 11.7 | 14.6 |
| ക്രിസ്ത്യൻ | 19.7 | 17.9 | 23.5 | 23.9 | 11.7 | 11.2 | 22.7 | 24.8 |
| സിഖ് | 24.7 | 23.2 | 19.8 | 23.4 | 14.0 | 14.2 | 20.3 | 25.8 |
| ബുദ്ധ | 28.2 | 22.7 | 09.7 | 18.5 | 09.5 | 08.4 | 19.3 | 26.0 |
| ജയിൻ | 01.6 | 04.8 | 52.1 | 43.4 | 00.4 | 02.3 | 62.4 | 51.5 |

ആരോഗ്യ രംഗത്തെ നില പരിശോധിച്ചാൽ ഹിന്ദുക്കളിൽ നവജാത ശിശു മരണനിരക്ക് മുസ്ളിംകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. 1998-99-ൽ നഗര പ്രദേശങ്ങളിലെ ഹിന്ദുക്കൾക്കിടയിൽ ആ നിരക്ക് 36.6 ആയിരുന്നു വെങ്കിൽ മുസ്ലിങ്ങൾക്കിടയിൽ അത് 25.9 ആയിരുന്നു. 2019-21 ആയപ്പോഴേക്കും അത് യഥാക്രമം 18.4 ആയും 18.7 ആയും കുറഞ്ഞു. ഗ്രാമപ്രദേശങ്ങളിലാകട്ടെ ഹിന്ദുക്കൾക്കിടയിലെ നവജാത ശിശു മരണനിരക്ക് 1998-99 കാലത്ത് 53.8 ആയിരുന്നുവെങ്കിൽ മുസ്ലിങ്ങൾക്കിടയിൽ അത് 43.6 ആയിരുന്നു. 2019-21 ആയപ്പോൾ അത് യഥാക്രമം 27.9-ഉം 25.9-ഉം ആയി കുറഞ്ഞു (പട്ടിക-4).

**പട്ടിക-4**

| മതം | നവജാത ശിശുക്കളുടെ മരണ നിരക്ക് | | | | | |
|---|---|---|---|---|---|---|
| | നഗര പ്രദേശം | | | ഗ്രാമ പ്രദേശം | | |
| | 1998-99 | 2005-06 | 2019-21 | 1998-99 | 2005-06 | 2019-21 |
| ഹിന്ദു | 36.6 | 30.9 | 18.4 | 53.8 | 43.3 | 27.9 |
| മുസ്ലിം | 29.9 | 21.6 | 18.7 | 43.6 | 40.1 | 25.9 |

അഞ്ചു വയസിന് താഴെയുള്ള കുട്ടികളുടെ മരണ നിരക്കിലും ഈ പ്രവണത ദൃശ്യമാണ് (പട്ടിക-5).

**പട്ടിക-5**

| മതം | 5 വയസിന് താഴെയുള്ള കുട്ടികളുടെ മരണ നിരക്ക് | | | | | |
|---|---|---|---|---|---|---|
| | നഗര പ്രദേശം | | | ഗ്രാമ പ്രദേശം | | |
| | 1998-99 | 2005-06 | 2019-21 | 1998-99 | 2005-06 | 2019-21 |
| ഹിന്ദു | 69.6 | 54.7 | 31.7 | 116.2 | 82.5 | 46.6 |
| മുസ്ലിം | 57.9 | 44.8 | 32.8 | 94.1 | 82.2 | 42.9 |

മുസ്ളിം വിരുദ്ധതയും ശുദ്ധ നുണകളും കുത്തി നിറച്ച വിദ്വേഷ പ്രസംഗങ്ങൾ അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും അഭംഗുരം തുടരുകയാണ്.


AITUC

# എഐറ്റിയുസി

## സംസ്ഥാന വർക്കിംഗ് കമ്മിറ്റി യോഗം

## 2024 മെയ് 23, 24

## മൂന്നാർ

# മേയ് ദിന റാലി

## വിവിധ ജില്ലകളിലെ ദൃശ്യങ്ങൾ






















**TRADE UNION** Monthly
Vol 47 No. 04
Date of Publication 25th April 2024

Registered with Registrar of Newspaper in India Under No. RNI 27301/74
Postal Reg. No. KL/TV(N)/624/2019-21
Price Annual Rs. 200/-. Single Copy Rs. 20/-

**ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ സംഘടിപ്പിച്ച ലേബർ പാർലമെന്റ് എ.ഐ.ടി.യു.സി. ജനറൽ സെക്രട്ടറി സ. അമർജിത് കൗർ ഉദ്ഘാടനം ചെയ്യുന്നു.**








Published by K.P. Rajendran on behalf of AITUC Kerala State Council, P.S. Smarakam, Vrindavan Garden, Pattom Palace PO, Thiruvananthapuram 4
Printed at Janayugam Press, Janayugam Publication Ltd., Kadappakada, Kollam